Reg. M. No. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 ഇടവം 4—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1955 മെയ് 18 | ലക്കം 38

## "നസ്രസ്സ്" ലോകത്തിനു നൽകുന്ന മഹാപാഠങ്ങൾ *

(വക്കീൽ സിറിയക്ക് കണ്ടത്തിൽ)

പ്രാചീനകാലങ്ങളിൽ മനുഷ്യൻ ഈലോകജീവിതത്തെപ്പററി വളരെ പരിമിതമായും പാരത്രികജീവിതത്തെപ്പററി അപാരമായും ചിന്തിച്ചിരുന്നു. എന്നാൽ ആധുനികകാലത്തു മതം, സന്മാർഗ്ഗം എന്നീ വിഷയങ്ങളിൽ നിന്നു മനുഷ്യൻെറ ചിന്ത മാറി സർവ്വപ്രധാനമായി രാഷ്ട്രീയവും സാമ്പത്തികവുമായ വിഷയങ്ങളിൽ അതു കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണു്. ആകാശത്തിലേക്കുള്ള ആകർഷണം കുറഞ്ഞും ഭൂമിയിലേക്കുള്ള ആകർഷണം കൂടിക്കൂടിയും വരുകയാണു്. ചുരുക്കത്തിൽ ആദ്ധ്യാത്മികചിന്ത മാറി, അധികാരം, സമ്പത്തു് എന്നീ ദ്വിമുഖങ്ങളിലായി അതു വ്യാപരിക്കുന്നു. ആധുനികമനുഷ്യൻ അവൻെറ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തിൽനിന്നും അകന്നകന്നുപോകുകയാണു്. ആദ്ധ്യാത്മികമൂല്യങ്ങളിൽ യുഗങ്ങളായിട്ടു് അടിയുറച്ചിരുന്ന വേരുകൾ പിഴുതുകളയപ്പെട്ടിരിക്കുകയാണു് ഇന്നു്. ആജ്ഞാപിക്കുന്നതിൽ അവൻെറ മനസ്സിൻെറ അഹന്തയും ആനന്ദിക്കുന്നതിൽ ശരീരത്തിൻെറ അഹന്തയും മുഴുകിപ്പോയി. അതുകൊണ്ടു് ഇക്കാലത്തു മനുഷ്യൻെറ യോഗ്യതയും പ്രാപ്തിയും എണ്ണപ്പെടുന്നതു് അവൻെറ പ്രതാപം, സമ്പത്തു്, സ്വാധീനശക്തി ഇവയെ അടിസ്ഥാനമാക്കിയാണു്.

എന്നാൽ ഇന്നത്തെ ഈ ആദർശങ്ങൾക്കു വിരുദ്ധമായി രണ്ടു വൻശക്തികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിൽ ഒന്നു് അരാജകത്വവും മറേറതു ബോൾഷെവിസവുമാകുന്നു. അരാജകത്വത്തിൻെറ നിലപാടു് സകല അധികാരങ്ങളും അനാവശ്യമാകയാൽ സകല ഗവമ്മെൻറുകളേയും ചവുട്ടിമറിച്ചിടണമെന്നാണു്. സകല സമ്പത്തും പുരോഗതിക്കു വിലങ്ങുതടിയായി നില്ക്കുന്നെന്നും അതുകൊണ്ടു് സകല സ്വകായ്യസ്വത്തുക്കളേയും കണ്ടുകെട്ടി അവയെ സമൂലം രാഷ്ട്രത്തിൻെറ കുത്തകയാക്കണമെന്നു് ബോൾഷെവിസവും വാദിക്കുന്നു.

ഇവ രണ്ടും അമിതവാദങ്ങളാണെന്നു സമ്മതിച്ചേതീരൂ. കാരണം ഒന്നു അധികാരത്തേയും സമ്പത്തിനേയും ക്രമാതീതമായി മഹത്വപ്പെടുത്തുന്നതിനും മറേറതു ഇവ രണ്ടിനേയും നിഷിദ്ധമാക്കുന്നതിനും വെമ്പൽകൊള്ളുന്നു. എന്നാൽ ഇവയ്ക്കു രണ്ടിനുംമദ്ധ്യേ ഒരു മിതവാദി ആവശ്യമാണു്. യഥാർത്ഥ സത്യാന്വേഷകനു് ഇവയ്ക്കു ശരിയായ ഒരു പ്രതിവിധി കണ്ടെത്താതെ കഴിയുകയില്ല. അവൻെറ ചിന്താവീഥിയിൽ ഈ പ്രശ്നങ്ങൾ നിരന്നുകഴിയുന്നു: "അധികാരവും സമ്പത്തും പരിച്ഛേദം നിഷിദ്ധമാണോ? സകല അധികാരങ്ങളേയും നശിപ്പിക്കണമെന്നു പറയുന്ന അരാജകത്വവാദിയുടെ നില ശരിയാണോ? സകല സമ്പത്തും നശിപ്പിക്കണമെന്നു പറയുന്ന കമ്മ്യൂണിസ്റ്റുകാരൻെറ വാദം സ്വീകാര്യമാണോ?

ഈ ആദർശങ്ങളുടെ കഴമ്പുകളെ അളക്കുവാൻ ഒരേയൊരു മുഴക്കോൽ മാത്രമേയുള്ളു. അതു് ആ അനന്തനന്മസ്വരൂപൻെറ ജീവിതവും സിദ്ധാന്തങ്ങളുമത്രെ. കാലം അതിൻെറ രംഗങ്ങളെ മാററിമാററി അവതരിപ്പിക്കുന്നതനുസരിച്ചു് നസ്രസുമുതൽ ന്യൂയോർക്കുവരേയും ജനിസറത്തുമുതൽ തേംസ് വരേയും ആധുനികലോകരംഗത്തെ അവിടുത്തെ ജീവിതവും ധർമ്മസംഹിതയും സജീവവും ഉജ്ജ്വലത്തുമാക്കിക്കൊണ്ടിരിക്കുന്നു. നസ്രസിലെ അജ്ഞാതവാസിയുടെ



ഈശോയുടെ സ്വർഗ്ഗാരോഹണം

"ഇതാ, എൻെറ പിതാവിനാൽ വാഗ്ദാനം ചെയ്യപ്പെട്ട വരം നിങ്ങളുടെമേൽ ഞാൻ അയക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നിങ്ങൾ നഗരത്തിൽ താമസിക്കുവിൻ. പിന്നീടു് അവിടുന്നു അവരെ ബഥാന്യായിലേക്കു കൊണ്ടുപോയി, കരങ്ങൾ ഉയർത്തി അവരെ അനുഗ്രഹിച്ചു. അവിടുന്നു അവരെ അനുഗ്രഹിക്കുകയിൽത്തന്നെ, അവരെ വിട്ടു സ്വർഗ്ഗത്തിലേക്കു കരേറി."
(വിശുദ്ധ ലൂക്കാ 24:49-51)

ജീവിതത്തിൽ അന്തർഭവിച്ചിരിക്കുന്നു ഈ പ്രശ്നങ്ങൾക്കുള്ള ശാശ്വതമായ ഉത്തരം. അധികാരവും സമ്പത്തും ന്യായമായി അഭിലഷിക്കപ്പെടാവുന്നവ തന്നെ. എന്നാൽ ഒരു കാര്യത്തിൽ നമ്മുടെ ദിവ്യനാഥൻെറ ആദർശം ആധുനികലോകത്തിൽനിന്നു വ്യത്യസ്തമാണെന്നു പറയാതെ തരമില്ല. ആദ്യം അനുസരിക്കുവാൻ ശീലിക്കാതെ ആജ്ഞാപിക്കുവാൻ ആർക്കും അവകാശമില്ല. മനസാ ദരിദ്രനായിരിക്കുവാൻ ശീലിക്കാത്ത ഒരുവനു സമ്പന്നനായിരിക്കുവാനും അവകാശമില്ല. ഇവയാണു് നസ്രത്തിലെ അജ്ഞാതപുരുഷൻെറ വിനീതജീവിതം ലോകത്തിനു നൽകുന്ന രണ്ടു മഹാ പാഠങ്ങൾ. ഒന്നാമതായി അവിടുന്നു സ്വരക്ഷിതാക്കൾക്കു കീഴ്വഴങ്ങി ജീവിച്ചു. രണ്ടാമതായി അവിടുന്നു ദരിദ്രനായ ഒരു ഗ്രാമീണതക്ഷൻെറ ജീവിതം കൈവരിച്ചു.

ആദ്യമായി അധികാരത്തെപ്പററി ഒരുവാക്കു്. ചില ക്രൈസ്തവവിരോധികൾ ചൂണ്ടിക്കാണിക്കുന്നതുപോലെ നസ്രസ് ദാസ്യത്തിൻേറയും അനുസരണയുടേയും മനോഹരമായ ഒരു കല്പിതകഥയല്ല. ക്രിസ്തു, ദിവ്യശക്തികളില്ലാത്ത കേവലം ഒരു മനുഷ്യക്കുഞ്ഞായിരുന്നെങ്കിൽ ആശാരിയുടെ പണിപ്പുര അധികാരമൊക്കെ നിഷിദ്ധമാക്കുന്ന ഒരു പാഠമായിരിക്കും ആവിഷ്കരിക്കുന്നതു്. അനുസരണ, നസ്രസു നൽകുന്ന ഗുണപാഠത്തിൻെറ പകുതിമാത്രമേ ആകുന്നുള്ളു. നമ്മുടെ ദിവ്യനാഥൻ അനുസരണയുള്ളവനായിരുന്നു; അവിടുന്നു ദാസനായിരുന്നു; അവിടുന്നു കീഴ്പ്പെട്ടിരുന്നു. ശരി. എന്നാൽ അവിടുന്നു ഇതിനെക്കാളൊക്കെ എത്രയോ മഹത്വമുള്ളവനായിരുന്നു. ഒരു മഹാ അധികാരിയായിരുന്ന അവിടുന്നു അനുസരണയുള്ളവനായിത്തീന്നതാണു്. അതുല്യനായ ഒരു യജമാനൻ ദാസനായിത്തീന്നു. അവിടുന്നു് ശുശ്രൂഷ സ്വീകരിക്കുവാനല്ല, പ്രത്യുത ശുശ്രൂഷിക്കുവാൻവന്ന ഒരു അതിനാഥനാണു്. മാനുഷികവംശാവലി നോക്കുമ്പോൾ എബ്രാഹം മുതൽ പുറകോട്ടു നാല്പത്തിരണ്ടു തലമുറകൾ കടന്നാണു അവിടുന്നു അധികാരത്തിൽ വരുന്നതു്. ദൈവികമായി നോക്കുമ്പോൾ അവിടുത്തെ അധികാരം അനന്തകാലം മുതൽ നിത്യപിതാവിൽ നിന്നു സംസിദ്ധമായിട്ടുള്ളതുമാണു്. ജനനത്തിങ്കൽതന്നെ അവിടുത്തെ അധികാരശക്തിയെ വാനാരൂപികൾ കർണ്ണപീയൂഷമായ ഗാനാലാപത്താൽ അഭിവാദ്യം ചെയ്തു. സ്വർഗ്ഗീയപിതാവിൻെറ ദൌത്യനിർവ്വഹണത്തിനായി പിറന്ന പുത്രൻെറ നിസ്തുലശക്തിയെപ്പററി പ്രതിപാദിച്ചപ്പോൾ

(ശേഷം 3-ാംപേജിൽ)

* അവലംബം മോൺ: ഫുൾട്ടൻ ഷീൻ.

ചെറുകഥ

# മനസ്സമ്മതം

[വർഗ്ഗീസ് കാഞ്ഞിരത്തുങ്കൽ]

വിവാഹജീവിതത്തിൽ പ്രവേശിക്കാൻ ഇനിയും താമസിച്ചുകൂടാ. ഇപ്പോൾതന്നെ കുറെ വൈകിയിരിക്കയാണു്. പുരുഷന്മാരെ സംബന്ധിച്ചിടത്തോളം, ഇരുപത്തിമൂന്നിനും മുപ്പതിനും മദ്ധ്യേയാണത്രേ നല്ല വിവാഹപ്രായം. ജേക്കബ്ബ് വായിച്ചിട്ടുള്ള എല്ലാ ദാമ്പത്യശാസ്ത്രഗ്രന്ഥങ്ങളിലും അങ്ങനെയാണു് നിർദ്ദേശിച്ചിരിക്കുന്നതു്. അതിൻപ്രകാരമാണെങ്കിൽ ജേക്കബ്ബിന്റെ നല്ല പ്രായം കഴിഞ്ഞിരിക്കയാണു്. എന്നിരുന്നാലും, തലനാരിഴകൾ ചിലതു് അങ്ങിങ്ങു വെള്ളികെട്ടിയിട്ടുണ്ടെന്നല്ലാതെ, പ്രായത്തിന്റേതായ മറ്റേതെങ്കിലും പോരായ്മ തനിക്കുള്ളതായി ജേക്കബ്ബ് വിശ്വസിച്ചിരുന്നില്ല.

മീശ കരുത്ത നാൾമുതൽ, വിവാഹത്തെപ്പറ്റി എന്തു മധുരസുന്ദരങ്ങളായ പ്രതീക്ഷകളാണു് ജേക്കബ്ബ് ഹൃദയത്തിന്റെ ഉള്ളറയിൽ കാത്തോമനിച്ചിരുന്നതു്! ആ ഓമൽപ്രതീക്ഷകളെ മുഴുവനായി തൃപ്തിപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽക്കൂടി, ഇപ്പോഴത്തെ ആലോചന കൈവിട്ടു കളയുന്നതു ബുദ്ധിപൂർവ്വമല്ല. വേറൊന്നു് ഒത്തുപിടിച്ചുവരാൻ ഇനിയും എത്രകാലം പിടിച്ചേക്കും. എല്ലാം ഒത്തിണങ്ങിയതു് വന്നുചേരാൻ കാത്തുകാത്തിരുന്നു് ഇത്രയും നാൾ കഴിച്ചു. ഇനിയും വിളംബം വരുത്തുന്നതു് ഒന്നുകൊണ്ടും നന്നല്ല.

ജേക്കബ്ബിനു വിവാഹാലോചന തുടങ്ങിയിട്ടു്, കൊല്ലം ഒന്നുരണ്ടല്ല പതിനെട്ടോളം കടന്നുപോയി. അന്നു് ജേക്കബ്ബിനു് പതിനേഴു വയസ്സു തികഞ്ഞിട്ടില്ലായിരുന്നു. സിക്സ്ത്തുഫോറം പരീക്ഷയെഴുതിയിട്ടു് വിജയം പ്രതീക്ഷിച്ചു വീട്ടിൽ നില്ക്കയാണു്.

അപ്പോഴാണു് ഇക്കോച്ചേട്ടനു് ആ അഭിപ്രായം തോന്നിയതു്. പെൺമക്കളെ രണ്ടുപേരെയും കെട്ടിച്ചയച്ചു. രണ്ടുപേർക്കും പറഞ്ഞൊത്ത സ്ത്രീധനവും കൊടുത്തുതീർത്തു. അടുത്തപടി ജേക്കബ്ബിനെക്കൊണ്ടൊരു പെണ്ണുകെട്ടിക്കുകകൂടി ചെയ്തേച്ചാൽ ഇക്കോച്ചേട്ടന്റെ പിതാവിനടുത്ത ചുമതലകൾ ഒട്ടെല്ലാംതന്നെ തീർന്നു എന്നു പറയാറാകും. തനിക്കാവതുള്ളപ്പോൾ ആ കർത്തവ്യം കൂടിയങ്ങു നിർവ്വഹിച്ചിട്ടു്, കൃതകൃത്യതയുടെ സമാശ്വാസം നുകരണമെന്നു് ആ പിതാവിനു് നന്നേ ആഗ്രഹമുണ്ടായിരുന്നു.

പോരെങ്കിൽ, ഇക്കോച്ചേട്ടനു് പത്തും പലതുമില്ലല്ലോ. ആകെയൊരു ആൺതരിയുള്ളതല്ലേ ജേക്കബ്ബ്? ആവുന്നത്ര നേരത്തെ അവനൊരു പെണ്ണു കെട്ടിക്കൊണ്ടു വന്നു കാണുവാനും ആ മരുമകളുടെ പരിചര്യാസുഖം തെല്ലു നാളേക്കെങ്കിലും അനുഭവിക്കുവാനും ഏതൊരു പിതാവും ആഗ്രഹിക്കുന്നതല്ലേ? പിതൃത്വം ആനന്ദനിർവൃതിയടയുന്ന അമൂല്യനിമിഷങ്ങളല്ലേ അവ?

ആ അനുഭൂതികൾക്കായി ഇക്കോച്ചേട്ടന്റെ പിതൃഹൃദയം ദാഹിക്കുകയായിരുന്നു.

ആ വൃദ്ധൻ, തന്റെ പുന്നാരമോനു് തിരക്കിട്ടു് പെണ്ണിനെ അന്വേഷിക്കാൻ തുടങ്ങി.

ഇക്കോച്ചേട്ടനും ചേടത്തിയാർക്കും നാഴി വെള്ളം തരുന്നതായിരിക്കണ്ടേ, നാത്തൂന്മാരോ പിള്ളേരോ വല്ലപ്പോഴുമെങ്ങാനും കേറിവന്നാൽ മുഖം വീർപ്പിക്കാത്തതായിരിക്കണ്ടേ, ഇട്ട്യാനം ചേടത്തിയാരുടെ പുകഴാന്ന് പാരമ്പര്യം പുലർത്തിക്കൊണ്ടു പോകാനുള്ളതുമല്ലേ, ഇതിനൊക്കെപ്പുറമേ, ചെറുക്കനുമായി തണ്ടിയും തരവും ഒത്തിരിക്കണ്ടേ?

ഈ മാനദണ്ഡങ്ങൾ ഉള്ളിൽ വച്ചുകൊണ്ടു തന്നെ ഇക്കോച്ചേട്ടൻ അന്വേഷണം ആരംഭിച്ചു. അങ്ങനെ ഇടക്കാരന്മാർ ചൂണ്ടിക്കാണിച്ചുകൊടുത്ത അനേകം യുവതികളിൽനിന്നു് ആ വൃദ്ധപിതാവിന്റെ കണ്ണുകൾ, തന്റെ ഏകപുത്രനിണങ്ങിയ പെൺകുട്ടിയെ തിരഞ്ഞു കണ്ടുപിടിച്ചു.

ഇക്കോച്ചേട്ടന്റെ നോട്ടത്തിൽ, മകനു് ചേരുന്ന ഒരു പെൺകുഞ്ഞായിരുന്നു ചേച്ചക്കുട്ടി. ആരുമൊരു ചേർച്ചക്കേടും പറയുകയില്ല. പെണ്ണിനെ കണ്ടിട്ടു, ചെറുക്കന്റെ അമ്മാവനും മൂത്ത അളിയനും അതേ അഭിപ്രായം തന്നെയാണു് പറഞ്ഞതു്.

ഇക്കോച്ചേട്ടൻ സംഗതികളെല്ലാം പറഞ്ഞുറപ്പിച്ചു. മനസ്സമ്മതത്തിനുള്ള തീയതിയും നിശ്ചയിച്ചു വാക്കു കൊടുത്തു.

കാര്യങ്ങൾ ഇത്രത്തോളമായപ്പോൾ, കെട്ടാനുള്ള ചെറുക്കനു് ഒരു സ്വന്താഭിപ്രായം. മനസ്സമ്മതത്തിനു ചെല്ലുമ്പോൾ, പെണ്ണിനെ ഇഷ്ടപ്പെട്ടില്ലെങ്കിൽ, മനസ്സു മൂളാതെ നേരേ നടന്നു വീട്ടിലേക്കിങ്ങു പോരുമെന്നു്! പെങ്ങമ്മാരുടെ സദസ്സിലാണു് ജേക്കബ്ബ് ഈ തീരുമാനം പൊട്ടിച്ചുവിട്ടതു്. പള്ളിയിലേക്കു പറഞ്ഞയക്കുന്ന ഇച്ചാച്ചനും കൂടെപ്പോവുന്ന അളിയന്മാർക്കും കുടുംബത്തിരിക്കുന്ന മറ്റുള്ളവർക്കുമെല്ലാം അതു നിലകേടും വിലകേടും വരുത്തിവയ്ക്കുമെന്നു് മൂത്തപെങ്ങൾ കാര്യമായി ഗുണദോഷിച്ചു. അങ്ങനെ വന്നാൽ ഇച്ചാച്ചൻ വീട്ടിൽ കേറുകയില്ലെന്നു് ഇളയ പെങ്ങൾ ഒരു ഭീഷണി പ്രയോഗിച്ചു നോക്കി.

“വീട്ടിൽ നിങ്ങൾതന്നെയൊക്കെ താമസിച്ചോ. ഞാൻ വല്ല വഴിക്കും പൊയ്ക്കോളാം.” ജേക്കബ്ബിന്റെ ഈ മറുപടി കേട്ടപ്പോൾ അതു പറഞ്ഞതുതന്നെ അബദ്ധമായിപ്പോയെന്നു് അവൾക്കു തോന്നി.

“വെറുതേ ഇച്ചാച്ചനെ അരിശംപിടിപ്പിക്കുവോ ആതിരേകേറുവോ ചെയ്യല്ലേ” വരുംവരായ്കകളെക്കുറിച്ചോർത്തിട്ടുള്ള ഉൽകണ്ഠയോടെ ഒരു നിസ്സഹായതാഭാവത്തിൽ ഇട്ട്യാനംചേടത്തിയാരു് പറഞ്ഞു.

പക്ഷേ അതുകൊണ്ടൊന്നും ജേക്കബ്ബ് കീഴടങ്ങുന്ന മട്ടു കണ്ടില്ല. ഒടുവിൽ അമ്മയും പെൺമക്കളും കൂടിയാലോചിച്ചു് ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിച്ചു.

മനസ്സമ്മതത്തിനുമുൻപു്, ജേക്കബ്ബ് അത്രടംചെന്നു്, പെണ്ണിനെയൊന്നു കണ്ടുപോരട്ടെയെന്നു്.

ഈ വ്യവസ്ഥ ഇക്കോച്ചേട്ടനു സമ്മതമായില്ല. കാരണവന്മാരെ വെറും “ചൂലുകളാ”ക്കുന്ന ഏർപ്പാടാണതെന്നു് ആ ഗ്രാമീണൻ വിശ്വസിക്കുന്നു. ഇക്കോച്ചേട്ടന്റെ കുടുംബത്തിൽ അപ്പനപ്പൂപ്പന്മാരുടെ കാലംമുതലേ അങ്ങനെയൊരു സംഭവം നടന്നിട്ടില്ലെന്നും, കുടുംബത്തിന്റെ കുലീനതയ്ക്കോ അച്ചടക്കത്തിനോ അതു ചേർന്നതല്ലെന്നുമൊക്കെയായിരുന്നു ഇക്കോച്ചേട്ടന്റെ ന്യായങ്ങൾ. പഠിപ്പും പാസ്സുമുള്ള ചെറുക്കന്മാർക്കു്, ഇക്കാലത്തു് അങ്ങനെയൊരു സ്വാതന്ത്ര്യം അനുവദിക്കുന്നതിൽ തെറ്റില്ലെന്നും അനുവദിക്കാതിരിക്കുന്നതിലാണു് തെറ്റെന്നും, കാലത്തിന്റെ മാറ്റം എല്ലാവരും കാണണമെന്നും മററും അമ്മയും പെൺമക്കളും വാദിച്ചു. ഉദാഹരണത്തിനു്, കുരുവിളമാസ്റ്ററുടെ പെണ്ണുകാണാൻ പോക്കും അവർ ഉദ്ധരിച്ചു. ആ കരയിലെ ആദ്യത്തെ ബിരുദധാരിയാണു് കുരുവിളമാസ്റ്റർ. മാസ്റ്ററുടെ അപ്പൻ തികഞ്ഞ യാഥാസ്ഥിതികനും. ഇതുപോലെ, അപ്പൻ മാസ്റ്റർക്കു് കല്യാണം ആലോചിച്ചുറപ്പിച്ചു. പക്ഷേ പെണ്ണിനെ, മുൻകൂട്ടി ഒന്നുപോയി കാണാതെ മനസ്സമ്മതത്തിനു പോകയില്ലെന്നായി മാസ്റ്റർ. ജീവൻപോയാൽ സമ്മതിക്കയില്ലെന്നപ്പൻ. ഒടുവിൽ ഇടവകവികാരിവരെ ഇടപെടേണ്ടിവന്നു കേസിൽ. ഏതായാലും മാസ്റ്റർ നേരത്തെപോയി പെണ്ണിനെ കാണുകയും അപ്പൻ ആഗ്രഹിച്ചതുപോലെ, നിശ്ചിതതീയതിക്കുതന്നെ മനസ്സമ്മതം നടക്കുകയും ചെയ്തു. അന്നുമുതൽ, ആ കരയിൽ യാഥാസ്ഥിതികന്മാർക്കു നേരെ എല്ലാവരും ചൂണ്ടാറുള്ള ഒരു ചാണ്ടുളിയാണു് കുരുവിളമാസ്റ്ററുടെ പെണ്ണുകാണൽ കഥ.

അവരും അതുതന്നെ എടുത്തു പ്രയോഗിച്ചു ഇക്കോച്ചേട്ടന്റെ നേരെ. അത്തക്കത്തിനു്, ഇക്കോച്ചേട്ടനും കുരുവിളമാസ്റ്ററുടെ അപ്പനുമായി കൂടിക്കണ്ടതും ഭാഗ്യമായി. അതിയാനും ജേക്കബ്ബിന്റെ ഭാഗംപിടിച്ചുതന്നെയാണു് പറഞ്ഞതു്, അങ്ങനെയിങ്ങനെ തള്ളിപ്പുഴപ്പിച്ചെന്നു പറഞ്ഞപോലെ ഇക്കോച്ചേട്ടനെക്കൊണ്ടു് അക്കാര്യം ഒരുവിധം സമ്മതിപ്പിച്ചു.

ജേക്കബ്ബ് പിറേറ ഞായറാഴ്ച തന്നെ ഒരു കൂട്ടുകാരനുമൊത്തു് പെണ്ണിനെ കാണാൻപോയി. പെണ്ണിനെ കണ്ടു പോന്നു. പക്ഷേ വീട്ടിൽ വന്നിട്ടു്, മുഖത്തിനൊരു തെളിച്ചമില്ല. “മിണ്ടാട്ടവുമുരിയാട്ട”വുമാണെങ്കിൽ അതുമില്ല. അമ്മ ചോദിച്ചു. മൂത്ത പെങ്ങൾ ചോദിച്ചു. ഇളയപെങ്ങളും ചോദിച്ചു. മിണ്ടടക്കംതന്നെ, മിണ്ടടക്കം.

ചോദ്യങ്ങൾകൊണ്ടു് ജേക്കബ്ബിനു ചുറ്റും ഒരു മുള്ളുവേലി ഉയർന്നപ്പോൾ അതിനെ ഭേദിച്ചു് ഇത്രയും മാത്രം പുറത്തുവന്നു.

“ആ കറുത്തുവെടച്ചിരിക്കുന്ന പെണ്ണിനെ കെട്ടാൻ ഞാനേതായാലും ഇല്ല.”

ആ രംഗത്തിനു് വല്ലാത്തൊരു മ്ലാനത മൂടുപടമിട്ടു. കൈവന്ന നിധി കളഞ്ഞുകളിച്ചതുപോലുള്ള ഇച്ഛാഭംഗവും വിഷാദവും ആ പെണ്ണുങ്ങളുടെ മുഖങ്ങളിൽ നിഴലിച്ചു. ഇക്കോച്ചേട്ടനും വിഷണ്ണനായി.

മകന്റെ വധു സർവ്വഥാ അവനു് അനുരൂപയായിരിക്കണമെന്നുള്ളതിൽ അവനേക്കാൾ നിർബന്ധമുണ്ടായിരുന്നു ആ പിതാവിനു്. ആ നിർബന്ധം മുന്നിൽവച്ചുകൊണ്ടാണു് ചേച്ചക്കുട്ടിയെ അദ്ദേഹം കണ്ടുപിടിച്ചതും.

അവൾ തൂവെള്ളയല്ല, ഇക്കോച്ചേട്ടൻ സമ്മതിച്ചു. പക്ഷേ ഇപ്പറയുമ്പോലെ കറുത്തതുമല്ല. അഴകാന്ന ഒരു കറുപ്പു്, എണ്ണ വടിച്ചെടുക്കാൻ പാകത്തിലുള്ള ഒരോമനക്കറുപ്പു്. ആരുടെ കണ്ണെടുത്തുവച്ചു നോക്കിയാലും, ചേച്ചക്കുട്ടി തീർച്ചയായും ഒരു വിരൂപിണിയല്ല. നോവലുകളിലും, ചലച്ചിത്രങ്ങളിലും മറ്റും പ്രത്യക്ഷപ്പെടാറുള്ള സൗന്ദര്യറാണിമാരുടെ “കട്ടു്” ഉണ്ടോയെന്നു ചോദിച്ചാൽ, ഇല്ലായിരിക്കാം. പക്ഷേ ഇക്കോച്ചേട്ടന്റെ മകന്റെ ഭാര്യയാകാൻതക്ക സൗന്ദര്യവും കുറേ കൂടുതലുമുണ്ടു്.

എന്നിട്ടും, കെട്ടാനുള്ള ചെറുക്കന്റെ മനോഭാവം മറിച്ചാണു്.

അമ്മാവനോടും അളിയന്മാരോടും ഒന്നു കൂടിയാലോചിച്ചിട്ടു അന്ത്യതീരുമാനം ചെയ്യാമെന്നു് അമ്മ ഗുണദോഷിച്ചു.

“ആർക്കൊക്കെ ബോധിച്ചാലും, ആരൊക്കെപ്പറഞ്ഞാലും എനിക്കു് ആ പെണ്ണിനെ കെട്ടണ്ട. അല്ലെങ്കിൽ അത്രയ്ക്കു ബോധിച്ചവരുതന്നെ അതിനു് പോംവഴിയെന്തെങ്കിലും നോക്കിക്കോളണം.” ഇങ്ങനെ കട്ടായം പറഞ്ഞതിനുശേഷം അക്കാര്യത്തെക്കുറിച്ചു് ജേക്കബ്ബിനോടാരുമൊന്നും പറയാൻ പോയില്ല.

മർമ്മസ്ഥാനത്തു് ഒരു ഈടേറിയ അടികിട്ടിയ വിമ്മിട്ടമുണ്ടായിരുന്നു ഇക്കോച്ചേട്ടനു്. അയാൾ എഴുന്നേററു് കട്ടിലിൽ ചെന്നു കിടന്നു. ആ വൃദ്ധൻ അന്നു ജലപാനംപോലും കഴിച്ചതുമില്ല.

മനസ്സമ്മതം മാററിവയ്ക്കണമെന്നു കാണിച്ചു്, പിറേറന്നുതന്നെ ഒരെഴുത്തും വഴിച്ചെലവിനുള്ള തുകയുംകൊടുത്തു് ഇക്കോച്ചേട്ടൻ ഒരാളെ പെണ്ണിന്റെ വീട്ടിലേക്കു അയക്കുകയും ചെയ്തു.

അതിൽപ്പിന്നെ, ഇക്കോച്ചേട്ടൻ മരിക്കുവോളം ജേക്കബിന്റെ വിവാഹത്തെക്കുറിച്ചു്, ഒരക്ഷരം ഉരിയാടിയിട്ടില്ല. ചില ആലോചനകളും കൊണ്ടു്, ആളുകൾ ഇക്കോച്ചേട്ടനെ സമീപിച്ചപ്പോൾ, അതൊന്നും തന്റെ കാര്യമല്ലെന്നുള്ള മട്ടിൽ, “ആ, അവനോടു ചോദിക്കു്” എന്നു പറഞ്ഞൊഴിയുകമാത്രമാണു് ആ ക്ഷതാഭിമാനി ചെയ്തതു്.

അങ്ങനെ, തനിക്കു കാണാൻ അർഹതയുള്ള ഒരേയൊരു മരുമകളെ കാണാനുള്ള ഭാഗ്യംകിട്ടാതെ ആ പിതാവു്, ലോകംവിട്ടുപിരിഞ്ഞു.

(തുടരും)

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

തിരുസഭാചരിത്രം 69

# ഏകേച്ഛാവാദം

## (Monotheletism)

[പ്രൊഫസർ പി. ററി. തോമസ് എം. എ.]

ക്രിസ്തുവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഇച്ഛാശക്തിയെ (Will) അഥവാ ശക്തികളെ സംബന്ധിച്ചു് ഏഴാംശതാബ്ദത്തിന്റെ ആദ്യഘട്ടത്തിൽ ഒരു പുതിയ അബദ്ധാഭിപ്രായം രൂപംപ്രാപിക്കുകയുണ്ടായി. അന്നും അവശേഷിച്ചിരുന്ന ഏകസ്വഭാവവാദികളെ തിരുസ്സഭയുമായി പുനരൈക്യപ്പെടുത്തുന്നതിനുള്ള അവസാനശ്രമത്തിൽനിന്നാണു് ഈ പാഷണ്ഡത ഉത്ഭവിച്ചതു്. എ. ഡി. 610 ൽ കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായി സ്ഥാനാരോഹണംചെയ്ത സെർജിയൂസാണു് ഇതിന്റെ ഉപജ്ഞാതാവു്. ക്രിസ്തുവിൽ ഒരു ഇച്ഛാശക്തി (Will) മാത്രമേ ഉള്ളുവെന്നു് പ്രഖ്യാപിച്ചാൽ സിറിയായിലും ഈജിപ്തിലുമുള്ള ഏകസ്വഭാവവാദികൾ തിരുസ്സഭയുമായി രമ്യപ്പെടുമെന്നു് സെർജിയൂസ് വിശ്വസിച്ചു. ഈ പ്രതീക്ഷയോടുകൂടി അദ്ദേഹം ക്രിസ്തുവിൽ ഒരു ഇച്ഛാശക്തിമാത്രമേ പ്രവർത്തിച്ചിരുന്നുള്ളുവെന്നു പഠിപ്പിക്കുവാൻ തുടങ്ങി. പ്രത്യേകമായ രണ്ടു ഇച്ഛാശക്തികൾ — അതായതു് ദൈവികവും മാനുഷികവുമായ രണ്ടു ഇച്ഛാശക്തികൾ—ക്രിസ്തുവിലുണ്ടെന്നും അതിൽ മാനുഷികമായ ഇച്ഛാശക്തി എല്ലായ്പ്പോഴും ദൈവികമായതിനോടു് പരിപൂർണ്ണമായി പൊരുത്തപ്പെട്ടാണു് വർത്തിക്കുന്നതെന്നുമാണു് കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. അതുകൊണ്ടു് സെർജിയൂസിന്റെ ഏകേച്ഛാവാദം (Monotheletism) മൂലം അദ്ദേഹം ഒരു പാഷണ്ഡതയ്ക്കു പ്രാരംഭമിടുകയാണു ചെയ്തതു്.

അക്കാലത്തു് യറുശലേമിലെ പാത്രിയർക്കീസ്സ്ഥാനം വഹിച്ചിരുന്നതു് പണ്ഡിതനും പുണ്യവാനുമായ സൊഫ്റോണിയൂസ് (Sophronius) എന്ന ദേഹമായിരുന്നു. അദ്ദേഹം സെർജിയൂസിന്റെ പ്രബോധനങ്ങളെ എതിർത്തു. സെർജിയൂസിന്റെ ഏകേച്ഛാവാദം ഏകസ്വഭാവവാദത്തിന്റെ ഒരു വകഭേദം മാത്രമാണെന്നു് അദ്ദേഹം യുക്തിയുക്തം ചൂണ്ടിക്കാണിച്ചു. ഒണോറിയസ് മാർപ്പാപ്പായുടെ (Honorius I. 625—638) ആനുകൂല്യം സമ്പാദിക്കുന്നതിനുവേണ്ടി സെർജിയൂസ് തിരുസിംഹാസനത്തിലേക്കു് ഒരു ലേഖനമയച്ചു. വിവാദപ്രശ്നത്തെ സംബന്ധിച്ചുള്ള ഇരുകക്ഷികളുടേയും അഭിപ്രായങ്ങൾ അയാൾക്കനുകൂലമാകത്തക്കവണ്ണം രൂപഭേദം വരുത്തിയിട്ടുള്ളതായിരുന്നു ഈ ലേഖനത്തിന്റെ ഉള്ളടക്കം. ക്രിസ്തുവിൽ അന്യോന്യം വിരുദ്ധഭാവത്തിൽ വർത്തിക്കുന്ന രണ്ടു ഇച്ഛാശക്തികളുണ്ടെന്നു സൊഫ്റോണിയൂസ് പഠിപ്പിക്കുന്നതായിട്ടാണു് മാർപ്പാപ്പാ തെററിദ്ധരിച്ചതു്. അങ്ങനെ ഒരു തെററിദ്ധാരണയ്ക്കു് ഇടംകൊടുക്കുവാൻ പര്യാപ്തമായിരുന്നു സെർജിയൂസിന്റെ ലേഖനം. ക്രിസ്തുവിൽ ഒരു ഇച്ഛാശക്തി മാത്രമേയുള്ളുവെന്നു് മാർപ്പാപ്പാ ഇതിനു മറുപടിനൽകി. ഇതുകൊണ്ടു മാർപ്പാപ്പ ഉദ്ദേശിച്ച അർത്ഥം ക്രിസ്തുവിന്റെ ദൈവികവും മാനുഷികവുമായ ഇച്ഛാശക്തികൾ തമ്മിൽ യാതൊരു സംഘർഷണവുമില്ലെന്നും അവ ഒന്നെന്നവണ്ണം ഐക്യതയിൽ വർത്തിക്കുന്നുവെന്നുമാണു്. പക്ഷേ സെർജിയൂസ് ഇതിനെ തന്റെ ഏകേച്ഛാവാദത്തിന്റെ സ്ഥിരീകരണമായിട്ടാണു് വ്യാഖ്യാനിച്ചതു്. പാഷണ്ഡതയ്ക്കു കൂടുതൽ പ്രചാരവും പ്രാബല്യവും നേടുവാൻ അതു വളരെ സഹായിച്ചു. ഈ കത്തിടപാടിൽ സെർജിയൂസ് ഒണോറിയസ് മാർപ്പാപ്പായെ കബളിപ്പിക്കുകയാണു ചെയ്തതു്.

ഒണോറിയസ് മാർപ്പാപ്പായുടെ പിൻഗാമികൾ ഏകേച്ഛാവാദത്തെ ശക്തിയായി എതിർക്കുകയുണ്ടായി. ഒടുവിൽ എ. ഡി. 680-ൽ കോൺസ്റ്റാൻറിനോപ്പി

(ശേഷം 11-ാംപേജിൽ)

(1-ാം പേജ് തുടർച്ച)

12-ാമത്തെ വയസ്സിലെ തന്റെ വിജ്ഞാനം ദേവാലയത്തിലെ വേദശാസ്ത്രജ്ഞന്മാരെ അത്ഭുതസ്തബ്ധരാക്കി. 30-ാമത്തെ വയസ്സിൽ അവിടുത്തെ അത്ഭുതശക്തി നിമ്മലജലത്തെ മാധുര്യമേറുന്ന വീഞ്ഞാക്കുകയും ക്ഷോഭിച്ചുവശായ ആഴിയെ ശാന്തമാക്കുകയും ചെയ്തു. റോമൻഗവണ്മെന്റെന്നും ഭരണാധിപനെന്നുമുള്ള നിലയിൽ, സ്വാധികാരം വിനിയോഗിക്കാൻ തുടങ്ങിയ പന്തിയോസ് പീലാത്തോസിന്റെ യഥാർത്ഥമായ അധികാരത്തിന്റെ ആസ്ഥാനം റോമ്മായല്ലെന്നും അതിന്റെ ഉല്പത്തി അത്യുന്നതങ്ങളിലാണെന്നും അവിടുന്നു 33-ാമത്തെ വയസ്സിൽ അയാൾക്കു മനസ്സിലാക്കിക്കൊടുത്തു. ഇത്ര മഹത്തായ അധികാരങ്ങളുണ്ടായിരുന്ന ആ ഉഗ്രപ്രതാപവാൻ, അഥവാ, ആകാശത്തിലും ഭൂമിയിലുമുള്ള സകല അധികാരങ്ങളും സിദ്ധിച്ചിരുന്ന ആ സൃഷ്ടിസ്ഥിതിസംഹാരകർത്താവു തന്റെ ജീവിതം മിക്കവാറും കഴിച്ചുകൂട്ടിയതു് അപ്രസിദ്ധമായ ഒരു ചെറുഗ്രാമത്തിലും നികൃഷ്ടമായ ഒരു താഴ്‌വരയിലുമായിരുന്നെന്നു വിസ്മരിക്കരുതു്. അവിടെ ബാഹ്യമായ ആർഭാടങ്ങളൊന്നും കൂടാതെ ഒരു കന്യകയും നീതിമാനായ ഒരു മനുഷ്യനും കീഴ്‌വഴങ്ങി ജീവിച്ചു. ഇതെല്ലാം എന്തിനുവേണ്ടിയായിരുന്നു? അധികാരത്തെ ക്രമാതീതമായി വാഴ്ത്തുകയോ അല്ലെങ്കിൽ അതിനെ കീഴ്മേൽ മറിച്ചിടുകയോ ചെയ്തുകൊണ്ടു് അധികാരത്തെ തെററിദ്ധരിച്ചിരിക്കുന്ന ലോകത്തിനു ഒരു മഹാപാഠം നൽകുന്നതിനുമാത്രം. സേവനം ചെയ്യാൻ ശീലിക്കാത്തവനു ആജ്ഞാപിക്കുവാനും ഭൃത്യനായിരിക്കുവാൻ അറിഞ്ഞുകൂടാത്തവനു യജമാനനായിരിക്കുവാനും അനുസരിക്കുവാൻ വിനയമില്ലാത്തവനു ഭരിക്കുവാനും അവകാശമില്ലെന്നാണു് അവിടുന്നു സ്വജീവിതമാതൃകയാൽ ലോകത്തെ പ്രബോധിപ്പിച്ചതു്.

ലോകത്തിലെ അധികാരസ്ഥാനങ്ങൾ ഇത്രയധികം ദുർഭരണവും മറ്റും മൂലം അധഃപതിക്കുവാൻ കാരണമെന്തു്? ഗവമ്മെൻറിന്റെ അധികാരം ഇത്ര വളരെ കിരാതശക്തിയിലും ബലപ്രയോഗത്തിലും എത്തി ദുഷിക്കുവാൻ ഹേതുവെന്തു്? അതിന്റെ കാരണം ഭരണാധികാരികളായി വരുന്നവർ അനുസരിക്കാൻ പഠിക്കാത്തവരായതുതന്നെ. അധികാരമുള്ളവക്കു് സേവനം ചെയ്യുവാനുള്ള സന്നദ്ധതയില്ല. ഗവമ്മെണ്ടു് മേധാവികൾ, ദേശീയനേതാക്കന്മാർ, രാഷ്ട്രീയാധികാരധുരന്ധരന്മാർ എന്നീ നിലകളിലെല്ലാം അധികാരവും പ്രതാപവും കൈകാര്യം ചെയ്യുന്നവർ അവക്കു് അതീതമായുള്ള ഒരു ശക്തിയെ അംഗീകരിക്കുന്നില്ല. ആ പരാശക്തിയുടെ വിധിയെ ഭയപ്പെടുകയും നിയമങ്ങളെ അനുസരിക്കുകയും ചെയ്യേണ്ടവർ അവയെ തൃണവൽഗണിക്കുകയാണു്. അങ്ങനെയെങ്കിൽ സൽഭരണത്തിനു അവശ്യം കൂടിയേ കഴിയൂ എന്നുള്ള അനുസരണ അവക്കു് എവിടെനിന്നു് എങ്ങനെ കിട്ടുവാനാണു്! രാജാധിരാജൻ ഇല്ലെങ്കിൽ അധികാരം ദുരധികാരപ്രമത്തതയിൽ ചെന്നു ദുഷിക്കാതെ പ്രതിരോധിക്കാനുള്ള ശക്തി ഏതാണു്? പീലാത്തോസ് ആരായിരുന്നു? നസ്രായക്കാരന്റെ ആജ്ഞാനുവത്തിയാകാൻ മടിച്ച അയാൾ കേവലം റോമൻ ഗവണ്ണർ മാത്രം. സാമൂഹ്യമായ ഉന്നതസ്ഥാനം എന്താണു്? രാജസപ്രഭാവമല്ലാതെ മറെറന്താണു്? നസ്രസിലെ ലളിതജീവിതം ഇല്ലെങ്കിൽ ഇവയെല്ലാം എന്തു വില? എന്തു സ്ഥാനം? അഹങ്കാരം എന്താണു്? ആശാരിയുടെ പണിപ്പുരയെ അതിജീവിച്ചുവരാതെയുള്ള ഓശാന ഞായറാഴ്ചയുടെ ആർഭാടമായ സ്വീകരണം. ദിവ്യനാഥൻ ഇഹലോകത്തിൽ വന്നതു് അധികാരത്തെ നിഷിദ്ധമാക്കാനല്ല. അധികാരവും ആധിപത്യവും കൂടിയേ കഴിയൂ. എന്നാൽ അധികാരവും ആജ്ഞാശക്തിയും എന്താണു്? അവ മനുഷ്യഹൃദയങ്ങളിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുള്ള ദൈവിക കല്പനകളാണു്. നമ്മുടെ ദിവ്യരക്ഷകൻ മനുഷ്യാവതാരം ചെയ്തതു് അധികാരം എടുത്തുകളയുവാനല്ല. അതു് എപ്രകാരമാണു് വിനിയോഗിക്കേണ്ടതു് എന്നു നമ്മെ പഠിപ്പിക്കുവാനാണു്. സൈനിക അണികളിൽ സേവനം ചെയ്യാത്ത ഒരുത്തനു സേനാനായകനാകുവാൻ അർഹതയില്ലെന്നും രാജകീയമല്ലാത്തവിധം ജീവിക്കുന്നവനു മാത്രമേ രാജാവായിരിക്കുവാൻ അവകാശമുള്ളുവെന്നും, നസ്രസിലെ വിനീതമായ സേവനജീവിതം തരണം ചെയ്യാതെ, ജറുസലേമിലെ ആർഭാടങ്ങളോടെ അധികാരം കൈകാര്യം ചെയ്യുവാൻ യാതൊരുത്തനും അവകാശമില്ലെന്നുമാണു് ദിവ്യനാഥൻ നമ്മെ പഠിപ്പിക്കുന്നതു്. അതുകൊണ്ടു് ഭരണകൂടങ്ങളെ തകിടം മറിക്കുന്ന വിപ്ലവങ്ങളിലോ അധികാരത്തെ തുരത്തുന്ന അരാജകന്മാരുടെ വിധ്വംസക പരിപാടികളിലോ ആക്കം അവസരസമത്വം നൽകുന്ന പ്രജാധിപത്യഭരണരീതിയിലോ അല്ല അസ്വസ്ഥമായ ആധുനികലോകത്തിന്റെ രക്ഷ സ്ഥിതിചെയ്യുന്നതു്. നേരെമറിച്ചു് രാഷ്ട്രീയമോ സാമൂഹ്യമോ സാമ്പത്തികമോ ആയ സകലശക്തികൾക്കും അതീതമായി ഒരു മഹാശക്തിയുണ്ടെന്നും അതിനു കീഴ്പ്പെട്ടിരിക്കണമെന്നുള്ള ബോധ്യത്തിലും തദനുസരണമായ പ്രവത്തനപരിപാടികളിലുമാണു് ലോകശാന്തിയും ക്ഷേമവും സുരക്ഷിതമായിരിക്കുന്നതു്. ഇങ്ങനെ ചെയ്യുന്നവരെ അനുസരിക്കുവാൻ മറുള്ളവർ ബാദ്ധ്യസ്ഥരാണെന്നു് അവക്കു് അവകാശപ്പെടാം. കാരണം അവരെക്കാൾ ഉപരിയായ ഒരു ശക്തിയെ അവർ അനുസരിക്കുന്നു. അപ്പോൾ അവക്കു പറയാം അധികാരികളെന്ന നിലയിൽ തങ്ങളെ ബഹുമാനിക്കണമെന്നു്. കാരണം അവരുടെ സ്രഷ്ടാവിനെ അനുസരിക്കുവാൻ അവർ പഠിച്ചു. അവരെ ആദരിക്കണമെന്നും അവക്കു അവകാശപ്പെടാം. അതിനും ന്യായമുണ്ടു്. അവരുടെ ദൈവത്തെ അവർ ആദരിക്കുന്നു.

# യാക്കോബായ സഭയിലെ സമാധാനയത്നങ്ങൾ

(റവ. ഫാദർ തോമസ് മണ്ണഞ്ചേരി)

ഈ അടുത്തകാലത്തു് യാക്കോബായസഭയിലെ ബാവാമെത്രാൻ കക്ഷികൾ യോജിച്ചു് നടത്തിയ സമാധാനയത്നങ്ങളെപ്പററി കേട്ടിട്ടില്ലാത്തവർ നമ്മുടെ നാട്ടിൽ അധികംപേർ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. യാക്കോബായസഭയിൽ പരസ്പരം മത്സരിച്ചുകൊണ്ടിരിക്കുന്ന രണ്ടു കക്ഷികളേയും യോജിപ്പിച്ചു് ഇപ്പോഴത്തെ കാതോലിക്കാ ബാവായുടെ കീഴിൽ അന്ത്യോഖ്യായുടെ നാമമാത്രമായ മേലധികാരത്തോടുകൂടി യാക്കോബായസഭയെ ഏകസഭയാക്കിത്തീക്കാൻ വേണ്ടിയുള്ള ഒരു യത്നമാണു നടന്നതു്. ഇതിലേക്കായി യാക്കോബായസഭയിലെ യുവജനങ്ങൾ "പീസ്‌ലീഗ്" എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കി അതിന്റെ ആഭിമുഖ്യത്തിൽ ഉപവാസയജ്ഞം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. കോട്ടയം കുരിശുപള്ളി മൈതാനത്തു ഉപവാസപ്പന്തലിലേക്കു് നാനാജാതിമതസ്ഥരായ ഒട്ടുവളരെ ആളുകളുടെ ശ്രദ്ധ ആകർഷിക്കപ്പെട്ടു. മാർത്തോമ്മാ മെത്രാപ്പോലീത്തായും പ്രോട്ടസ്റ്റൻറു മെത്രാനും ഉപവാസകരെ പലപ്പോഴും സന്ദർശിക്കയും അവരോടു അനുഭാവം പ്രകടിപ്പിക്കുകയും പീസ്‌ലീഗ് യോഗത്തിൽ പ്രസംഗിക്കുകയുംചെയ്തു. 75 ദിവസത്തോളം ഉപവാസയജ്ഞം തുടന്നുകൊണ്ടിരിക്കയും ഉപവാസം അനുഷ്ഠിച്ചവരിൽ ചിലർ അവശനിലയിൽ ആസ്പത്രിയെ ശരണംപ്രാപിക്കേണ്ടിവരികയും ചെയ്തിട്ടും സഭാസമാധാനത്തെ സംബന്ധിച്ചിടത്തോളം ഗണ്യമായ രീതിയിൽ പുരോഗമനം ഉണ്ടായിട്ടുള്ളതായി അറിയുന്നില്ല. മാർത്തോമ്മാ മെത്രാപ്പോലീത്തായും പ്രോട്ടസ്റ്റൻറുമെത്രാനും പീസ്‌ലീഗുകാരുടെ സമാധാനയത്നങ്ങളിൽ കൈ കടത്തിക്കൊണ്ടിരിക്കുന്നതിനെ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു് ആശങ്കയോടെ വീക്ഷിക്കുന്നതായി കാണുന്നു. പീസ്‌ലീഗുയോഗത്തിൽ മാർത്തോമ്മാക്കാരെക്കൊണ്ടും പ്രോട്ടസ്റ്റൻറുകാരെക്കൊണ്ടും പ്രസംഗിപ്പിച്ചതിൽ ബാവാതിരുമേനി പീസ്‌ലീഗുകാരോടു ക്ഷോഭിക്കുകയും അവരെ കുററപ്പെടുത്തുകയും ചെയ്തതായി പത്രങ്ങളിൽ വായിക്കുകയുണ്ടായി.


യാക്കോബായസഭയുടെ നിലവിലുള്ള വിശ്വാസത്തേയും ഭരണഘടനയേയും ഉടച്ചുവാർത്തിട്ടു് യാക്കോബായസഭയെ ഒരു നൂതനസഭയാക്കി പരിവർത്തനം ചെയ്യണമെന്നുള്ളതാണു് പീസ്‌ലീഗുകാരുടെ ഉദ്ദേശ്യം. യാക്കോബായ സഭയിലെ ഓർത്തഡോക്സ്കക്ഷി ആ സഭയുടെ പ്രധാന വിശ്വാസസത്യങ്ങളിൽ ഒന്നായ വി. പത്രോസിന്റെ പരമാധികാരത്തേയും അന്ത്യോഖ്യാ പാത്രിയക്കീസിനു് മലങ്കരസഭയുടെ മേലുള്ള അധികാരത്തേയും നിഷേധിച്ചു കഴിഞ്ഞിരിക്കുകയാണു്. മലങ്കര യാക്കോബായസഭ, മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഒരു സ്വതന്ത്രസഭയാണെന്നുള്ള വാദമാണു് ഓർത്തഡോക്സ്കക്ഷി ഇപ്പോൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നതു്. ആ സ്ഥിതിക്കു് വി. പത്രോസ് സഭയുടെ തലവനാണെന്നും വി. പത്രോസിന്റെ പരമാധികാരത്തിന്റെ അവകാശി അന്ത്യോഖ്യാപാത്രിയക്കീസാണെന്നും വിശ്വസിച്ചുകൊണ്ടിരിക്കുന്ന പാത്രിയക്കീസുകക്ഷിയും ഇവരും തമ്മിൽ യോജിക്കുകയെന്നതു ക്ഷിപ്രസാദ്ധ്യമാണെന്നു തോന്നുന്നില്ല. വിശ്വാസവിഷയത്തിൽ പരസ്പരം മത്സരിച്ചുകൊണ്ടിരിക്കുന്ന ഈ രണ്ടു കക്ഷികളേയും പീസ്‌ലീഗുകാർ ഉദ്ദേശിക്കുന്ന രീതിയിൽ ബാഹ്യമാത്രമായി യോജിപ്പിക്കാൻ സാധിച്ചേക്കാം. ഇരുകൂട്ടരും ഏകവിശ്വാസം സ്വീകരിച്ചുകൊണ്ടുള്ള ഒരു യോജിപ്പുണ്ടാക്കാൻ സാധിക്കുന്നില്ലെങ്കിൽ രണ്ടു കക്ഷികളും തമ്മിൽ യോജിച്ചുവെന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളതു്?

ഒരുകാലത്തു യാക്കോബായക്കാർ എല്ലവരും വി. പത്രോസിന്റെ പരമാധികാരത്തേയും അന്ത്യോഖ്യാപാത്രിയക്കീസിനു് മലങ്കരയാക്കോബായ സഭയുടെ മേലുള്ള അധികാരത്തേയും യാതൊരു എതിർപ്പും കൂടാതെ സമ്മതിച്ചിരുന്നതാണു്. എന്നാൽ ഇപ്പോൾ യാക്കോബായസഭയിലെ ഗണ്യമായ ഒരു വിഭാഗം ആ സഭയുടെ കാതലായ ഈ വിശ്വാസത്തെ നിഷേധിച്ചുകൊണ്ടിരിക്കുന്നു. ഇവർ രണ്ടുകൂട്ടരും തമ്മിൽ യോജിക്കണമെന്നുവരികിൽ ഒന്നുകിൽ കാതോലിക്കാസുകക്ഷി തങ്ങളുടെ അഭിപ്രായം തെററിപ്പോയിയെന്നു സമ്മതിച്ചു് വി. പത്രോസിന്റെ പരമാധികാരത്തേയും അതിന്മേൽ ആശ്രയിച്ചുനില്ക്കുന്ന അന്ത്യോഖ്യാപാത്രിയക്കീസിന്റെ മലങ്കരസഭമേലുള്ള അധികാരത്തേയും നിരുപാധികമായി സമ്മതിച്ചു് പാത്രിയക്കീസിന്റെ അധികാരത്തിനു വീണ്ടും കീഴ്പ്പെടണം; അല്ലാത്തപക്ഷം, പാത്രിയക്കീസുകക്ഷി കാതോലിക്കാസുകക്ഷിയുടെ അഭിപ്രായം സ്വീകരിച്ചു് വി. പത്രോസിന്റെ പരമാധികാരത്തേയും മലങ്കരസഭമേൽ അന്ത്യോഖ്യാപാത്രിയക്കീസിനുള്ള അധികാരത്തേയും നിഷേധിച്ചു് മലങ്കരയാക്കോബായസഭ ഒരു സ്വതന്ത്രസഭയാണെന്നു പ്രഖ്യാപിക്കണം. പാത്രിയക്കീസുകക്ഷി ഇതുവരേയും തങ്ങളുടെ മൗലികവിശ്വാസമായി ഗണിച്ചിരുന്ന ഈ തത്വങ്ങളെ നിഷേധിക്കുന്നതിനു് സന്നദ്ധമാകുമോയെന്നു കണ്ടുതന്നെ അറിയണം.

യാക്കോബായസഭയിൽ സുദീർഘമായി നിലനിന്നുകൊണ്ടിരിക്കുന്ന ഈ ബാവാമെത്രാൻ വഴക്കു് ആ സഭയുടെ ഉന്മൂലനാശത്തിനു കാരണമായിത്തീരുമെന്നുള്ള ഭയംനിമിത്തമാണു് പീസ്‌ലീഗുകാർ ഇപ്പോൾ ഇങ്ങനെ കഠിനമായ ത്യാഗങ്ങൾ സഹിച്ചുകൊണ്ടു് സഭയിൽ സമാധാനമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. അവർ സമാധാനത്തിനുവേണ്ടി പാത്രിയക്കീസ്‌സമക്ഷം സമപ്പിച്ച അപേക്ഷ നിരസിക്കപ്പെടുകയാണുണ്ടായതെന്നും സമാധാനത്തിനുവേണ്ടിയുള്ളയുവജനങ്ങളുടെ ഈ സംരംഭത്തെ പാത്രിയക്കീസു് അനുകൂലിക്കുന്നില്ലെന്നുമാണു് ഒടുവിൽ കിട്ടിയ വാർത്തകളിൽനിന്നും വിശദമാകുന്നതു്. യാക്കോബായസഭയുടെ ഭാവി ത്രാസിൽ തൂങ്ങിയിരിക്കുന്ന അവസരമാണു് ഇതെന്നുള്ളതിനു് സംശയമില്ല.

ഈ അവസരത്തിൽ മലങ്കരസഭയുടെ പൂർവ്വികചരിത്രത്തിലേക്കു് ഒന്നു കണ്ണോടിക്കുന്നതു് സന്ദർഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. ക്രിസ്ത്വബ്ദം 1653 ൽ നടന്ന കൂനൻകുരിശുസത്യത്തെത്തുടർന്നുണ്ടായ ചില സംഭവവികാസങ്ങൾക്കുശേഷമാണു് മലങ്കരസഭ "പഴയകൂർ" എന്നും "പുത്തൻ കൂർ" എന്നും രണ്ടു വിഭാഗങ്ങളായിത്തിരിഞ്ഞതു്. മലങ്കരസഭയുടെ പുരാതനവിശ്വാസത്തെ യാതൊരു മാററവും കൂടാതെ സ്വീകരിച്ചു് ആ വിശ്വാസത്തിൽ ഉറച്ചുനിന്നവർ "പഴയ കൂററുകാർ" എന്ന പേരിൽ വിളിക്കപ്പെട്ടു. "പുത്തൻകൂററുകാർ" അന്നു സഭാഭരണം നടത്തിക്കൊണ്ടിരുന്ന പോർട്ടുഗീസുകാരായ വൈദികമേലദ്ധ്യക്ഷന്മാരോടു് എതിർത്തു് ആദ്യം ശീശ്മയിൽ അകപ്പെടുകയും പിന്നീടു് വിശ്വാസാചാരങ്ങളിൽ ചില മാററങ്ങൾ വരുത്തുകയുംചെയ്തു. ഇതിനാലാണു് അവർ "പുത്തൻകൂററുകാർ" എന്നു വിളിക്കപ്പെടാനിടയായതു്. "പഴയ കൂററുകാർ" അന്നും ഇന്നും കത്തോലിക്കരാണെന്നുള്ളതിനു് സംശയമില്ലല്ലോ. "പുത്തൻകൂററുകാർ" ക്രമേണ കത്തോലിക്കാസഭയുടെ ഐക്യത്തിൽനിന്നും മാറി അന്ത്യോഖ്യാ യാക്കോബായ പാത്രിയക്കീസിനു് കീഴ്പ്പെടുകയും യാക്കോബായക്കാരായി തീരുകയുംചെയ്തു.

തിരുവിതാംകൂർ ഗവമ്മെൻറിന്റെ പുരാതനറിക്കാർട്ടുകളിൽ കത്തോലിക്കരെ "പഴയ കൂററുകാർ" എന്നും യാക്കോബായക്കാരെ "പുത്തൻകൂററുകാർ" എന്നുമാണു് വിളിച്ചുവന്നിരുന്നതു്. മുള




സ്വർണ്ണം, വെള്ളി, തങ്കം, പവൻ

സ്വർണ്ണാഭരണങ്ങൾ

മുതലായവയ്ക്കു്

C. K. Paul & Co.

Jewellers & Bullion Merchants

ERNAKULAM

Phone 536

ക്കളത്തെ അതിപുരാതനമായ പള്ളി പുത്തൻകൂറുകാരുമായുള്ള സന്ധിവ്യവസ്ഥ അനുസരിച്ച് അവർക്ക് വിട്ടുകൊടുത്തുംവച്ച് കത്തോലിക്കർ ഒരു പുതിയ പള്ളി പണിതു് തങ്ങളുടെ ആരാധനാസ്ഥലമാക്കിത്തീർത്തു. പുതുതായി പണിയിക്കപ്പെട്ട മുളക്കുളം കത്തോലിക്കാപ്പള്ളി "പഴയകൂർ പള്ളി" എന്നും യാക്കോബായക്കാരുടെ കൈവശമിരിക്കുന്ന പഴയപള്ളി "പുത്തൻകൂർ പള്ളി" എന്നുമുള്ള പേരിലാണ് ഗവമെന്റ് റിക്കാർട്ടുകളിൽ അറിയപ്പെടുന്നതു്. "പഴയ കൂറുകാർ" എന്നും "പുത്തൻകൂറുകാർ" എന്നുമുള്ള രണ്ടു വിഭാഗങ്ങൾ മലങ്കരസഭയിൽ ഉണ്ടായ നാൾമുതൽ ഇന്നുവരേയും നിലനിന്നുപോരുന്നതുകൊണ്ടു് മലങ്കരസഭയുടെ പുരാതനവിശ്വാസം കത്തോലിക്കാ വിശ്വാസമാണെന്നും "പുത്തൻകൂർ" നവീകൃതമായ വിശ്വാസമാണെന്നും സ്ഫടികസ്ഫുടമായി തെളിയുന്നു.

"പുത്തൻകൂറുകാർ" "പഴയകൂറുകാരിൽ"നിന്നും പിരിഞ്ഞതിനുശേഷം സത്യമായിട്ടുള്ള വിശ്വാസം—പഴയകൂർ വിശ്വാസം (കത്തോലിക്കാവിശ്വാസം) ആണെന്നും "പുത്തൻകൂറുകാർ' സത്യവിശ്വാസത്തിൽനിന്നും തെററി ശീശ്മയിലാണ് നില്ക്കുന്നതെന്നും ഉള്ള ബോധ്യം നിമിത്തം "പുത്തൻകൂർ" മെത്രാന്മാരായ നാലാം മാർ തോമ്മായും അഞ്ചാം മാർ തോമ്മായും ആറാം മാർ തോമ്മായും (ഒന്നാമത്തെ ദിവന്നാസ്യോസ്) കത്തോലിക്കാസഭയിലേക്കു ചേരാൻ വേണ്ടി വളരെയധികം ശ്രമിക്കയും റോമിലേക്കു പലപ്പോഴും അപേക്ഷകൾ അയക്കയും ചെയ്തിട്ടുള്ളതാകുന്നു. ആറാംമാർതോമ്മായുടെ കാലത്തു് അദ്ദേഹത്തെയും തന്റെ കീഴിലുള്ള അമ്പതിനായിരം പുത്തൻകൂറുകാരെയും കത്തോലിക്കാസഭയിൽ ചേർക്കണമെന്നു് അധികാരസ്ഥാനങ്ങളിൽ നിർബന്ധപൂർവ്വം അപേക്ഷിച്ചിട്ടുള്ളതാണ്. ഈ നാട്ടുകാരനും റോമിലെ പ്രൊപ്പഗാന്താകോളേജിൽ പഠിച്ച് ഉന്നതബിരുദങ്ങൾ നേടിയ ആളും ആലങ്ങാട്ട് സെമിനാരിയിൽ പ്രൊഫസ്സറും ആയിരുന്ന കരിയാററി യൗസേപ്പു മല്പാനെയും പാറേമ്മാക്കൽ തോമ്മാ കത്തനാരെയും കൂടി ആറാം മാർ തോമ്മായുടെ നിർബന്ധപൂർവ്വകമായ അപേക്ഷ നിമിത്തം പുത്തൻകൂറുകാരും പഴയകൂറുകാരും കൂടി യോജിച്ച് ഈ ഉദ്ദേശ്യസാദ്ധ്യത്തിനായി റോമിലേക്ക് അയക്കയും അതിലേക്കുവേണ്ടിയിരുന്ന ചിലവുകൾ ഇരുകൂട്ടരുംകൂടി വഹിക്കയും ചെയ്തിട്ടുള്ളതാകുന്നു. കരിയാററിമല്പാനും പാറേമ്മാക്കൽ തോമ്മാകത്തനാരും കൂടി ഒമ്പതു കൊല്ലക്കാലത്തോളം യൂറോപ്പിൽ താമസിച്ച് ഇതിലേക്കുവേണ്ടി പരിശ്രമിച്ചു. ഒടുവിൽ റോമിലെ അധികാരികൾ കരിയാററിമല്പാന്റെ ഉദ്ദേശ്യശുദ്ധി മനസ്സിലാക്കുകയും മെത്രാൻസ്ഥാനം സ്വീകരിക്കുന്നതിനു് അദ്ദേഹം സർവ്വഥാ യോഗ്യനാണെന്നു് ഗ്രഹിക്കയും ചെയ്തതിനാൽ കരിയാററിമല്പാൻ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെടുകയുമുണ്ടായി. പുത്തൻകൂറുകാരെ ഒന്നടങ്കം അവരുടെ മെത്രാനോടുകൂടി കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്നതിനുള്ള അധികാരപത്രം അദ്ദേഹത്തിനു സിദ്ധിച്ചു. മടക്കയാത്രയിൽ കരിയാററി മെത്രാൻ ഗോവയിൽവച്ച് അപ്രതീക്ഷിതമായി മരണം പ്രാപിച്ചതുകൊണ്ടു് പുത്തൻകൂറുകാരെയും അവരുടെ മെത്രാനെയും കത്തോലിക്കാ സഭയിലേക്ക് ചേർക്കണമെന്നുള്ള അഭിലാഷം സാധിക്കുന്നതിനു ഇടയായില്ല. കരിയാററി മെത്രാന്റെ ദേഹവിയോഗം മലങ്കരസഭയ്ക്കു് ഒരു അപരിഹാര്യമായ നഷ്ടമായിരുന്നുവെന്നതിനു് സംശയമില്ല.

ഈ അത്യാഹിതത്തിനു ശേഷവും പുത്തൻകൂറുകാരുടെ പുനരൈക്യത്തിനായുള്ള ശ്രമങ്ങൾ പിന്നെയും പലപ്പോഴും നടത്തിയിട്ടുള്ളതാണ്. പിന്നീടു് നടത്തിയിട്ടുള്ള ശ്രമങ്ങളും ഓരോ കാരണങ്ങളാൽ പരാജയപ്പെടുകയാണു് ചെയ്തതു്. പുത്തൻകൂർ സഹോദരങ്ങളുടെ പുനരൈക്യത്തിനു് ദീർഘനാളായി നമ്മുടെ പൂർവ്വികന്മാർ നടത്തിയിട്ടുള്ള പരിശ്രമങ്ങൾ വിജയത്തിൽ കലാശിച്ചതു് "മലങ്കരറീത്തു്" എന്ന പേരിൽ ഒരു പുതിയ റീത്തു് പുനരൈക്യപ്പെടുന്നവരെ ഉദ്ദേശിച്ച് റോമിൽനിന്നു് അനുവദിച്ച് കല്പനയുണ്ടാകയും മാർ ഈവാനിയോസ്, മാർ തീയോഫിലോസ് എന്ന മെത്രാന്മാരും ഒട്ടു വളരെ വൈദികരും ജനങ്ങളും കത്തോലിക്കാസഭയിലേക്കു ചേരുകയും പുനരൈക്യപ്പെട്ടവർക്കുവേണ്ടി രണ്ടു രൂപതകൾ അനുവദിച്ചുകൊടുക്കുകയും ചെയ്തതിനോടുകൂടിയാണ്. ഇപ്പോൾ യാക്കോബായക്കാരുടെ പുനരൈക്യത്തിനുള്ള സകല പ്രതിബന്ധങ്ങളും നീങ്ങിയിരിക്കുകയാണ്.

യാക്കോബായസഭയിൽ സമാധാനത്തിനുള്ള ശരിയായ മാർഗ്ഗം ഏതാണെന്നു് അവരുടെ ഇടയിൽ കുശാഗ്രബുദ്ധിയും അഗാധപണ്ഡിതനും ഇൻഡ്യയിലെ മഹാന്മാരുടെ കൂട്ടത്തിൽ അദ്വിതീയസ്ഥാനമുള്ളവനും ആയിരുന്ന മാർ ഈവാനിയോസ് തിരുമേനിയും അദ്ദേഹത്തോടു ഒരുമിച്ചും പിന്നീടും പുനരൈക്യപ്പെട്ടിട്ടുള്ള മെത്രാന്മാരും വൈദികരും ജനങ്ങളും സ്വസഹോദരങ്ങളായ യാക്കോബായക്കാർക്കു കാണിച്ചുകൊടുത്തിട്ടുണ്ടു്. സഭയിൽ ശരിയായ സമാധാനമുണ്ടാകണമെങ്കിൽ ദൈവം നിശ്ചയിച്ച മാർഗ്ഗത്തിൽക്കൂടെയാണു് സമാധാനകാംക്ഷികൾ ശ്രമിക്കേണ്ടതു്. യാക്കോബായസഭ ക്രിസ്തുവിന്റെ സഭയല്ലെന്നും ക്രിസ്തുവിന്റെ അരൂപി ആ സഭയിൽ ഇല്ലെന്നും ആ സഭയുടെ ഇതഃപര്യന്തമുള്ള ചരിത്രം വിളിച്ചറിയിക്കുന്നുണ്ടു്. സത്യസഭയായ കത്തോലിക്കാസഭയിൽനിന്നും അവർ വിട്ടകന്നുപോയതുപോലെ സത്യസഭയുടെ ഐക്യത്തിലേക്കു് ശീശ്മയും മതഭേദവും ഉപേക്ഷിച്ച് തിരിഞ്ഞുവരുന്നെങ്കിലല്ലാതെ അവർക്കു് ശാശ്വതമായ സമാധാനം അനുഭവിക്കാൻ കഴിയുന്നതല്ല. ദൈവം അവർക്കു് നിശ്ചയിച്ചിട്ടുള്ള സമാധാനമാർഗ്ഗം കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെടുക ഒന്നുമാത്രമാണു്. എന്നാൽ "ഞങ്ങൾക്കു് സത്യസഭയും ആയുള്ള ഐക്യംമൂലമുള്ള സമാധാനം ആവശ്യമില്ല, യാക്കോബായ സഭയിൽനിന്നുകൊണ്ടുള്ള സമാധാനം മാത്രംമതി" എന്നു് അവർ ദുർവ്വാശ്യം പിടിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ ദൈവനിശ്ചയത്തോടു പ്രത്യക്ഷമായി എതിർക്കുകയാണു് ചെയ്യുന്നതെന്നും ഇതുമൂലം ദൈവാനുഗ്രഹം അവർക്കു് നഷ്ടപ്പെടുന്നതാണെന്നും യാക്കോബായസഹോദരങ്ങൾ മനസ്സിലാക്കണം. ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമേനി കണ്ടറമെത്രാനായിരുന്നകാലത്തു് പുനരൈക്യപ്രസ്ഥാനത്തിൽ സഹകരിക്കാൻ തനിക്കു സമ്മതമാണെന്നും മാർ ഈവാനിയോസിനെ അനുഗമിക്കാൻ താനും തയ്യാറാണെന്നും വെളിപ്പെടുത്തിക്കൊണ്ടു് സ്വന്തം കൈപ്പടയിൽ അയച്ച എഴുത്തു് ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ടു്.

അതിനാൽ യാക്കോബായസഹോദരങ്ങൾ അഭിലഷിക്കുന്ന യഥാർത്ഥമായ സമാധാനം സത്യൈകസഭയായ കത്തോലിക്കാസഭയും ആയുള്ള പുനരൈക്യംകൊണ്ടുമാത്രമേ സിദ്ധിക്കുകയുള്ളൂവെന്നും അവർ പതിനേഴാംനൂററാണ്ടിൽ എവിടെനിന്നും പിരിഞ്ഞുപോയോ ആ "പഴയകൂർ വിശ്വാസത്തിലേക്കു്" തിരിച്ചുവരേണ്ടതു് സമാധാനലബ്ധിക്കും സ്വന്തം ആത്മരക്ഷയ്ക്കും ഒഴിച്ചുകൂടാത്ത കാര്യമാണെന്നും സാദരം അവരെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. പുണ്യശ്ലോകനായ മാർ ഈവാനിയോസ് തിരുമേനിയുടെ മാഹാത്മ്യവും അനുകരിക്കേണ്ടതാണ്. അവർക്കു് ധൈര്യവും പ്രചോദനവും ലഭിക്കട്ടെയെന്നു് ഏവരും പ്രാർത്ഥിച്ചുകൊള്ളുന്നു.

# സഭാംബിക

(മൈക്കിൾ ഡി. വള്ളനാമററം)

അഭിമാനത്തിന്റെ കരൾത്തുടിപ്പോടുകൂടി അവളെ ഞാൻ സംബോധന ചെയ്യും.........

അംബികേ! മരന്ദമയമായ ആ മധുരനാമത്തെ ദിഗന്തങ്ങളിൽ പ്രതിധ്വനിപ്പിക്കുവാൻ ഈ പിഞ്ചധരങ്ങൾക്കു കഴിയുമായിരുന്നെങ്കിൽ.... ... ...!!

ശൂന്യതയുടെ ശൂന്യതയിൽ അവിടുന്നെനിക്കു രൂപം നൽകി; ജീവിതത്തിന്റെ മലക്കാവിൽ എനിക്കു പ്രവേശനമരുളി; പാകതയുടെ പരമോന്നതിയിലേക്കു് എന്നെ ആനയിക്കുകയുമാണു്!

അതെ, സാന്ത്വനസന്ദായകമായ അവിടുത്തെ സന്നിധാനത്തിൽ ഞാനെത്ര സൗഭാഗ്യവാനല്ല! ശീതാതപങ്ങളിൽ എനിക്കാലംബമേകുന്നതും, പൈദാഹപാരവശ്യങ്ങളിൽ പാലൂട്ടുന്നതും അവിടുന്നു മാത്രമാണു്! പരിതഃസ്ഥിതികളുടെ പ്രാതികൂല്യം ഈ പവിത്രാകാരത്തെ മലിനപ്പെടുത്തുമെങ്കിൽ, മാരകങ്ങളായ രോഗവൈവിധ്യങ്ങൾ അതിനെ ആവസിക്കുമെങ്കിൽ, പരിചരണത്തിന്റെ വിരിച്ച ഹസ്തങ്ങളുമായി പരിരക്ഷണത്തിന്റെ ദിവ്യൗഷധങ്ങളുമായി, പാഞ്ഞെത്തുന്നതും അവിടുന്നുതന്നെയാണു്!!

അംബികേ! കൃതജ്ഞതാനിർഭരമായ ഒരുൾക്കിതപ്പല്ലാതെ മറെറാന്നു് ഞാനവിടുത്തേക്കു നൽകുക!

* * *

അംബിക! അവളൊരു കാമിനിയാണു്; കാലത്തിന്റെ കണ്ണിണകളെ കവർന്നുകൊണ്ടിരിക്കുന്ന ഒരു ലോകസുന്ദരിയാണു്; പ്രേമത്തിന്റെ ഗിരിപ്പരപ്പിലെ സേവനത്തിന്റെ നിർഝരണിയാണു്; ആതപത്തിന്റെ വഴിവക്കിലെ ആശ്വാസത്തിന്റെ തണൽവൃക്ഷവുമാണു്!

അവൾക്കൊരു കാമുകനുണ്ടു്, ക്രിസ്തു! നീലാംബരത്തെ വെള്ളിത്താരങ്ങളാലും, നീരാലയത്തെ കൊച്ചോളങ്ങളാലും കമനീയമാക്കുന്ന ശില്പീന്ദ്രനാണവിടുന്നു! പൂഴിമണ്ണിൽ പുല്ക്കൊടികളെയും, പൂവിതളുകളിൽ വർണ്ണവൈവിധ്യങ്ങളെയും ചിത്രീകരിക്കുന്ന ചിത്രകാരനാണവിടുന്നു്! വസന്തകോകിലത്തിന്റെ കണ്ഠനാളത്തിലൂടെ സാന്ത്വനത്തിന്റെ മുരളീഗാനം മുഴക്കുന്ന മോഹനഗായകനാണവിടുന്നു്! അതെ, അവിടുന്നൊരു കലാകാരനാണു്!!

പക്ഷെ, ലോകായതികത്വം! അതു് യുവത്വത്തിന്റെ നിറപ്പകിട്ടോടുകൂടി അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു; യാചനയുടെ കൈത്തലങ്ങളുമായി അവളെ സമീപിച്ചു; നൈരാശ്യത്തിന്റെ പേക്കോലവുമായി അവളുടെ മുമ്പിൽ കലിതുള്ളുകയാണു്......!

നാരകീയശക്തികൾ സുസംഘടിതരായി രംഗത്തിറങ്ങിയിട്ടുണ്ടു്, അവളെ അടിപ്പെടുത്തുവാൻ. ഭരണമേധാവികളും ജനപ്രധാനരും അവൾക്കെതിരായി അണിനിരന്നിട്ടുമുണ്ടു്. തീച്ചൂളകളും ഹിമക്കുപങ്ങളും സ്വാർത്ഥകരുടെ കുരുതിക്കളങ്ങളായി രൂപാന്തരപ്പെട്ടു. വീരചരിതരായ സന്താനസഹസ്രങ്ങൾ അവളുടെ കൺമുമ്പിൽ അരിഞ്ഞുവീഴ്ത്തപ്പെട്ടു. അതെ, ക്രൈസ്തവരക്തം, നദീജലം പോലെ നഗരവീഥികളിൽക്കൂടി പ്രവഹിക്കുകതന്നെ ചെയ്തു. വിടകേസരികൾ അട്ടഹസിച്ചു അവൾ ഭൂമുഖത്തുനിന്നും നാമാവശേഷയായെന്നു !!

എങ്കിലും, നിശ്ചഞ്ചലയായി, നിർവ്വികാരയായി അന്നും നിലകൊള്ളുകയായിരുന്നവൾ! സ്വസന്താനങ്ങളുടെ ചുടുശോണിതത്തിൽ കാലൂന്നിച്ചുകൊണ്ടു് സധീരം മുന്നേറുകയായിരുന്നവൾ!! ശാന്തിയുടെയും സാന്ത്വനത്തിന്റെയും വഴിയമ്പലമായി പരിലസിക്കയായിരുന്നവൾ!!!

അങ്ങനെ, വർഷങ്ങളെയും ശതവർഷങ്ങളെയും, സഹസ്രവർഷങ്ങളെത്തന്നെയും അവൾ അതിജീവിച്ചു കഴിഞ്ഞു; സാമ്രാജ്യങ്ങളുടെ ഉദയാസ്തമനങ്ങളും, സാമ്രാജ്യദുർമ്മോഹികളുടെ ഗതിവിഗതികളും അവൾ ദർശിച്ചുകഴിഞ്ഞു; നഗരങ്ങളും നാഗരികതയും കെട്ടിപ്പടുക്കുന്നതും നശിച്ചു നാമാവശേഷമാകുന്നതും അവൾ കണ്ടുകഴിഞ്ഞിരിക്കുകയാണു്!!

പക്ഷെ, അവളുടെ വിശ്വവിശ്രുതി, ലോകായതികന്മാരെ വേദനിപ്പിക്കുകയാണിന്നും; അവളുടെ വിശ്വോത്തരസൗന്ദര്യം വിടരക്ഷസ്സുകളെ ഭഗ്നാശരാക്കുകയാണിന്നും; അനന്യലഭ്യമായ അവളുടെ വിജ്ഞാനവൈശിഷ്ട്യം പലർക്കും പരിഭ്രമകാരണമാണിന്നും!

പ്രാദേശികമായി, ഇന്നും മർദ്ദിക്കപ്പെടുകയാണവൾ! അവളുടെ പ്രേഷ്ഠജാതർ ഭത്സിക്കപ്പെടുകയാണു്, നിന്ദിക്കപ്പെടുകയാണു്, ദയനീയമായി പീഡിക്കപ്പെടുകയുമാണു്! അതെ, സാർവ്വത്രികമായ ഒരു സംഹാരസംരംഭം അവൾക്കെതിരായി രൂപമെടുത്തിരിക്കുകയാണു്!!

അവൾ വിജയിക്കുകതന്നെ ചെയ്യും. അവളുടെ പ്രാണനാഥൻ അതരുൾചെയ്തിട്ടുണ്ടു. "അവൾ ലോകാവസാനത്തോളം നിലനില്ക്കു"മെന്നു്! നാരകീയസർപ്പം ഫണമൊതുക്കേണ്ടിവരും, അവളുടെ പദാന്തികത്തിൽ! ലോകായ

ഒരെണ്ണയും പിടിക്കാത്തവർക്കും
നീരിറക്കത്തിനും

## അമൃതതൈലം

നീരിറക്കം, ഏങ്ങൽ, താരൻ, മൊരിചുണങ്ങ്, പുഴുക്കടി, കരിമങ്ങം, ചൊറി, ദേഹത്തിൽ ആണി, പല്ലുവേദന, തലവേദന, മുടികൊഴിച്ചിൽ, കരുവാളിപ്പ്. ചുട്ടുപുകച്ചിൽ, കാൽവരവിള്ളൽ, കാലിൽ ആണി മുതലായവയ്ക്കു് ഞങ്ങളുടെ അമൃതതൈലം തലയിലും ദേഹത്തിലും ഉപയോഗിക്കുക. ഈ തൈലത്തിന്റെ നിത്യോപയോഗം ത്വക്ക്രോഗങ്ങളുടെ പകർച്ചയിൽനിന്നു സംരക്ഷിച്ചു ദേഹത്തിനു മിനുസവും പ്രകാശവും ഉണ്ടാക്കിത്തീർക്കുന്നു.

N. B. എല്ലാ തിങ്കളാഴ്ചയും ആലപ്പുഴ ബ്രാഞ്ചിലും, ചൊവ്വ, വെള്ളി ചാലക്കുടി ബ്രാഞ്ചിലും, ബുധൻ, ശനി ഇരിങ്ങാലക്കുട ബ്രാഞ്ചിലും 22-5-55 ഞായറാഴ്ച ഞാറയ്ക്കൽ ബ്രാഞ്ചിലും (ആസ്പത്രിക്കു് സമീപം) 2മണിമുതൽ 6മണിവരെ കെ. കെ. പാവുണ്ണി വൈദ്യൻ ഉണ്ടായിരിക്കുന്നതാണു്. കൂടുതൽ വിവരങ്ങൾക്കു്:-

കെ. കെ. പാവുണ്ണി വൈദ്യൻ
കാളൻ ആയുർവ്വേദ ഔഷധശാല, നെല്ലായി

## ദിവ്യമായ ഒരാഹ്വാനം


വൈദികാന്തസ്സിൽ പ്രവേശിച്ച് കേരളത്തിലും കേരളത്തിനു പുറത്തും വിദ്യാഭ്യാസപ്രവർത്തനങ്ങളിലും, മിഷൻ രംഗങ്ങളിലും, വേദപ്രസംഗവേദികളിലും, സാഹിത്യമണ്ഡലങ്ങളിലും മററും മിശിഹാക്കുവേണ്ടി സേവനമനുഷ്ഠിച്ചു സ്വന്തം പുണ്യപൂർണ്ണതയും പരാത്മരക്ഷയും സാധിക്കുവാൻ ആഗ്രഹിക്കുന്ന സുശീലരും ആരോഗ്യവാന്മാരുമായ യുവാക്കന്മാരെ കേരളീയകർമ്മലീത്താ സഭയുടെ തിരുഹൃദയപ്രോവിൻസിലേക്കു സസ്നേഹം ക്ഷണിച്ചുകൊള്ളുന്നു. സർവ്വകലാശാലാബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ളവർക്കും സ്കൂൾഫൈനൽപരീക്ഷയിൽ "ക്ലാസ്സ്"കിട്ടി ജയിച്ചിട്ടുള്ളവർക്കും മുൻഗണന നൽകപ്പെടുന്നതാണു്. പ്രശസ്തമതികളായ യുവാക്കന്മാരെ യോഗാർത്ഥിമന്ദിരത്തിൽ സ്വീകരിച്ചശേഷം ഉന്നതവിദ്യാഭ്യാസത്തിനയക്കുന്നതായിരിക്കും. മൂന്നാംഫാറം ജയിച്ചുകഴിഞ്ഞ കൊച്ചുകുട്ടികളെ യോഗാർത്ഥിമന്ദിരത്തിൽ ചേർത്തു പഠിപ്പിക്കുന്നതാണു്. ബ്രദർമാരായി സഭയിൽ ചേരാനാഗ്രഹിക്കുന്നവർ മൂന്നാംഫാറമെങ്കിലും പാസായിരിക്കേണ്ടതുണ്ടു്. അപേക്ഷകർ, അവരുടെ വയസ്സ്, മേൽവിലാസം, പരീക്ഷായോഗ്യതകൾ മുതലായവ കാണിച്ച് താഴെ കാണുന്ന വിലാസത്തിൽ എഴുതി ചോദിക്കുകയോ ആലുവാ കർമ്മലീത്താ ആശ്രമത്തിൽ വന്നു വിവരങ്ങൾ നേരിട്ടറിയുകയോ ചെയ്യുമാറാകണം.

വെരി റവ. ഫാദർ പ്രൊവിൻഷ്യൽ
കർമ്മലീത്താ ആശ്രമം, ആലുവാ, P. O.

തികന്മാർ നെററി ചുളിക്കേണ്ടി വരും, അവളുടെ അത്ഭുതാഭിവൃദ്ധിയിൽ!

അംബികേ! ഞെട്ടിക്കരയുവാനോ പൊട്ടിച്ചിരിക്കുവാനോ മാത്രം കഴിയുന്ന ഈ കൊച്ചുർഭകനും ഒന്നാശംസിക്കുകയാണ്, മതത്യാഗിയായ ജൂലിയനോടുകൂടി അവർ വിലപിക്കുകതന്നെ ചെയ്യും, "അല്ലയോ ഗലീലയാക്കാരാ, നീതന്നെ വിജയിച്ചു..........!" എന്ന്.

For favours received




Mrs. Thereasiamma Scaria Kappil
(Excuse for delay)

## ബാലദിനാഘോഷങ്ങൾ

**ഇരിഞ്ഞാലക്കുട:** ഇവിടെ ബാലദിനം വിപുലമായ പരിപാടികളോടുകൂടി നടന്നിരിക്കുന്നു. ബുധൻ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങളിൽ കുട്ടികളുടെ ധ്യാനം, ശനിയാഴ്ച ഫാത്തിമാദിനാചരണം എന്നിവ നടന്നു. ഞായറാഴ്ച രാവിലെ 110 കുട്ടികൾ ആദ്യകുർബാനസ്വീകരണം നടത്തി. തുടർന്നു കുട്ടികളുടെ പൊതുദിവ്യകാരുണ്യസ്വീകരണമായിരുന്നു. 8-30ന് റവ. ഫാദർ പോൾ അമ്പൂക്കൻ ഫാത്തിമാസംഘത്തിന്റെ പതാക ഉയർത്തി. തുടർന്നു ഫോട്ടോയും കാപ്പിസല്ക്കാരവും നടന്നു. ഗംഭീരമായൊരു റാലി പട്ടണം ചുററി 5-30ന് സമ്മേളനസ്ഥലത്തു എത്തിച്ചേർന്നു. തുടർന്നു വെരി റവ. ഫാദർ സഖറിയാസ് സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സി. എ. പ്രാക്കോ, കെ. പി. വിൻസെൻറ് എന്നിവർ പ്രസംഗിച്ചു. വിവിധ കലാപരിപാടികളുമുണ്ടായിരുന്നു.

**തൃശ്ശൂർ:** സ്ഥലം ഭദ്രാസനദേവാലയത്തിൽ ബാലദിനം ആചരിച്ചിരിക്കുന്നു. രാവിലെ കുട്ടികളുടെ പൊതുദിവ്യകാരുണ്യസ്വീകരണം നടത്തി.

**തെ. താണിശ്ശേരി:** സ്ഥലത്തു ബാലദിനാഘോഷങ്ങളോടുകൂടി മരിയാസഖ്യത്തിന്റെയും മാതൃസംഘത്തിന്റെയും വാർഷികം നടത്തി. റവ. ഫാ. എസ്. തേർമഠം എം. ഒ. എൽ. അദ്ധ്യക്ഷതവഹിച്ചു. ബ്രദർ ജി. മഞ്ഞളി പ്രസംഗിച്ചു. വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു.

**മുക്കാട്ടുകര:** സ്ഥലത്തു ബാലദിനം പ്രമാണിച്ചു കുട്ടികളുടെ പൊതുദിവ്യകാരുണ്യസ്വീകരണവും മററു പരിപാടികളും ഉണ്ടായിരുന്നു.

**വരന്തരപ്പിള്ളി:** ബാലദിനാചരണാവസരത്തിൽ സ്ഥലത്തു തൃശ്ശൂർ രൂപതാമെത്രാൻ എഴുന്നെള്ളുകയും അനേകം കുട്ടികൾക്കു സ്ഥൈര്യലേപനം നൽകുകയും ചെയ്തു. കുട്ടികളുടെ പൊതുദിവ്യകാരുണ്യസ്വീകരണം ഉണ്ടായിരുന്നു.

**താണിശ്ശേരി:** ഇവിടെ ബാലദിനത്തിൽ 60 കുട്ടികൾ ആദ്യകുർബാനസ്വീകരണം നടത്തി. കുട്ടികളുടെ പൊതുദിവ്യകാരുണ്യസ്വീകരണവും പ്രദക്ഷിണവും നടന്നു.

**മൂർക്കനാട്:** ഇവിടെ ബാലദിനം ആചരിച്ചിരിക്കുന്നു. കുട്ടികളുടെ പൊതുദിവ്യകാരുണ്യസ്വീകരണം നടത്തുകയുണ്ടായി.

**അവിട്ടത്തൂർ:** ബാലദിനത്തിനു ഇവിടത്തെ കുട്ടികളുടെ പൊതുദിവ്യകാരുണ്യസ്വീകരണമുണ്ടായിരുന്നു.

## ഇടവകവാർത്തകൾ

**മേലൂർ:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സൊഡാലിററി, ചെറുപുഷ്പമിഷൻലീഗ്, സെൻറു വിൻസെൻറു ഡി പോൾ സൊസൈററി, മാതൃസംഘം, സത്യാരാധനസംഘം എന്നിവയുടെ സംയുക്തവാർഷികസമ്മേളനം മേയ് 8-ാംനു ഉച്ചതിരിഞ്ഞു 4 മണിക്കു പള്ളി അങ്കണത്തിൽവച്ചു മലബാർമെയിൽ പത്രാധിപർ റവ. ഫാ. തോമസ് വെളുത്തേടത്തു അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. തദവസരത്തിൽ ഒ. ജെ. ആൻറണി M. A., കെ. പി. ചെറിയാൻ B. A. B. L. എന്നിവർ പ്രസംഗിച്ചു. ആൺകുട്ടികളുടെ "കള്ളസന്യാസി"യും പെൺകുട്ടികളുടെ "കുഞ്ഞനുജത്തി"യും സമ്മേളനത്തെ മോടിപിടിപ്പിച്ചു.

**ആമ്പല്ലൂർ:** മേയ് 8-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞു 4 മണിക്കു ആമ്പല്ലൂർ വി. ക്ലാരാസ് സർവ്വീസ് കാത്തലിക്കു സൊസൈററിയുടെ നാമഹേതുകനായ വി. ക്ലാരാ പുണ്യവാന്റെ തിരുസ്വരൂപം സൊസൈററിയുടെ രക്ഷാധികാരി റവ. ഫാ. ജോർജ്ജ് അക്കര സൊസൈററി അപ്പീസിൽ അനാച്ഛാദനം ചെയ്തിരിക്കുന്നു.

**തവിഞ്ഞാൽ:** സ്ഥലം പള്ളിവക ഹയർ എലിമെൻററി സ്കൂൾഹാളിൽവച്ചു വികാരി റവ. ഫാ. ബ്രിഗാൻഡായുടെ ശ്രമഫലമായി ശ്രീ കൈമാപറമ്പന്റെ മഗ്ദലനാമറിയം കഥാപ്രസംഗം നടത്തിയിരിക്കുന്നു. നാട്ടുകാരുടെ വകയായ ഒരു സ്വർണ്ണമെഡൽ ഡോക്ടർ കെ. വിശ്വനാഥമേനവൻ എം. ബി. ബി. എസ്. കഥാപ്രാസംഗികനു സമ്മാനിച്ചു.

**മൈലക്കാട്:** കത്തോലിക്കാപള്ളിയിൽ വിശുദ്ധ ഗീവറുഗീസ് സഹദായുടെ തിരുനാൾ മോടിയായി കൊണ്ടാടപ്പെട്ടു. തലേദിവസം വേസ്പരയെ തുടർന്നു മി. ജോസഫ് കൈമാപ്പറമ്പൻ വിശുദ്ധ സ്നാപകയോഹന്നാന്റെ ശിരച്ഛേദത്തെ ആസ്പദമാക്കി ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

**തുടങ്ങനാട്:** മേയ് എട്ടാം തീയതി സ്ഥലം സ്കൂളിൽവച്ചു കൂടിയ യോഗത്തിൽ അറാക്കുളം പ്രാ: കൗ: സെക്രട്ടറി ബ്രദർ എം. എ. തോമ്മസ്സ് മഞ്ഞക്കുന്നേൽ, ബ്രദർ കെ. സി. ജോസഫ് കുറിച്ചിത്താനം എന്നിവർ പ്രസംഗിക്കയും മിഷൻലീഗ് ശാഖ പുനഃസംഘടിപ്പിക്കയും ചെയ്തിരിക്കുന്നു.

**അമ്മാടം:** ഈ പള്ളിയിൽ വിശുദ്ധ അന്തോനീസ് പുണ്യവാളന്റെ തിരുനാൾ മേയ് 3-ാംനു ആഘോഷിച്ചു. തിരുനാൾ പ്രസംഗം റവ. ഫാദർ ജെ. ചെമ്മണൂർ നടത്തി.




**തലോർ:** ഈ മാസം 8-ാം തീയതി ഉച്ചതിരിഞ്ഞു 5 മണിക്കു അങ്കമാലി ഫൊറോനാപ്പള്ളി വികാരി പെ. ബ. ജോർജ്ജ് കവലക്കാട്ടു അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ഇവിടത്തെ മരിയസഖ്യത്തിന്റെ വാർഷികം കൊണ്ടാടി ശ്രീമാൻ C. L. ഇഗ്നേഷ്യസ് ആയിരുന്നു പ്രാസംഗികൻ. സഖ്യാംഗങ്ങളുടെ വിവിധ കലാപ്രകടനങ്ങൾ ഉണ്ടായിരുന്നു. യോഗാനന്തരം "പരമാർത്ഥങ്ങൾ തെളിയുകയാണു" എന്ന സംഗീതനാടകം സഖ്യാംഗങ്ങൾ അഭിനയിച്ചു.

**ആലപ്പുഴ:** സ്ഥലം സെൻറു അസീസി ദേവാലയത്തിലെ ഫാത്തിമാനാഥയുടെ തിരുനാൾ മേയ് 15-ാംനു ഭംഗിയായി നടത്തിയിരിക്കുന്നു. തിരുനാളിന്റെ ഒരുക്കദിവസങ്ങളിലും റവ. ഫാദേഴ്സ് ജോസഫ് കോയിൽപറമ്പിൽ; ജെ. റെയ്നോൾഡ് പുരയ്ക്കൽ; ജോസഫ് കളരിക്കൽ; ജോസഫ് തെക്കേപ്പാച്ചേരിൽ ഇവരുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു.

**ഉപ്പുതറ:** സെൻറു ഫിലോമിനാ പള്ളിയിൽ അസി. വികാരിയായിരുന്ന റവ ഫാദർ ജോസഫ് തോട്ടുപുറം അവർകളെ മുക്കുളം പള്ളി വികാരിയായി നിയമിച്ചിരിക്കുന്നു. സ്ഥലം മാറിപ്പോകുന്ന ഇവിടത്തെ വികാരി റവ. ഫാദർ അലക്സാണ്ടർ വയലുങ്കൽ അവർകൾക്കു സത്യാരാധനസംഘം, മൂന്നാംസഭ എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ഒരു യാത്രയയപ്പു നൽകി. സത്യാരാധനസംഘം ഒരു സുകൃതമഞ്ജരി സമർപ്പിച്ചു.

**മതിലകം:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ 14-ാം വാർഷികവും അഖില ലോക സൊഡാലിററി ദിനവും സംബന്ധിച്ചുള്ള പൊതുയോഗം റവ. ഫാദർ ലാസർ T. O. C. D. B. A. L. T. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ ജയിംസ് കെ. സി. മണിമല ഒരു പ്രസംഗം ചെയ്തു. ഇടയ്ക്കിടയ്ക്കു ബാലികമാരുടെ നൃത്തകലാപ്രകടനങ്ങളുണ്ടായിരുന്നു. യോഗാനന്തരം പെൺകുട്ടികൾ "വഞ്ചനയുടെ പുഞ്ചിരി" എന്ന ഏകാങ്കവും ആൺകുട്ടികൾ ശ്രീ ജയിംസ് കെ. സി. മണിമലയുടെ "പ്രേമയാഗം" എന്ന പുതിയ സാമുദായിക നാടകവും അഭിനയിച്ചു.

**ചെങ്കൽ:** ഈ പള്ളി വികാരിയായിരുന്ന റവ. ഫാ. ജോസഫ് കുരീക്കാട്ട് അവർകൾ കിളിമാനൂർ പള്ളിയിലേക്കു സ്ഥലം മാറിയിരിക്കുന്നു. വിവിധസംഘടനകളുടെ വകയായി അദ്ദേഹത്തിനു ഒരു യാത്ര അയപ്പു നൽകി.

സ്ഥലം പള്ളിയിൽ വാർഷികധ്യാനം മേയ് 9-ാം തീ മുതൽ 12-ാം തീയതിവരെയുള്ള ദിവസങ്ങളിൽ നടന്നു. 13-ാം തീയതി വെള്ളിയാഴ്ച പതിമൂന്നുമണി ആരാധനയായിരുന്നു. ധ്യാനഗുരു റവ. ഫാ. മാത്യു ആലക്കളം അവർകളായിരുന്നു.

**വെണ്ണൂർ:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യം, സെൻറു വിൻസെൻറു ഡി പോൾ സംഘം എന്നിവയുടെ സംയുക്തവാർഷിക പൊതുയോഗം പള്ളിയങ്കണത്തിൽവച്ചു മേയ് 8-ാംനു സായാഹ്നത്തിൽ റവ. ഫാ. ജോർജ് അക്കരയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ എ. സി. റപ്പായി പ്രസംഗിച്ചു. യോഗാനന്തരം "കള്ളസന്യാസി" എന്ന പ്രഹസനാഭിനയവുമുണ്ടായി.

**കൊരട്ടി:** തിരുമുടിക്കുന്നു പള്ളിയിൽ മേയ് 1-ാംനു മുതൽ 8-ാംനു വരെ ഒരു മിഷൻധ്യാനം നടത്തിയിരിക്കുന്നു. സത്യാരാധനാസംഘത്തിന്റെ ഒരു ശാഖ സ്ഥാപിക്കുകയും 9-ാംനു കൊരട്ടിപ്പള്ളിവരെ ഒരു പരിഹാരപ്രദക്ഷിണം നടത്തുകയുംചെയ്തു.

**കുളത്തൂർ:** ചെറുപുഷ്പമിഷൻലീഗ് കുളത്തൂർ, വായ്പൂരു പഴയപള്ളി, പുത്തൻപള്ളി, താഴത്തുവടകര, മുണ്ടത്താനം, ഈ ശാഖകൾ ഉൾപ്പെടുന്ന കുളത്തൂർ പ്രാദേശികകൗൺസിൽ, സ്ഥലം ലീഗ് ഓഫീസിൽവച്ചു ഓർഗനൈസറുടെ അദ്ധ്യക്ഷതയിൽ കൂടി, ബ്ര: ജോസഫ് കരോട്ട് അവർകളെ സെക്രട്ടറിയായി തെരഞ്ഞെടുത്തിരിക്കുന്നു.

**വാഴക്കുളം:** പാലാ സെൻറ് തോമസ് കോളേജു വൈസ് പ്രിൻസിപ്പാൾ റവ. ഫാ. ജോൺ മററം എം. എ. വാഴക്കുളം സി. വൈ. എം. എ., സൊഡാലിററി ഇവയുടെ സംയുക്തവാർഷികസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. ശ്രീ എ. സി. ചാക്കോ ബി. എ. ബി. എൽ., എം. എൽ. എ. പ്രസംഗിച്ചു. ശ്രീ ടി. കെ. അപ്പു ബി. എ. ഒരു പ്രമേയം അവതരിപ്പിച്ചു പാസ്സാക്കി. വിദ്യാർത്ഥിനികളുടെ വിനോദപ്രകടനങ്ങൾ നടന്നു. മേയ് 8-ാം തീയതിയിലെ ഈ വാർഷികയോഗം കൃത്യം 4-30ന് സമാപിച്ചു. യോഗാനന്തരം സെൻറു ജോർജ്ജ്സ് നടനകലാസമിതിയംഗങ്ങൾ ദേവസ്യാ അഞ്ചൂററിമംഗലം അവർകളാൽ വിരചിതമായ "നാടോടി" എന്ന പ്രഹസനം തന്മയത്വമായി അഭിനയിച്ചു.

## വിവാഹവാർത്ത

**മണപ്പുറം:** സ്ഥലം ജോസഫ് ബ്രദേഴ്സ് കയർ ഫാക്ടറി മാനേജർ ശ്രീ കെ. എസ്. പൈലി കോളുതറയും തലയോലപ്പറമ്പിൽ കാചായിൽ ശ്രീ വക്കിയുടെ മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം മേയ് 10-ാംനു തൈക്കാട്ടുശ്ശേരി പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

**ഉപ്പുതറ:** കൽത്തൊട്ടിഇടവക കോട്ടൂർ വക്കി മത്തായിയും ഉപ്പുതറപള്ളി ഇടവക തുമ്പുങ്കൽ ഫിലിപ്പു മകൾ ത്രേസ്യായുംതമ്മിലുള്ള വിവാഹം ഈ പള്ളിയിൽവച്ചു മേയ് 9-ാംനു തിങ്കളാഴ്ച നടന്നു. റവ. ഫാദർ ജോൺ കുന്നപ്പിള്ളി വിവാഹം ആശീർവ്വദിച്ചു.

## ചരമവാർത്തകൾ

**ഉപ്പുതറ:** ഈ ഇടവക പള്ളിപറമ്പിൽ തൊമ്മൻ തന്റെ 46-ാമത്തെ വയസ്സിൽ മേയ് 7-ാംനു ശനിയാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു 9-ാംനു ഞായറാഴ്ച റവ. ഫാദർ ജോൺ കുന്നപ്പിള്ളിയുടെ പ്രധാനകാർമ്മികത്വത്തിൽ യഥാവിധി സംസ്കരിക്കപ്പെട്ടു.

**ആലപ്പുഴ:** തത്തമ്പള്ളി ഇടവക കാപ്പിൽ മാത്യു മാത്തൻ (മത്തച്ചൻ,) 60-ാമത്തെ വയസ്സിൽ മേയ് 9-ാംനു രാവിലെ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ദേവാലയഗാനങ്ങളിൽ പരേതൻ വിദഗ്ദ്ധനായിരുന്നു. 10-ാംനു രാവിലെ ശവസംസ്കാരകർമ്മം നടത്തപ്പെട്ടു. റവ. ഫാദർ ഗ്രിഗരി കല്ലുപ്പറമ്പൻ വീട്ടിൽവച്ചു ഒരു അനുശോചനപ്രസംഗം ചെയ്തു. വെരി റവ. ഫാദർ ജോസഫ് നെല്ലുവേലിയുടെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരഘോഷയാത്ര നടന്നു. പള്ളിയിൽവച്ചു റവ. ഫാദർ ജോസഫ് പുത്തംകളം എസ്സ്. ജെ. ചരമപ്രസംഗം ചെയ്തു. സംസ്കാരാനന്തരം നിരവധി സാധുക്കൾക്കു ധർമ്മം നൽകയുണ്ടായി.

**ചേർത്തല:** മുട്ടത്തുപള്ളി ഇടവക കണ്ടത്തിലായ ചക്കനാട്ടുപറമ്പിൽ വക്കി കൊച്ചുത്രേസ്യ മേയ് 2-ാംനു 23-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. സംസ്കാരകർമ്മം പിറെറദിവസം യഥാവിധി നിർവ്വഹിക്കപ്പെട്ടു. ഈ മഹതി ആറു കൊല്ലത്തോളം സ്ഥലത്തെ കുഷ്ഠരോഗാശുപത്രിയിലെ രോഗികളെ പരിചരിക്കുന്നതിൽ വ്യാപൃതയായിരുന്നു.

**തച്ചപ്പുഴ:** കുററിയാനിക്കൽ ദേവസ്യാ മത്തായി, ഏപ്രിൽ 30-ാംതീയതി 85-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം മേയ് 1-ാംതീയതി റവ. ഫാദർ ജോസഫ് കാവാലം അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ പഴേടം പള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.

R. I. P.

സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—12—0 |

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 || ERNAKULAM, MAY 18 || No. 38


## ബോംബെയിലെ കമ്മ്യൂണിസ്റ്റ് യുവജനമേള

ഈ മേയ്മാസം 28-ാം തീയതിമുതൽ ഒരുവാരം നീണ്ടുനില്ക്കുന്ന ഒരു യുവജനപരിപാടി ബോംബെയിൽവച്ചു നടത്തുന്നതിനുവേണ്ട ഒരുക്കങ്ങൾ ധ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കമ്മ്യൂണിസ്റ്റധീനത്തിലുള്ള സാർവ്വലൗകിക യുവജനമേളയുടെ പഞ്ചമാഹോത്സവത്തിനായി ബോംബെയിൽ രൂപവല്ക്കരിച്ചിട്ടുള്ള പ്രാഥമികക്കമ്മററിയുടെ എക്സിക്യൂട്ടീവ് വിഭാഗമാണ് ഇതിന്റെ നേതൃത്വം വഹിക്കുന്നതു്. വാഴ്സോവിൽ നടക്കാനിരിക്കുന്ന മേളയുടെ ഒരു ഒരുക്കൂട്ടലാണ് പ്രാദേശികമായ ഈ പരിപാടികൾ കൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അതിവിപുലമായ പരിപാടികളും അതോടനുബന്ധിച്ച് ഊർജ്ജിതമായ പ്രചാരണനടപടികളും, പ്രതിനിധിസംഘരൂപവല്ക്കരണവും, പണപ്പിരിവുമെല്ലാം അതികുശലമായി നാടാകെ നടക്കുമെന്നുള്ളതു തീർച്ചയാണ്. എല്ലാ വിഭാഗങ്ങളിലുംപെട്ട യുവസഞ്ചയം സമാധാനത്തിന്റേയും സഖിത്വത്തിന്റേയും കൊടിക്കീഴിൽ അണിനിരക്കണമെന്നു ബോംബെയിലെ മേളക്കമ്മററി ആഹ്വാനം പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രത്യക്ഷത്തിൽ നിരാക്ഷേപകരവും യുവചൈതന്യത്തെ ഉത്തേജിപ്പിക്കുന്നതുമെന്നു തെററിദ്ധരിച്ചേക്കാവുന്ന ഈ കമ്മ്യൂണിസ്റ്റു പ്രസ്ഥാനം, ഇന്ത്യൻ യുവലോകത്തെ വഴിപിഴപ്പിക്കുന്നതിനും കമ്മ്യൂണിസ്റ്റു പ്രവർത്തനങ്ങളെ യുവാക്കന്മാരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും എത്രമാത്രം ഉപകരണമാകുമെന്നു കണ്ടുതന്നെ അറിയേണ്ടതാണ്. പ്രബുദ്ധരായ യുവാക്കന്മാർ ഈ പ്രകടനങ്ങളിൽ ഒളിഞ്ഞിരിക്കുന്ന കമ്മ്യൂണിസ്റ്റ് നുഴഞ്ഞുകയററതന്ത്രത്തെ വേണ്ടസമയത്തു വേണ്ടവിധത്തിൽ മനസ്സിലാക്കുന്നില്ലെങ്കിൽ വിനാശകരങ്ങളായ അധഃപ്പതനങ്ങൾക്കു അതു വഴിതെളിക്കുമെന്നുള്ളതു് തീർച്ചതന്നെ.

### കലാപരിപാടികൾ

കമ്മ്യൂണിസ്റ്റത്തോടനുഭാവമുള്ളവരെ മാത്രമല്ല, കമ്മ്യൂണിസ്റ്റവുമായി യാതൊരു ബന്ധവുമില്ലാത്തവരെപ്പോലും ആകർഷിക്കുന്നതിനു പററിയ പരിപാടികളാണ് മേളപ്രവർത്തകർ സജ്ജീകരിച്ചുകൊണ്ടിരിക്കുന്നതു്. കായികാഭ്യാസങ്ങൾ, സംഗീതം, നൃത്തം, നാടകം മുതലായ കലാപരിപാടികളെല്ലാം വളരെ പ്രശസ്തമായ നിലയിൽ നടത്തപ്പെടുന്നതിനും, കലാവാസനയുള്ള ഗണനീയരായ യുവാക്കന്മാരേയും യുവതികളേയും അതിൽ സഹകരിപ്പിക്കുന്നതിനും കമ്മററി അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നു. കലാബോധത്തിന്റെ പേരിൽ യുവസഞ്ചയത്തെ സമാകർഷിക്കുന്നതിനും കമ്മ്യൂണിസ്റ്റാദർശങ്ങൾ കലാസ്വാദനമാർഗ്ഗേണ അവരിൽ കുത്തിവയ്ക്കുന്നതിനും കമ്മ്യൂണിസ്റ്റുകൾക്കുള്ള പാടവം പ്രസിദ്ധമാണല്ലോ. ഈ കുരുക്കിൽ പെടാതിരിക്കുന്നതിനു യുവസ[illegible]വും കലാപ്രണയികളും ശ്രദ്ധാലുക്കളാകണം. പകുതമതികളെപ്പോലും വഞ്ചിക്കുന്നതിനും വഴിപിഴപ്പിക്കുന്നതിനും കമ്മ്യൂണിസ്റ്റുകൾക്കുള്ള പാടവത്തിനു മകുടോദാഹരണമാണ് കഴിഞ്ഞ മാസത്തിൽ ഡൽഹിയിൽ നടന്ന സംഭവം. കമ്മ്യൂണിസ്റ്റുകൾ സജ്ജീകരിച്ച ഡൽഹി കോൺഫറൻസിന്റെ സ്വഭാവം മനസ്സിലാക്കാതെ മി. എസ്. കെ. പട്ടീൽ ഉൾപ്പെടെ ഉന്നതന്മാരായ കോൺഗ്രസ്സുകാർ ഉൽഘാടനാവസരംവരെ അതിൽ സഹകരിച്ചു പിന്തുണനൽകിക്കൊണ്ടിരുന്നുവെന്നറിയുന്നു. കോൺഫറൻസിന്റെ പരിപാടികളിലേക്കു പ്രവേശിച്ചപ്പോഴാണ് അതിന്റെ തനിനിറം പുറത്തായതു്. തികഞ്ഞ കമ്മ്യൂണിസ്റ്റ് വിരുദ്ധാദർശക്കാരായ പ്രസ്തുത മാന്യന്മാർ ഒരുവിധത്തിൽ അതിൽനിന്നു തലയൂരിപ്പോരേണ്ടിവന്നു. ബോംബെയിലെ യുവജനമേളയിലും ഈ അമളി പററാതിരിക്കുവാൻ എല്ലാവരും പ്രത്യേകിച്ചു യുവജനങ്ങളും വേണ്ടത്ര ശ്രദ്ധാലുക്കളായിരിക്കട്ടെ.

### കമ്മ്യൂണിസ്റ്റ്റനിറം

കമ്മ്യൂണിസ്റ്റത്തിന്റെയഥാർത്ഥ സ്വഭാവത്തേയും അതിന്റെ പ്രവർത്തനരീതിയേയും വ്യക്തമാക്കുന്ന വിശദമായ ഒരു കുറിപ്പു ഫിലിപ്പൈൻകാരനായ മി. കാർലോസ് പി. റോമുളോ എന്ന ഗ്രന്ഥകാരൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "ക്രൂസേയ്ഡ് ഇൻ ഏഷ്യാ" എന്ന ഒരു പുതിയ പുസ്തകത്തിൽ കൊടുത്തിട്ടുള്ളതു് ഇത്തരുണത്തിൽ അനുസ്മരണാർഹമാണ്. അദ്ദേഹം പറയുന്നു:-"കമ്മ്യൂണിസം ഉന്നമിപ്പിക്കുന്നില്ല; അതു് അധഃപ്പതിപ്പിക്കുന്നതാണ്. അതു വ്യക്തിയുടെ മാഹാത്മ്യത്തെ അംഗീകരിക്കുന്നില്ല, അതു വ്യക്തിയെ പരിഗണിക്കുന്നുമില്ല. എല്ലാം രാഷ്ട്രത്തിനുവേണ്ടിയാണ്. അതു മനുഷ്യന്റെ സ്വാതന്ത്ര്യത്തെ നിഹനിക്കുക മാത്രമല്ല, അവന്റെ ശരീരത്തേയും മനസ്സിനേയും അടിമത്തത്തിലാഴ്ത്തിക്കൊണ്ടു് അതിനെ നാമാവശേഷമാക്കുകയാണ്. ഉദാഹരണമായി ഒരു വിഷിൻസ്കിയേയോ, ഒരു മാലിക്കിനേയോ, ഒരു ഗ്രൊമീക്കോവിനേയോ അവരുടെ പ്രവർത്തനരംഗത്തു നിങ്ങൾ സൂക്ഷിക്കുക. ഐക്യരാഷ്ട്രരംഗങ്ങളിൽ ഞാനവരെ നേരിട്ടു കണ്ടു മനസ്സിലാക്കിയിട്ടുണ്ടു്. അവരോടു സഹതപിക്കുകയും അവരുടെ ഭയത്തിൽ പങ്കുചേരുകയുമല്ലാതെ നിങ്ങൾക്കു ഒന്നും ചെയ്യുവാനില്ല. മോസ്കോയിൽനിന്നു വലിക്കപ്പെടുന്ന സ്വേച്ഛാധിപത്യതന്ത്രികൾക്കനുസരിച്ച് ഒരു ഇരുമ്പുകൂട്ടിലിരുന്നു ചാഞ്ചാടുകമാത്രമാണ് അവർക്കു ചെയ്യുവാനുള്ളതു്. സ്വയം ചിന്തിക്കുന്നതിനു അവർക്കു കഴിവില്ല. ചിന്തിച്ചാൽ അബദ്ധത്തിലാകും. അബദ്ധം പിണഞ്ഞാൽ "ലിക്വിഡേഷ"നാണ് അനന്തരഫലം. ഭ്രാന്തുപിടിച്ച ഒരു രാജ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഉന്മത്തന്മാരാണവർ. ഐക്യരാഷ്ട്രങ്ങളുടെ വേറെ ഏതെങ്കിലുമൊരു പ്രതിനിധി ഒരബദ്ധം കാണിച്ചാൽ അദ്ദേഹത്തിന്റെ രാജ്യത്തിന്റെ അപ്രീതിയെ അദ്ദേഹം നേരിടണം. അവർ മരണത്തെ അഭിമുഖീകരിക്കുകയാണു ചെയ്യുക." രാജ്യതാല്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന ഉന്നതസ്ഥാനികൾ സ്വന്ത അഭിപ്രായത്തിൽ പ്രവർത്തിക്കുന്ന കാര്യങ്ങൾക്കു് രാജ്യത്തോടുത്തരവാദിത്വം വഹിക്കുകയും തങ്ങളുടെ പ്രവർത്തനങ്ങളുടെ ന്യായാന്യായതകളെ വിശദീകരിച്ച് രാജ്യത്തിന്റെ വിധിത്തീർപ്പിനു വിധേയരാവുകയും ചെയ്യുമ്പോൾ, കമ്മ്യൂണിസ്റ്റു റഷ്യയുടെ പ്രതിനിധികൾ് വെറും പാവയായി ആടുകയും മോസ്കോയുടെ താളം തെററിച്ചെന്നെങ്കിലും ചെയ്തുപോയാൽ ലിക്വിഡേഷനു വിധേയനാവുകയും മാത്രമേ ഗതിയുള്ളുവെന്നാണ് ഇതിന്റെ സാരം. ചുരുക്കത്തിൽ ഒരു മനുഷ്യവ്യക്തിയുടെ ആത്മാഭിമാനത്തെ പുലർത്തുന്നതിനു കമ്മ്യൂണിസ്റ്റത്തിൽ ആർക്കും സാദ്ധ്യമല്ലെന്നു സുസ്പഷ്ടം.

### ഇന്ത്യാക്കാരുടെ കർത്തവ്യം

ഭീകരവും മനുഷ്യത്വത്തോടു പൊരുത്തപ്പെടാത്തതുമായ കമ്മ്യൂണിസം സ്വതന്ത്രഭാരതത്തെ കൈയടക്കുന്നതിനു ഇന്നു കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഏഷ്യൻ ഭൂഖണ്ഡത്തിൽ അതിന്റെ പ്ലാനുകൾ എങ്ങനെ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നുവെന്നു അന്യത്ര ഞങ്ങൾ ചേർത്തിട്ടുള്ള കുറിപ്പിൽ വിശദീകരിച്ചിട്ടുണ്ടു്. ഈ ദുർഘടസ്ഥിതി ശരിക്കു മനസ്സിലാക്കി സ്വരാജ്യസ്നേഹികളായ ഭാരതീയർ ഉണർന്നു പ്രവർത്തിക്കേണ്ട അവസരമാണിതു്. കമ്മ്യൂണിസ്റ്റുകളുടെ കൗടില്യങ്ങളേയും നയപരിപാടികളേയും വേണ്ടവിധത്തിൽ മനസ്സിലാക്കി ഏതൊരു മാർഗ്ഗേണയുള്ള നുഴഞ്ഞുകയററത്തേയും പ്രതിരോധിക്കുന്നതിൽ പൊതുജനങ്ങൾ ശ്രദ്ധാലുക്കളാകണം. അവരുടെ പൊള്ളയായ വാഗ്ദാനങ്ങളും വ്യാമോഹപരമായ പ്രകടനങ്ങളുംകൊണ്ടു് മതിമയങ്ങിപ്പോയാൽ സ്വതന്ത്രഭാരതം കമ്മ്യൂണിസ്റ്റടിമത്തത്തിൽ അമർന്നു നശിക്കുന്നതായിരിക്കും ഫലം. അതുകൊണ്ടു് ഭാരതീയരെ പൊതുവിലും യുവസഞ്ചയത്തെ പ്രത്യേകിച്ചും സമാകർഷിക്കുന്നതിനു സംഘടിപ്പിക്കുന്ന മേളകളും പ്രചാരണപരിപാടികളും സർവ്വകഴിവുകളും ഉപയോഗിച്ചു എതിർക്കുകയും പരാജയപ്പെടുത്തുകയും ചെയ്യേണ്ടതു് ഭാരതസ്വാതന്ത്ര്യത്തിന്റെ നിലനില്പിനു് അത്യന്താപേക്ഷിതമാണ്.

## പ്രസാധകക്കുറിപ്പുകൾ

### ലോകസംഭവങ്ങളെ പഠിക്കണമെന്നു നെഹ്രു

"ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫേഴ്സ്" വകയായി ഡെൽഹിയിൽ പണിതീർത്തിട്ടുള്ള സപ്രൂമന്ദിരം ഉൽഘാടനം ചെയ്തുകൊണ്ടു് നടത്തിയ പ്രസംഗത്തിൽ പണ്ഡിററു് നെഹ്രു ഇന്ത്യയിലെ പൊതുജനങ്ങൾ ലോകസംഭവങ്ങളേയും അവയ്ക്കു രാഷ്ട്രീയമണ്ഡലത്തിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളേയുംപററി ശരിയായ പഠനം നടത്തേണ്ടതു് ഭാരതത്തിന്റെ പുരോഗതിക്കു അത്യാവശ്യമായ ഒരു കാര്യമാണെന്നു സമർത്ഥിച്ചു. ഇന്നു പാർലമെന്റു് മെമ്പറന്മാരിൽപ്പോലും ലോകരാഷ്ട്രീയം ശരിയായി മനസ്സിലാക്കിയിട്ടുള്ളവർ അംഗുലീപരിമിതമാണ്. അപ്പോൾ പൊതുജനങ്ങളുടെ അജ്ഞത എത്ര ഭീമമായിരിക്കും. അവർ യഥാർത്ഥത്തിൽ ഓരോ രാജ്യങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന മർമ്മപ്രധാനമായ വികാസങ്ങളെപ്പററി അറിയുകയോ അവയ്ക്കു നമ്മുടെ രാജ്യത്തിലുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെപ്പററി ചിന്തിക്കുകയോ ചെയ്യുന്നില്ല. വെറും പത്രപാരായണംകൊണ്ടു ഈ അറിവു ലഭിക്കുകയില്ല. അതതുരാജ്യങ്ങളെ സംബന്ധിക്കുന്ന ഈടുള്ള ഗ്രന്ഥങ്ങൾ പഠിച്ചെങ്കിൽ മാത്രമേ അതിന്റെ രാഷ്ട്രീയമനോഗതി മനസ്സിലാക്കാൻ കഴിയുകയുള്ളു. ഇപ്രകാരമുള്ള രാഷ്ട്രീയജ്ഞാനം ഏതു ഭരണരീതിയിലും അഭിലഷണീയമാണെങ്കിലും ഒരു ജനകീയഭരണത്തിൽ അതു യാതൊരുതരത്തിലും ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത ആവശ്യമാണ്. അതിന്റെ അഭാവത്തിൽ രാഷ്ട്രം അപകടങ്ങളിൽ കുടുങ്ങുക സ്വാഭാവികമാണ്. അതുകൊണ്ടു് പൊതുജനങ്ങൾ ലോകസംഭവങ്ങളെ രാഷ്ട്രമീമാംസയുടെ വെളിച്ചത്തിൽ പഠിക്കുന്നതിനു ശീലിക്കണം. ഇന്ത്യക്കു മററു രാജ്യങ്ങളുമായുള്ള ബന്ധങ്ങൾ, ബാദ്ധ്യതകൾ, ഉടമ്പടികൾ; ഓരോ രാജ്യങ്ങളിലും പ്രത്യക്ഷമാകുന്ന ആദർശങ്ങൾ, പ്രവണതകൾ, മനോഭാവങ്ങൾ; ഓരോ രാജ്യങ്ങളുടേയും അനുകൂലവും പ്രതികൂലവുമായ സ്ഥിതിവിശേഷങ്ങൾ, ആയുധസജ്ജീകരണങ്ങൾ, സൈന്യശക്തി, ആക്രമണസാദ്ധ്യത എന്നിത്യാദി വിവിധവശങ്ങൾ ഈ പഠനത്തിൽ ഉൾപ്പെടേണ്ടതായിട്ടുണ്ടു്. സപ്രൂമന്ദിരംപോലുള്ള വിജ്ഞാനകേന്ദ്രങ്ങൾ ഇതിനു വളരെ സഹായകമായിരിക്കും. അപ്രകാരമുള്ള സ്ഥാപനങ്ങൾ നാട്ടിന്റെ നാനാഭാഗത്തുമുണ്ടാകണം. അതുമാത്രം പോരാ, ബാലികാബാലന്മാരുടെ പള്ളിക്കൂടങ്ങൾ തുടങ്ങി എല്ലാ വിദ്യാഭ്യാസസങ്കേതങ്ങളും പൊതുജനസമ്മേളനാവസരങ്ങളും പ്രസിദ്ധീകരണോപാധികളും ഇതിനായി വിനിയോഗിക്കപ്പെടണം. പ്രധാനമന്ത്രിയുടെ ഈ അഭിപ്രായം ഏററവും സമീചീനവും ഓരോ പൗരന്റേയും അവഗാഢമായ ശ്രദ്ധയ്ക്കു വിഷയമാകേണ്ടതുമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

x x x

### ചൈന ഒരു ഏഷ്യൻ സോവ്യററാകുമോ?

കമ്മ്യൂണിസ്റ്റുകൾ റഷ്യയിൽ ഒരു സോവ്യററുഭരണം കരുപ്പിടിച്ച് അയൽരാജ്യങ്ങളെയെല്ലാം അതിന്റെ ഇരുമ്പുതിരസ്കരണിക്കുള്ളിൽ തിരോഭവിപ്പിച്ചതുപോലെയുള്ള ഒരു നടപടിയാണോ ഏഷ്യയിൽ ചൈന പ്ലാനിടുന്നതു് എന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. ആകർഷകങ്ങളും നിർഘോഷങ്ങളുമായ മുദ്രാവാക്യങ്ങളുടെ ഒച്ചപ്പാടിൽ ഏതു രാജ്യത്തിലും നുഴഞ്ഞുകയറുന്നതിനും അതിന്റെ മർമ്മപ്രധാനമായ സ്ഥാനങ്ങളിൽ കാലൂന്നുന്നതിനും അവർക്കുള്ള പാടവം ഒന്നു വേറെയാണ്. അണുബോമ്പു നിരോധനത്തിന്റെ പേരിലും, സമാധാനപരമായ സഹവർത്തിത്വത്തിന്റെ പേരിലും, ആഭ്യന്തരഭരണസ്വാതന്ത്ര്യത്തിന്റെ പേരിലും സ്വതന്ത്രരാജ്യങ്ങളിൽ കടന്നുപററി ജനങ്ങളെ സ്വാധീനിച്ച് അവയെ ഒന്നൊന്നായി കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യവലയത്തിൽ കുടുക്കുകയാണ് അവരുടെ തന്ത്രം. പൂർവ്വയൂറോപ്യൻ രാജ്യങ്ങളെ ഓരോന്നായി റഷ്യ കൈയടക്കിയ ചരിത്രം ഇതിനു പ്രകടമായ തെളിവാണല്ലോ. ഈ പരിപാടികൾതന്നെയാണ് ചൈനാ കേന്ദ്രമാക്കി ഇപ്പോൾ ആവർത്തിച്ചുതുടങ്ങിയിരിക്കുന്നതു്. 1950-ൽ വലിയ സൈന്യശേഖരത്തോടുകൂടി അതു കൊറിയായെ ആക്രമിച്ചു. ഐക്യരാഷ്ട്രസംഘടന പ്രതിഷേധിച്ചെങ്കിലും, അമേരിക്കയുടെ നേതൃത്വത്തിൽ നീണ്ട സമരം നടന്നെങ്കിലും, അവസാനം "തട്ടിയുരുട്ടി" ഒരു സമാധാനയുടമ്പടി ഉണ്ടാക്കിയെങ്കിലും ഇന്നും കൊറിയ ഏകീകരിക്കാതേയും, ഒരു സ്വതന്ത്ര തിരഞ്ഞെടുപ്പുനടത്തി ജനകീയഭരണകൂടം സൃഷ്ടിക്കാതേയും ഉടമ്പടിവ്യവസ്ഥകൾക്കു വിരുദ്ധമായി ഉത്തരകൊറിയയെ ചൈന കൈയടക്കിവച്ചുകൊണ്ടിരിക്കുന്നു.

കമ്മ്യൂണിസ്റ്റു ചൈനയുടെ പിന്തുണയും, ആയുധങ്ങളും, ഭക്ഷണസാധനങ്ങളും, വിദഗ്ദ്ധനേതൃത്വവും സ്വീകരിച്ചുകൊണ്ടാണ് വിയററ്മിൻ കമ്മ്യൂണിസ്റ്റുകൾ വിയററ്നാം, ലാവോസ്, കമ്പോഡിയ എന്നീ പ്രദേശങ്ങൾക്കെതിരായി ആക്രമണം നടത്തിയതു്. അവസാനം ഒരു ജനീവായുടമ്പടി ഈ യുദ്ധത്തിനറുതിവരുത്തിയെങ്കിലും ഉത്തരവിയററ്നാം ഭാഗം അവരുടേതായി. ഉടമ്പടിയനുസരിച്ച് ദക്ഷിണമേഖലയിലേക്കു പോകുവാൻ ഇഷ്ടമുള്ള അഭയാർത്ഥികളെ അവർ പ്രതിബന്ധങ്ങളുണ്ടാക്കി തടഞ്ഞുവച്ചിരിക്കുകയാണ്. മാത്രമല്ല ഉടമ്പടിക്കുശേഷവും ഉത്തരലാവോസിലെ രണ്ടു പ്രോവിൻസുകളെ കമ്മ്യൂണിസ്റ്റുകൾ ആക്രമിച്ചിരിക്കുന്നു.

തെയ്ലാൻറിലേക്കു കമ്മ്യൂണിസ്റ്റുകൾ അവരുടെ വിപ്ലവ ഏജൻറന്മാരെ അയച്ചു അവിടെ ഊർജ്ജിതമായ തുരപ്പൻപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതു കൂടാതെ ആ രാജ്യത്തിനെതിരായി ഭീഷണികൾ മുഴക്കുന്നതിനും തുടങ്ങിയിട്ടുണ്ടു്. മുൻപ്രധാനമന്ത്രിപ്രീദിയെ സ്വാധീനിച്ച്, തെയ്ലൻറു് കൊളോണിയൽ ഭരണാധിപസ്ഥാനവും വാഗ്ദാനം ചെയ്തു് ഒരു വിപ്ലവത്തിനു വേണ്ട പ്രേരണ കൊടുത്തുകൊണ്ടിരിക്കുന്നതായി പീപ്പിംഗു റേഡിയോ വെളിപ്പെടുത്തിയിരിക്കുന്നു. തേയ്ലാൻറിലെകമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിന്റെ കേന്ദ്രമായി ദക്ഷിണ യൂനാനിലുള്ള ഒരു വിഭാഗം സജ്ജീകരിച്ചു വരികയാണത്രെ.

ചൈനീസ് കമ്മ്യൂണിസ്റ്റുകൾ നിയമാനുസൃതം ഒരു സ്വതന്ത്രരാജ്യമായി അംഗീകരിച്ചിരുന്നതാണ് ടെയ്വാൻ. എന്നാൽ ഇപ്പോൾ അതു ചൈനാവൻകരയുടെ അവിഭാജ്യമായ ഒരു വിഭാഗമാണെന്നു അവകാശപ്പെടുകയും ബലം പ്രയോഗിച്ചുപോലും അതു കരസ്ഥമാക്കുന്നതിനു ഒരുക്കുകയുമാണ്.

ഓരോ രാജ്യങ്ങളുടെയും ആഭ്യന്തര സ്വാതന്ത്ര്യത്തിനും സ്വയംനിർണ്ണയാവകാശത്തിനും വേണ്ടി പോരാടുന്നുവെന്നു വീമ്പടിക്കുന്ന കമ്മ്യൂണിസ്റ്റുകൾ 1951-ൽ ചൈനയിൽനിന്നും അതിർത്തിപരമായും വർഗ്ഗപരമായുംകേവലംവിഭിന്നവുംസ്വതന്ത്രവുമായ ടിബററിനെസൈന്യബലംകൊണ്ടു് കീഴടക്കിവച്ചിരിക്കുകയാണ്. ന്യായവാദങ്ങളൊന്നും കേൾക്കുന്നതിനുള്ള മനസ്ഥിതി അവർക്കില്ല.

കമ്മ്യൂണിസ്റ്റ് ചൈനയുടെ ഈ പടനീക്കം ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയേയും ബർമ്മയേയും തൊട്ടുകിടക്കുന്ന ചൈനായുടെ ദക്ഷിണ അതിർത്തികൾ ഇനിയുംനിർണ്ണയിക്കപ്പെട്ടിട്ടില്ല അവരുടെ ഭൂപടങ്ങളിൽ. ബർമ്മയുടെ അതിർത്തിപ്രദേ

വാരാന്ത്യവീക്ഷണം

## പശ്ചിമജർമ്മനിയുടെ പരമാധികാരം

(സി. ഐ. ജോൺ)

ഹിററ്ലരുടെ പതനത്തിനു ശേഷം അതായതു് പത്തു കൊല്ല ക്കാലമായി പാശ്ചാത്യശക്തികൾ പടിഞ്ഞാറെ ജർമ്മനിയുടെ മേൽ നിലനിറുത്തിക്കൊണ്ടിരുന്ന അധിനിവേശാധികാരം അവസാനിപ്പിച്ചിരിക്കുകയാണു്. ഒരു തരത്തിൽ പറഞ്ഞാൽ മറേറതു രാജ്യത്തേക്കാളും ഉപരിയായി ലോകത്തിനു് നേതൃത്വം കൊടുക്കാൻ കഴിയത്തക്കവിധത്തിൽ വിജ്ഞാനത്തിൻെറ എല്ലാ ശാഖകളിലും വിശിഷ്യാ ശാസ്ത്രീയ വിഷയത്തിലും ഉയർച്ചയിൽനിന്നു് ഉയർച്ചയിലേക്കു് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു ജനസഞ്ചയമാണു് ജർമ്മനിയിലുള്ളതു്. അങ്ങനെ വിജ്ഞാനത്തിൻെറ ഉന്നതസോപാനങ്ങളിൽ വിരാജിച്ചിരുന്ന ഒരു ജനസഞ്ചയം അവരുടെ ആഗ്രഹാഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻകൂടി കഴിവില്ലാത്ത തരത്തിൽ രണ്ടു വിരുദ്ധചേരികളുടെ സമ്മർദ്ദത്തിൽപെട്ടു കഴിയുകയായിരുന്നു. ജർമ്മനിയുടെ ഭാവിയെ നിർണ്ണയിക്കേണ്ടതു് ജർമ്മൻജനതതന്നെ ആയിരിക്കണമെന്നും ജർമ്മനിയുടെ മേലുള്ള എല്ലാ അധിനിവേശാധികാരങ്ങളും ഉപേക്ഷിക്കേണ്ടതാണെന്നും സമാധാനകാംക്ഷികളായ ലോകരാഷ്ട്രങ്ങൾ ഇന്നും ഇന്നലേയും പറയുവാൻ തുടങ്ങിയതല്ല. വളരെ ഏറെ രാഷ്ട്രീയപ്രബുദ്ധതയും കാര്യശേഷിയും ഉള്ള ഒരു ജനതയെ അവരുടെ വികസനസാദ്ധ്യതകളിൽനിന്നു് തടഞ്ഞു വച്ചിരിക്കുന്നതു് അനീതിപരമാണെന്ന അഭിപ്രായംകൊണ്ടും, ഒരു രാജ്യത്തിൻെറ മേൽ മറൊരു രാജ്യത്തിനുള്ള ആധിപത്യം ജനാധിപത്യവിരുദ്ധമാണെന്നുള്ള വിശ്വാസം കൊണ്ടുമാണു് ജനാധിപത്യരാഷ്ട്രങ്ങൾ ജർമ്മനിയുടെ മേലുള്ള അധിനിവേശാധികാരത്തെ എതിർത്തിരുന്നതു്. എന്നാൽ പത്തുകൊല്ലക്കാലമായി പടിഞ്ഞാറെ ജർമ്മനിയുടെമേൽ പാശ്ചാത്യ ശക്തികൾക്കുണ്ടായിരുന്ന അധിനിവേശാധികാരം കൊണ്ടു് വാസ്തവത്തിൽ പശ്ചിമജർമ്മനിയെ ജനാധിപത്യത്തിൻെറ മാർഗ്ഗത്തിലേക്കു് ആനയിക്കുവാൻ കൂടുതൽ സഹായകമാകുകയാണു് ചെയ്തതു്. തികച്ചും ജനാധിപത്യപരമായ വിധത്തിലുള്ള ഒരു ഭരണസംവിധാനം സ്വീകരിച്ചിരിക്കുന്ന രാജ്യങ്ങളിൽനിന്നു്, സ്വയംവികസനശക്തി പ്രാപിക്കുവാനുള്ള രാഷ്ട്രീയ സാമ്പത്തിക സാഹചര്യങ്ങൾ തുലോം കുറവായിരിക്കുന്ന രാജ്യങ്ങൾക്കു സിദ്ധിക്കുന്ന സഹായസഹകരണാദികളും ഒരു രാജ്യത്തെ സൂക്ഷിക്കേണ്ട സന്ദർഭങ്ങളിൽ കരുതലോടുകൂടി പെരുമാറത്തക്കതരത്തിൽ അതിൻെറ മേലുള്ള അധിനിവേശങ്ങളും ജനാധിപത്യരാജ്യങ്ങളുടെ പിന്നീടുള്ളവികസനത്തിനു സഹായകമാകുമെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണു്.


പ്രഥമ

### ചരമവാർഷികം



ഔസേപ്പു കുര്യൻ

വാഴത്തറ

തെക്കൻ പള്ളിപ്പുറം

ജനനം 25—8—1888

മരണം 3—5—1954

കരുണനിറഞ്ഞ ഈശോയെ ഈ ആളിൻെറ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളേണമേ! R. I. P.


പശ്ചിമജർമ്മനി കിഴക്കേജർമ്മനിയേക്കാൾ എല്ലാത്തരത്തിലും ഔന്നത്യനിലയെ പ്രാപിച്ചിരുന്നു. കിഴക്കേജർമ്മനിയിലെ ജനങ്ങൾ പട്ടിണികൊണ്ടു് നട്ടം തിരിഞ്ഞിട്ടുള്ള സന്ദർഭങ്ങൾ കുറവല്ല. ഇന്നും കിഴക്കേജർമ്മനി ദാരിദ്ര്യത്തിൻെറ വക്കിൽ കഴിഞ്ഞുകൂടുകയാണു്. സോവ്യററുഷ്യണിയൻെറ ഇരുമ്പുമുഷ്ടികൾക്കുള്ളിൽ ഞെരിഞ്ഞുതകന്നു് അഭിപ്രായപ്രകടനസ്വാതന്ത്ര്യം പോലും ഇല്ലാതെ വെറും മനുഷ്യമൃഗങ്ങളായി കഴിഞ്ഞുകൂടുന്ന പൂർവ്വജർമ്മനിയിലെ നിവാസികൾക്കു് പശ്ചിമജർമ്മനിയുടെ "ഉയിത്തെഴുന്നേൽപു്" ആശ്വാസകരവും അസൂയാർഹവുമാണു്. ഭാഗ്യ കിഴക്കേജർമ്മനിയിലാണെങ്കിൽ ഭത്താവു് പടിഞ്ഞാറെ ജർമ്മനിയിലായിട്ടുള്ള ഒരു ജീവിതമാണു് ഇന്നു ജർമ്മനിയിൽ ഉള്ളതു്. അങ്ങുമിങ്ങും താമസിക്കുന്ന ബന്ധുക്കളേയും മിത്രങ്ങളേയും പരസ്പരം കണ്ടു് കുശലം അന്വേഷിക്കുവാൻപോലും ഇന്നു് ജർമ്മനിയുടെ വിഭജനംകൊണ്ടു് അസാദ്ധ്യമായിത്തീന്നിരിക്കുകയാണു്. പടിഞ്ഞാറെജർമ്മനി അതിൻേറതായ ജീവനോടുകൂടി ഉയിത്തെഴുന്നേററിരിക്കുന്ന ഈ അവസരത്തിൽ അവരുടെ ബന്ധുക്കളും, സ്നേഹിതന്മാരും, പൂർവ്വജർമ്മനിയിൽ നരകയാതന അനുഭവിക്കുന്നതു് കണ്ടുകൊണ്ടു് കണ്ണടച്ചിരിക്കുമോ എന്നു് ബലമായി സംശയിക്കാവുന്നതാണു്. പൂർവ്വജർമ്മനിയിൽ ഒരു ഹിതപരിശോധന നടത്തുന്നപക്ഷം ബഹുഭൂരിപക്ഷം പൂർവ്വജർമ്മൻ നിവാസികളും ജനാധിപത്യത്തിൻെറ മാർഗ്ഗത്തിൽ ഉറച്ചുനില്ക്കുമെന്നുള്ള. സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു ഹിതപരിശോധന നടത്താൻ പൂർവ്വജർമ്മൻ നിവാസികളെ റഷ്യ അനുവദിക്കുമോ എന്ന ചോദ്യമാണു് ഈ അവസരത്തിൽ ചോദിക്കുവാനുള്ളതു്. പൂർവ്വജർമ്മനിയിലെ ജീവിതംകൊണ്ടു് പൊറുതിമുട്ടിയ ജനങ്ങൾ പശ്ചിമജർമ്മനിയിലേക്കു് അഭയാർത്ഥികളായി വന്നിട്ടുണ്ടു്. സോവ്യററുഷ്യ വളരെ കശനമായി ഈ പോക്കു് നിരോധിച്ചിട്ടുണ്ടെങ്കിലും ഇന്നും ജീവിക്കുവാനുള്ള മനുഷ്യൻെറ ആഗ്രഹംകൊണ്ടു് അതു തുടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. കോസ്സലരുടെ ഭാഷയിൽ പറഞ്ഞാൽ കിഴക്കേജർമ്മനിയിലെ ജനങ്ങളുടെ ആത്മാവും ശരീരവും ചൂഷണം ചെയ്യപ്പെടുകയാണു്. പശ്ചിമജർമ്മനിയിലും, പൂർവ്വജർമ്മനിയിലുമായി മൊത്തത്തിൽ 7 കോടി 50 ലക്ഷം ജനങ്ങളുണ്ടു്. ഈ 7 കോടി 50 ലക്ഷം ജനങ്ങളും ഒററക്കെട്ടായിനിന്നുകൊണ്ടു് അവരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതേണ്ടതാണു്. പൂർവ്വജർമ്മനിയുടെമേലുള്ള റഷ്യൻ അധികാരം അവസാനിപ്പിക്കുന്നതിനു വേണ്ടിയായിരിക്കണം ഇനി ജർമ്മൻ ജനതയുടെ പ്രവത്തനം. കാരണം സോവിയററു് സേച്ഛാധിപത്യത്തിൻെറ കീഴിൽ കഴിഞ്ഞുകൂടുന്ന രാജ്യങ്ങളിൽ ഏററവും കൂടുതൽ സാമ്പത്തികമായി കഷ്ടത അനുഭവിക്കുന്നതു് പൂർവ്വജർമ്മൻ നിവാസികളാണു്. ഒരു ബ്രിട്ടീഷ് പത്രലേഖകൻ പറയുന്നതു്, പട്ടിണികൊണ്ടു് നട്ടംതിരിയുന്ന കിഴക്കേ ജർമ്മൻനിവാസികൾ പച്ചിലകളും, വൈക്കോലും മധുരപലഹാരങ്ങളെപ്പോലെ ഭക്ഷിക്കുന്നു എന്നാണു്. പൂർവ്വജർമ്മനിയിൽ ഭയങ്കരക്ഷാമം ഭീകരനൃത്തംചെയ്തപ്പോൾ 10,000 ഭക്ഷ്യപാക്കററുകളടങ്ങിയ ഭക്ഷ്യവിതരണവിമാനങ്ങൾ (അമേരിക്കയുടെ) പൂർവ്വജർമ്മനിയിൽ മൂന്നുദിവസത്തേക്കു തുടർച്ചയായി ഭക്ഷ്യപാക്കററുകൾ വിതരണം ചെയ്യുകയുണ്ടായി. അതേപ്പററി ടൈംസ് മാസിക പറയുന്നതു്, വരണ്ട മണൽക്കാടുകളിലെ പച്ചപിടിച്ച ഓസ്സിസുകളിലേക്കു് വെട്ടുകിളികൾ പറന്നിറങ്ങുന്നതുപോലെയാണു് അസ്ഥിമാത്രരായ പൂർവ്വജർമ്മൻ നിവാസികൾ ഈ ഭക്ഷ്യപ്പാക്കററുകൾ വാരിയെടുക്കുന്നതിനുവേണ്ടി ഓടിയെത്തിയതു് എന്നത്രേ. ഇങ്ങനെ ജീവിതത്തിൻെറ എല്ലാ തുറകളിലും പൂർവ്വജർമ്മൻ ജനത കഷ്ടപ്പെടുകയാണു്. ചുരുക്കിപ്പറഞ്ഞാൽ പട്ടിണിയുടേയും കഷ്ടപ്പാടുകളുടേയും ഒരു പര്യായമാണു് പൂർവ്വജർമ്മനി.

താമസിയാതെ നടക്കുന്ന ചതുശ്ശക്തിസമ്മേളനം പൂർവ്വജർമ്മൻ പ്രശ്നത്തെ അതർഹിക്കുന്ന ഗൗരവത്തിൽ ചർച്ചചെയ്യുമെന്നു് അനുമാനിക്കാവുന്നതാണു്. കഴിഞ്ഞ പത്തുകൊല്ലങ്ങൾക്കകം ലോകത്തിൻെറ നില വളരെയേറെ മാറിപ്പോയിട്ടുണ്ടു്. ഓരോ രാജ്യവും അതിൻെറ പരമാധികാരം സംരക്ഷിക്കുന്നതിൽ വളരെയേറെ ജാഗ്രത പ്രദശിപ്പിക്കുന്നുമുണ്ടു്. ഏററവും ചെറിയ രാജ്യങ്ങൾപോലും അതിൻെറ സ്വന്തം നയവും പരിപാടികളും സ്വയം നിമ്മിച്ചും നടപ്പിലാക്കിയുമാണു വരുന്നതു്. യുദ്ധംകൊണ്ടു യാതൊരു പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാവുകയില്ലെന്നു ലോകം മനസ്സിലാക്കിയിരിക്കുകയാണു്. പാശ്ചാത്യശക്തികളുമായി ഒരു രഞ്ജിപ്പിൽ കഴിഞ്ഞുകൂടുവാൻ കമ്മ്യൂണിസ്റ്റു രാജ്യങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അതു സ്വാഗതാർഹമാണു്. കമ്മ്യൂണിസ്റ്റു് സിദ്ധാന്തപ്രകാരം സാധിക്കാത്ത ഒരു കാര്യവുമാണതു്. അതുകൊണ്ടാണു കമ്മ്യൂണിസ്റ്റു രാജ്യങ്ങൾ രഞ്ജിപ്പിൻെറ കാര്യം സൂചിപ്പിക്കുമ്പോൾ നാം സംശയിക്കുന്നതു്. കിഴക്കെ ജർമ്മനിയിലെ ജനസംഖ്യ ഒരുകോടി എഴുപത്തൊൻപതു ലക്ഷമാണു്. പത്തുകൊല്ലത്തെ അധിനിവേശംകൊണ്ടു് പടിഞ്ഞാറെ ജർമ്മനിയിലെ അഞ്ചുകോടിയോളം ജർമ്മൻകാരെ ജനാധിപത്യത്തിലേക്കു ആകർഷിക്കുവാൻ സാധിച്ച പാശ്ചാത്യശക്തികൾക്കു് ഒരുകോടി എഴുപത്തൊൻപതുലക്ഷം ജർമ്മൻ പൗരന്മാരുള്ള കിഴക്കെ ജർമ്മനിയെക്കൂടി സ്വാതന്ത്ര്യത്തിൻേറയും ജനാധിപത്യത്തിൻേറയും പാതയിലേക്കു ആകർഷിക്കുവാൻ കഴിഞ്ഞെങ്കിൽ അതു് ലോകത്തിലെ ഏററവും വലിയ ഒരു നേട്ടമായിത്തീരുമായിരുന്നു.

—o—

ശത്തുള്ള ചില സ്ഥലങ്ങളിൽ ചൈനീസ് പട്ടാളം കടന്നുകഴിഞ്ഞിട്ടുണ്ടു്. ഇന്ത്യയുടെ ഭാഗങ്ങളെ ഉൾപ്പെടുത്തി അവർഭൂപടങ്ങൾ നിർമ്മിച്ചിട്ടുള്ളതായും അവകാശവാദങ്ങൾക്കു കളമൊരുക്കുന്നതായും അടുത്ത ദിവസം പാർലമെൻറു മെമ്പർ ഡോക്ടർ സിൻഹാ തെളിവുകൾസഹിതം ഒരു പ്രസംഗമദ്ധ്യേ വിശകലനം ചെയ്തതാണല്ലോ. ഇങ്ങനെ കമ്മ്യൂണിസ്റ്റു് റഷ്യ യൂറോപ്പിൽ നിർവ്വഹിച്ച സാമ്രാജ്യസ്ഥാപനം ഏഷ്യൻരാജ്യങ്ങളെ ആഹുതി ചെയ്തു ഏഷ്യയിലും സാധിക്കുന്നതിനാണു് അതേ പ്രചോദനത്തിൽ പ്രവത്തിക്കുന്ന കമ്മ്യൂണിസ്റ്റു് ചൈനയുടെ ലക്ഷ്യമെന്നു കാണുവാൻ ഒരു ദീർഘദർശനവരം ഇനിയും ആവശ്യമുണ്ടോ?

## അടുത്തയാഴ്ചയിൽ

മേയ്

19 വ്യാ: കർത്താവിൻെറ സ്വർഗ്ഗാരോഹണം

20 വെ: വി. ബെണ്ണർദീനോസ്

21 ശ: വി. ലെയോൻ

22 ഞാ: ഉയിപ്പു് 6-ാം ഞായർ

23 തി: വി. അനിസിത്തോസ്

24 ചൊ: ക്രിസ്ത്യാനികളുടെ സഹായമായ മറിയം

25 ബു: വി. ഉർബാനോസ്


THE SOUTH INDIAN BANK LTD.

Head Office: TRICHUR. Estd. 1929.

A SCHEDULED BANK

| | |
|---|---|
| Authorised Capital | Rs. 50,00,000 |
| Issued & Subscribed | Rs. 25,00,000 |
| Paid Up | Rs. 8,75,000 |
| Reserve & Other Funds | Rs. 5,65,408 |
| Deposits as at 31-12-54 | Rs. 2,04,87,883 |

SAVINGS BANK DEPOSITS

We offer interest at 3% p. a. on Daily Balances without limit

All kinds of Banking business transacted.

BRANCHES:-

ALLEPPEY, IRINJALAKUDA, PALGHAT, ALWAYE, KOLLENGODE, POLLACHI, COCHIN, KOZHIKODE, PONANI, COIMBATORE, KUNNAMKULAM, SALEM, ERNAKULAM, MADRAS, TIRUPPUR; GOBICHETTI-PALAYAM, OTTAPALAM, TRICHUR WADAKKANCHERI


## പുതിയ മെത്രാന്മാർ

### മോൺ: ലൊൻജെയ്നൂസ് ഗബ്രിയേൽ പെരെയിരാ തിരുമേനി

റവ. ഫാദർ ലൊൻജെയ്നൂസ് ഗബ്രിയേൽ പെരെയിരാ അവർകളെ വാഡായുടെ സ്ഥാനികമെത്രാനായും അത്യുന്നത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമേനിയുടെ ആക്സിലിയറിയായും തിരുസിംഹാസനത്തിൽനിന്നും നിയമിച്ചിരിക്കുന്നു.

മോൺ: പെരെയിരാ തിരുമേനി 1911 മാർച്ചിൽ ബോംബെയിൽ ബൻദ്രായിൽ ജാതനായി. ബോംബെ സെൻറു് സേവ്യേഴ്സ് കോളേജിൽ വിദ്യാഭ്യാസം പൂത്തിയാക്കിയശേഷം തിരുമേനി മംഗലാപുരം സെൻറു് ജോസഫ്സ് സെമ്മിനാരിയിൽ ചേന്നു. ബോംബെ ആർച്ചുബിഷപ്പായിരുന്ന മോസ്റ്റു് റവ. ഡോക്ടർ റോബർട്ട്സ് തിരുമനസ്സിലെ കരങ്ങളിൽനിന്നും 193-ൽ പുരോഹിതപട്ടം സ്വീകരിച്ചു. ബോംബെ അതിരൂപതയിലെ പല ഇടവകകളിലും സേവനമനുഷ്ഠിച്ചശേഷം 1953-ൽ സാൻറക്രൂസ് സേക്രഡ് ഹാർട്ടു പള്ളി വികാരിയായും സൗത്തു് വെസ്റ്റു് സാൽസെററിൻെറ ഡീനായും നിയമിതനായി. അടുത്ത കാലത്തു് വികാരി ജനറലായും ഉയത്തപ്പെട്ടു.

കർദ്ദിനാൾ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടു് റോമാപര്യടനാനന്തരം തിരിച്ചെഴുന്നെള്ളിയശേഷം നിയുക്തമെത്രാൻ തിരുമേനിയുടെ അഭിഷേകകമ്മം നടക്കുന്നതാണു്.




## മോൺ. പീററർ ബർണാർഡ് പെരേയിരാ തിരുമേനി



തിരുവനന്തപുരം രൂപതയുടെ സഹായമെത്രാൻ

തിരുവനന്തപുരം രൂപതയുടെ മെത്രാൻ റൈററ്. റവ. ഡോ. വിൻസെൻറ് ഡെരേരാ തിരുമനസ്സിലെ സഹായമെത്രാനായി റവ. ഫാദർ പീററർ ബർനാർഡ് പെരെയിരായെ പരിശുദ്ധ സിംഹാസനത്തിൽനിന്നു നാമനിദ്ദേശം ചെയ്തിരിക്കുന്നതായി അറിവു ലഭിച്ചിരിക്കുന്നു. നിയുക്തമെത്രാൻ തിരുമനസ്സുകൊണ്ടു മുരിക്കുമ്പുഴ പെദ്രെയിര കുടുംബത്തിൽ 1917-ൽ ഭൂജാതനായി. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ ചെറുപ്പത്തിൽത്തന്നെ പരലോകപ്രാപ്തരായി. അദ്ദേഹം തൻെറ പ്രാഥമികവിദ്യാഭ്യാസം സ്വദേശത്തും ഇംഗ്ലീഷ് വിദ്യാഭ്യാസം കൊല്ലം സെൻറ് അലോഷ്യസ് ഹൈസ്കൂളിലും പൂർത്തിയാക്കി. കൊല്ലം സെമ്മിനാരിയിലാണ് വൈദികപഠനം നിവ്വഹിച്ചതു്. 1944 മാർച്ച് 25-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. അന്നുമുതൽ അദ്ദേഹം ചുള്ളിമാനൂർ മിഷൻ ഇടവക വികാരിയായി ജോലിചെയ്തുപോരുകയാണ്. പ്രശസ്തമായ ഇടവകജോലി നിവ്വഹണത്തിനു പുറമെ തിരുവനന്തപുരം മെത്രാൻ തിരുമനസ്സിലെ നിർദ്ദേശാനുസരണം അദ്ദേഹം കത്തോലിക്കാ സാമൂഹ്യപ്രവത്തനസംഘം മാതൃകാപരമായ രീതിയിൽ സംഘടിപ്പിച്ച് പ്രവത്തനം നടത്തിപ്പോന്നു. ഇദ്ദേഹത്തെ ഇപ്പോൾ "ഉരസു"വിൻെറ സ്ഥാനികമെത്രാനും തിരുവനന്തപുരം രൂപതയുടെ സഹായമെത്രാനുമായിട്ടാണ് പരിശുദ്ധ സിംഹാസനം നിയമിച്ചിരിക്കുന്നതു്.


### എല്ലാത്തരം

എലക്ട്രോ പ്ലേററിംഗു ജോലികളും ഭംഗിയായും ഉത്തരവാദിത്വത്തോടുകൂടിയും ചെയ്തുകൊടുക്കുന്നു.

**മാർളൂയിസ് മെമ്മോറിയൽ പ്രസ്സ്**

ബ്രോഡ്വേ, എറണാകുളം-1


# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പായുടെ സ്വിസ് ഗാർഡ്സ്

പരിശുദ്ധ മാർപ്പാപ്പായുടെ അംഗരക്ഷകരുടെ ഗണത്തിൽ സ്വിററ്സർലണ്ടുകാരായ പട്ടാളക്കാർ പണ്ടുമുതലേ സേവനമനുഷ്ഠിച്ചിരുന്നുവെങ്കിലും 1506 ലാണ് അവരെ ഒരു പ്രത്യേക വിഭാഗമായി തിരിച്ച് സ്വിസ്ഗാർഡ്സ് എന്ന പേർ കൊടുത്തതു്. 6 ഉയന്ന ഉദ്യോഗസ്ഥന്മാരും, 15 എൻ. സി. ഒ. കളും, 115 സാധാരണ അംഗരക്ഷകരുമാണ് ഈ വകുപ്പിൻെറ പൂണ്ണമായ ഘടനയിൽ പെടുന്നതു്. അവരുടെ സംഖ്യ ഇപ്പോൾ കുറഞ്ഞിരിക്കുകയാണ്. ഏതാനും ആഴ്ചകൾക്കുമുമ്പു അതു 50 ആയി കുറഞ്ഞു. പുതിയതായി വന്നുചേന്നിട്ടുള്ള 20 പേരുൾപ്പെടെ ഇപ്പോൾ 80 പേരുണ്ട് ആ വകുപ്പിൽ.

## വി. 10-ാം പീയൂസിൻെറ തിരുനാൾ സാവ്വത്രികമാക്കി

എല്ലാ രാജ്യങ്ങളിലുമുള്ള മെത്രാന്മാരുടേയും സന്യാസസഭാതലവന്മാരുടേയും അപേക്ഷയനുസരിച്ച് വി. പത്താം പീയൂസിൻെറ തിരുനാൾ തിരുസഭ മുഴുവനിലും വ്യാപിപ്പിക്കുന്നതായ ഒരു ഡിക്രി മാർച്ച് 1-ാം തീയതി റീത്തുകളുടെ തിരുസംഘം പുറപ്പെടുവിച്ചിരിക്കുന്നു. സെപ്ററംബർ 3-ാം തീയതിയാണ് പ്രസ്തുത തിരുനാൾ ആചരിക്കപ്പെടുന്നതു്.

## ലെക്കാറെയിലെ 'കരയുന്ന മാതാവ്' അടിസ്ഥാനരഹിതമായ സങ്കല്പം

ലെക്കോറെയിൽ സാൻറാഞ്ചലോ എന്ന സ്ഥലത്തു മാതാവിൻെറ ഒരു പ്രതിമ കണ്ണുനീർ വാത്തതായി പറയപ്പെട്ട സംഭവം അടിസ്ഥാനരഹിതമാണെന്നും പ്രകൃത്യതീതമായ യാതൊരു സ്വഭാവവും അതിൽ കാണുന്നില്ലെന്നും ഫ്ളോറൻസിലെ മെത്രാപ്പോലീത്ത കർദ്ദിനാൾ ഡെല്ലാകോസ്റ്റാ പ്രഖ്യാപിച്ചിരിക്കുന്നു. അതു സംബന്ധിച്ച കർദ്ദിനാൾ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനയിൽ ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളതു്:- "ലെക്കോറെയിലെ സാൻറാഞ്ചലോയിലുള്ള മാതൃസ്വരൂപം കരഞ്ഞതായും കണ്ണീർവാർത്തതായും ആരോപിക്കപ്പെടുന്ന സംഭവത്തിൽ അത്ഭുതകരമായോ പ്രകൃത്യതീതമെന്നു വിശ്വസിക്കപ്പെടാവുന്നതായോ യാതൊന്നുമില്ലെന്നു ഇതിനാൽ ഉറപ്പായി പ്രഖ്യാപിച്ചുകൊള്ളുന്നു. നമ്മുടെ കൂറിയായിലെ അധികൃതരുടെ നിഷ്കൃഷ്ടമായ പരിശോധനയിൽ ഇതാണു തീരുമാനിക്കപ്പെട്ടിട്ടുള്ളതു്. അതുകൊണ്ടു് പ്രസ്തുത പ്രതിമ പള്ളിയിൽനിന്നും എടുത്തു അതിരുന്ന പഴയ സ്ഥാനത്തു വച്ചുകൊള്ളണം."

## കത്തോലിക്കാ—ഇസ്ലാം സെൻറർ

കത്തോലിക്കരും ഇസ്ലാമീങ്ങളും തമ്മിൽ കൂടുതൽ ആത്മാത്ഥമായ സൗഹാർദ്ദം പുലത്തുന്നതിനും, ധാമ്മികവും സാംസ്കാരികവുമായ മൂല്യങ്ങളുടെ സംരക്ഷണത്തിൽ പരസ്പരം സഹകരിക്കുന്നതിനുംവേണ്ടി റോമിൽ ഒരു കത്തോലിക്കാ—മുസ്ലീം സെൻറർ സ്ഥാപിച്ചിരിക്കുന്നു. ഈ സ്ഥാപനം ഔദ്യോഗികമായ ഒന്നല്ല. പരസ്പരധാരണയിൽ അനൗദ്യോഗികമായി രൂപംപ്രാപിച്ചിട്ടുള്ളതും ഓണാബിൾ ഹെൻറി ഇൻസബാററാ എന്ന ദേഹത്തിൻെറ നേതൃത്വത്തിലുള്ള ഒരു കമ്മററിയാൽ നയിക്കപ്പെടുന്നതുമാണ്.

## വികൃതികൾ കയററിയ കൊടി അഭ്യാസിനി ഇറക്കുന്നു

ബോർഡ്വോ കത്തീഡ്രലിൻെറ താഴികക്കുടത്തിനു മുകളിൽ ഒരു കറുപ്പുകൊടി നാട്ടിയിരിക്കുന്നതായും അതിനു താഴെ ഒരു തലയോട്ടിയും രണ്ടു അസ്ഥികളും സ്ഥാപിച്ചിരിക്കുന്നതായുമാണ് ഒരു സുപ്രഭാതത്തിൽ ജനങ്ങൾ കണ്ടതു്. പാറിയ ഉപകരണങ്ങൾ കൂടാതെ ഉത്തുംഗമായ ആ താഴികക്കുടത്തിനു മുകളിൽ കയറുക അപകടകരമാണ്. അതുകൊണ്ടു് പല ആഴ്ചകൾതന്നെ കടന്നുപോയി അവയെടുത്തുമാററുന്നതിനു സാധിക്കാതെ. ഈ അവസരത്തിലായിരുന്നു "മിസ്സ് റിസ്ക്" എന്നറിയപ്പെടുന്ന 20 വയസ്സുകാരിയായ അഭ്യാസിനി ആൻഡ്റി ജാൻ ആ പട്ടണത്തിലെത്തിയതു്. അപഹാസ്യമായ പ്രസ്തുതപതാകയുടേയും അസ്ഥികളുടേയും പ്രതിഷ്ഠയെ കണ്ടപ്പോൾ അവരുടെ കത്തോലിക്കാ ചൈതന്യം ജ്വലിച്ചു. "ഞാൻ കയറി അതെടുത്തുകളയാം" എന്നാണ് ആ വനിത പറഞ്ഞതു്. ഗോപുരത്തിനുപരിഭാഗത്തുള്ള വാതായനത്തിൽക്കൂടി ഇട്ടുകൊടുത്ത ആലാത്തിൽ തൂങ്ങി അവർ താഴികക്കുടത്തിനു താഴെയെത്തി. മേലോട്ടുള്ള പ്രയാണമായിരുന്നു ദുർഘടതരം. മിനുമിനുത്ത താഴികക്കുടത്തിന്മേൽ അവിടവിടെ മുഴച്ചുനിന്ന ശില്പവേലകളിന്മേൽ തപ്പിപ്പിടിച്ചാണ് അവർ മുകളിലെത്തിയതു്. കരിംകൊടിയെ ഒരു കത്തികൊണ്ടു "കരകരാ" കീറി താഴെയെറിഞ്ഞു. തലയോട്ടിയും അസ്ഥികളും, തടിച്ചുകൂടി അത്ഭുതസ്തബ്ധരായിനിന്ന ജനക്കൂട്ടത്തിൻെറ ആരവമദ്ധ്യേ അന്തരീക്ഷത്തിൽ പറന്നു നിലംപതിച്ചു. ധീരയായ ആൻഡ്റി ജാൻ താഴികക്കുടത്തിനു മുകളിൽ സ്ഥാപിച്ചിട്ടുള്ള ഇരുമ്പുകുരിശിനെ ആശ്ലേഷിച്ചുകൊണ്ടു നിന്നു. ആഹ്ളാദചിത്തരായി ആർപ്പുവിളിച്ചനുമോദിച്ചുകൊണ്ടിരുന്ന ജനക്കൂട്ടത്തിനിടയിലേക്കു് ഒരു മണിക്കൂർകൊണ്ടു വിജയിനിയായ അഭ്യാസിനി ഇറങ്ങിവന്നു. ഇളിഭ്യരായി അക്കൂട്ടത്തിൽ നിലയുറപ്പിച്ചിരുന്ന ആൽപൈൻ പവ്വതാരോഹകരായ രണ്ടു വികൃതിവിദ്യാത്ഥികളാണ് ഈ പ്രവൃത്തിയുടെ കത്താക്കളെന്നു വിശ്വസിക്കപ്പെടുന്നു.

## ഇന്ത്യയിൽ ഒരു ബനഡിക്റ്റൈൻ സന്യാസസഭ

"വൈററ് ബനഡിക്റ്റൈൻസ്" എന്നറിയപ്പെടുന്ന ഒരു ധ്യാനപരസന്യാസസഭ ഇന്ത്യയിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭാലോചനകൾ നടന്നുകൊണ്ടിരിക്കുന്നു. ബാംഗ്ളൂർ അതിരൂപതയിൽ നഗരപ്രാന്തങ്ങളിലാണ് ആദ്യഭവനം നിമ്മിക്കുന്നതിനുദ്ദേശിച്ചിട്ടുള്ളതു്. ഡോം ബീഡ് ഗ്രിഫിത്ത്സ് എന്ന ദേഹമാണ് അതിൻെറ സ്ഥാപകനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ബൽജിയത്തിലെ സെൻറ് ആൻഡ്രേസ് ആബെയിയിലെ ഒരംഗമായ ഡോം ബെനഡിക്റ്റ് ആലപ്പാട്ട് അവർകൾ അദ്ദേഹത്തോടു സഹകരിക്കുന്നതായിരിക്കും. ഫാദർ ഗ്രിഫിത്ത്സ് കത്തോലിക്കാ സഭയിലേക്കു മാനസാന്തരപ്പെട്ട ഒരു പണ്ഡിതനും പല പ്രശസ്ത ഗ്രന്ഥങ്ങളുടേയും നിമ്മാതാവുമാണ്. സഭാംഗങ്ങൾ പരിപൂണ്ണമായും ഒരു ധ്യാനപരജീവിതമാണ് നയിക്കുക. ഫാദർ ഗ്രിഫിത്ത്സ് അദ്ദേഹത്തിൻെറ ജീവിതം ഈ ഭാരതീയസഭയുടെ അഭിവൃദ്ധിക്കുവേണ്ടി ചിലവഴിക്കുന്നതായിരിക്കും. ഭാരതീയരുടെ ആദ്ധ്യാത്മിക പ്രവണതകൾക്കനുയോജ്യമായ ഒരു സ്ഥാപനമായിരിക്കും ഈ സഭയെന്നും അതിനു ഭാരതമാകെ വലിയ സ്വാഗതം സിദ്ധിക്കുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.


### NIRMALA COLLEGE, MUVATTUPUZHA

Reopens on 7th June 1955. Admissions to the Junior classes commence on 3rd June 1955

The College offers instruction in the following groups and subjects:—

**Intermediate:**

Part I and II
Part III
Group i Mathematics Physics Chemistry
Group ii Biology, Physics, Chemistry
Group iii Histories

**B. A., B. Sc. and B. Com.**

Part I — English Language and Literature
Part II — Hindi and Malayalam
Part III —
B. Sc. Group I (a) Mathematics
B. A. Group II (b) Economics with History & Politics
B. Com. With optionals

(Number of Seats subject to the approval of the University)

N. B. i) Hostel accommodation available
ii) Lady students also will be admitted Hostel accommodation for them under the direct supervision of the Rev. Sisters.

Prospectus and application Forms can be had on remittance of Rs. 2.

PRINCIPAL







ആഖ്യായിക

## ബറബാസ്



### അദ്ധ്യായം 5 (തുടർച്ച)

## "ന്യായപ്രമാണം നശിപ്പിക്കുവാൻ ഞാൻ വന്നുവെന്നു ചിന്തിക്കരുതു്"

(വി. സി. ജോർജ്ജ് ബി. എ. എൽ.റ്റി.)

ലാസറസിൻെറ കളപ്പുരയ്ക്കു സമീപം വാടികയിൽ ധാരാളം ഒച്ചപ്പാടുണ്ടായി. വിളിയാവിരുന്നുകാർ തങ്ങൾക്കു കിട്ടിയ ആടുകളെ പാകപ്പെടുത്തുവാൻ അടുപ്പുകളുണ്ടാക്കി തീ കത്തിച്ചിട്ടുണ്ടായിരുന്നു. അവയ്ക്കു ചുറ്റും വീഞ്ഞിൻ പാത്രവുമായി അത്താഴത്തിൻെറ സമയം അക്ഷമരായി പ്രതീക്ഷിച്ചു് അവരിൽ പലരും നീണ്ടുനിവന്നു കിടന്നു. അനുയായികളിൽനിന്നു കുറെ അകലെ ബറാബാസു് ഇരിപ്പായി. അയാൾ ഈശോയും ശിഷ്യരും നടന്നുവന്നപ്പോൾ അവരെ ഈഷൽ കാളിമയോടുകൂടിയാണു് നോക്കിയതു്. ഈശോ കടന്നുപോകുകയിൽ ബറാബാസിൻെറ അനുയായികൾ നിശ്ശബ്ദരായിക്കഴിഞ്ഞുവെങ്കിലും നേതാവിൽനിന്നു് പ്രാതികൂല്യഭാവം അവരിലും വ്യാപിച്ചുതായി കാണാമായിരുന്നു. ഈശോയും ബറാബാസും തമ്മിലുണ്ടായ സന്ദർശനവിവരം ബറാബാസു് അവരോടു വിസ്തരിച്ചു പറഞ്ഞില്ല. നസ്രായനായ ഈശോയുമായി ഒരു സഖ്യം സാദ്ധ്യമല്ലെന്നും അദ്ദേഹം ദേശീയമായ മോചനത്തിൽ ശ്രദ്ധ പതിക്കാത്ത ഒരു സ്വപ്നക്കാരൻ മാത്രമാണെന്നും അവജ്ഞാപൂർവ്വം അറിയിക്കുകമാത്രമാണു ചെയ്തതു്.

ഈ വാർത്ത ലാസറസിനോടുള്ള അവരുടെ വർത്തനത്തിൽ മാറ്റം വരുത്തി. തങ്ങളുടെ വന്യതയും വിഷയാസക്തിയും അടക്കിയൊതുക്കി നിശ്ശബ്ദരായി കഴിയേണമെന്നുള്ള നിഷ്ഠ അവർ ഉപേക്ഷിച്ചതായിക്കണ്ടു. ഈശോയും ശിഷ്യന്മാരും വന്നുചേരുന്നതിനുമുൻപു്, അവർ കശപിശയുണ്ടാക്കുകയും അവിടെയുണ്ടായിരുന്ന ഭൃത്യന്മാരോടു് അസംബന്ധം പുലമ്പുകയും വേലക്കാരികളോടു മര്യാദഹീനമായി പെരുമാറുവാനൊരുങ്ങുകയും ചെയ്തിട്ടു നിമിഷങ്ങൾ ചിലതുമാത്രമേ കഴിഞ്ഞിരുന്നൊള്ളു. അവരുടെ ദുർമ്മര്യാദയ്ക്കു ഗുരുവിൻെറ ആഗമനം ക്ഷണികമായ ഒരു വിരാമമിടുകമാത്രമാണു ചെയ്തതു്.

അനർത്ഥമുണ്ടാകാതിരിക്കുന്നതിനുവേണ്ടി ലാസറസ് ഭൃത്യന്മാരെ അന്തർവേശ്മത്തിലേക്കു പറഞ്ഞയച്ചിരുന്നു. താനും അരിമത്ത്യൻ ജോസഫും ഈശോയുടെ സഹവാസികളായിരുന്ന ശിഷ്യന്മാരുംമാത്രം വലിയ ശാലയിൽ കാത്തിരുന്നു. തോട്ടത്തിലേക്കു ഈശോയോടുകൂടി വന്നിരുന്ന ഗ്രാമവാസികൾ— അവരിലധികവും സ്ത്രീകളും കുഞ്ഞുങ്ങളുമായിരുന്നു— ഭക്ഷണത്തിനുശേഷം നിജസ്ഥാനങ്ങളിലേക്കു രാത്രി അധികമാകുന്നതിനുമുമ്പു മടങ്ങിപ്പോയി.

വലിയശാല, മേൽത്തട്ടിലും മരഭിത്തികളിലും തൂങ്ങിയിരുന്ന തൈലദീപങ്ങളാൽ പ്രശോഭിതമായി. ഈശോ പ്രവേശിച്ചയുടൻ ഭിത്തികളോടു ചേർന്നുകിടന്ന നെടുങ്കൻ ബഞ്ചുകളിൽനിന്നു് ലാസറസും ജോസഫും ശിഷ്യരോടൊപ്പം എണീററുനില്ക്കുകയും ഗുരുവിനെ ആചാരപൂർവ്വം സ്വീകരിക്കുവാൻ ലാസറസ് ഏതാനും അടികൾ മുമ്പോട്ടുവെക്കുകയും ചെയ്തു.

ഈശോ കരങ്ങൾ ഉയർത്തി: "നിങ്ങൾക്കു് സമാധാനം ഉണ്ടാകട്ടെ" എന്നാശംസിച്ചു.

"സമാധാനം" മററുള്ളവർ പ്രതിവദിച്ചു.

ശാലയുടെ മദ്ധ്യത്തിലുണ്ടായിരുന്ന മേശയിങ്കൽ അഗ്രസ്ഥാനത്തേക്കു ലാസറസ് ഈശോയെ സന്നയിച്ചു. ശുഭ്രമായ ക്ഷൗമാച്ഛാദനത്തോടുകൂടിയ മേശമേൽ മാർത്തികപാത്രങ്ങൾക്കു സമീപം പുഷ്പസഞ്ചയങ്ങൾ കാണപ്പെട്ടു. ചഞ്ചലമായ ദീപപ്രകാശത്തിൽ ലോഹനിർമ്മിതങ്ങളായ ചഷകങ്ങൾ തിളങ്ങി. ഭക്ഷണസമയത്തു ചരിഞ്ഞുകിടക്കുന്ന റോമൻസമ്പ്രദായം ഗലീലിയിലേക്കു് വ്യാപിക്കാതിരുന്നതിനാൽ മേശയ്ക്കു ചുററും ഉന്നതങ്ങളായ പീഠങ്ങൾ തയ്യാറാക്കിയിരുന്നു.

നസ്രായൻ ഈശോ ആസനസ്ഥനായശേഷം കൈയുയർത്തി മുമ്പിലുണ്ടായിരുന്ന അപ്പം ആശീർവ്വദിച്ചു അല്പനേരത്തെ മൗനപ്രാർത്ഥന കഴിഞ്ഞു്, അത്താഴം ആരംഭിച്ചു. ഭൃത്യകൾ ആവിപൊങ്ങുന്ന വിവിധഭോജ്യങ്ങൾ ഭാജനങ്ങളിൽ അണിനിരത്തി. ഭൃത്യന്മാർ ചഷകങ്ങളിലേക്കു് മാറിമാറി ആവശ്യംപോലെ മൺഭരണികളിൽനിന്നു വീഞ്ഞു പകർന്നുകൊടുത്തു.

ഈശോയുടെ വലതുഭാഗത്തു് അരിമത്ത്യൻ ജോസഫും ഇടതുഭാഗത്തു് ലാസറസും ഇരുന്നിരുന്നു. ഈശോ ചിന്താമഗ്നനായി കാണപ്പെട്ടു. അവിടുന്നു അല്പംമാത്രം ഭക്ഷിച്ചു. വീഞ്ഞു് ഒരിക്കൽ മാത്രം ഉപസ്പർശനംചെയ്തു. ബാക്കിയുണ്ടായിരുന്നവർ താണസ്വരത്തിൽ സംഭാഷണം നടത്തി. ഗുരുവിൻെറ സാന്നിദ്ധ്യത്തിൽ ഭക്ഷണം ഒരു വൈദികച്ചടങ്ങെന്നോണം കഴിഞ്ഞു. അരിമത്ത്യൻ ജോസഫിന്നടുത്തിരുന്നതു് ഈശോയുടെ സന്തതസഹചാരിയും സോത്സാഹനുയായിയുമായിരുന്ന കെറിയോത്തിലെ ശിമയോൻെറ പുത്രൻ യൂദാസായിരുന്നു. ഇരുണ്ടനിറത്തിലുള്ള ഒരു ചെറിയ മനുഷ്യൻ എന്നയാളെപ്പററി പറയാം. യൂദാസിൻെറ ഉല്ലാസധോരണി ഇതരന്മാരുടെ ആനന്ദപൂർവ്വകമായ ഗൗരവഭാവത്തിനനുയോജ്യമായിരുന്നില്ല. വ്യക്തികളെന്നനിലയിൽ ശിഷ്യന്മാരെല്ലാവരുംതന്നെ ഗുരുവിനോടുള്ള ഭക്തികൊണ്ടല്ലാതെ മററുവിധത്തിൽ ഗണനീയന്മാരായിരുന്നില്ലല്ലോ. ഇതരന്മാരിൽ ആരും ഗലീലിക്കപ്പുറം സഞ്ചരിക്കുകയുണ്ടായില്ലെങ്കിലും യൂദാസ്സുറിയോയാത്ത അവരെല്ലാവരേയും അപേക്ഷിച്ചു് കൂടുതൽ ലോകപരിചയം സമ്പാദിച്ചിരുന്നു. കേസറിയായിലും സമുദ്രതീരനഗരങ്ങളിലും അയാൾ കുറേക്കാലം ജോലിചെയ്തു. സാഹചര്യങ്ങളെ ആവുന്നത്ര ഉപകാരപ്രദമാക്കുവാൻ വ്യഗ്രമായ ജിജ്ഞാസയും ജാഗരൂകമായ ബുദ്ധിയും യൂദാസിനെ സഹായിച്ചു. മററുള്ളവർക്കില്ലാതിരുന്ന വിധം ലോകഗതിയെപ്പററി ചില അഭിപ്രായങ്ങൾ യൂദാസ് സ്വീകരിച്ചു; അവയെപ്പററി സംസാരിക്കുവാൻ, പ്രത്യേകം ഗുരുവിൻെറ സന്നിധിയിൽവെച്ചു സംസാരിക്കുവാൻ, അയാൾ തല്പരത പ്രകടിപ്പിക്കുകയുംചെയ്തു. ജനസമുദായങ്ങളുടെ മുന്നണിയിൽ അർഹമായ പ്രമുഖസ്ഥാനം കരസ്ഥമാക്കുവാൻ ഇസ്രായേലിനു കാലമായി എന്നായിരുന്നു യൂദാസിൻെറ അനുമാനം. ശിമയോനെയോ യോഹന്നാനെയോ അന്ത്രയോസിനെയോകാൾ സ്നേഹവും വിനയവും കുറഞ്ഞ യൂദാസ് ലൗകികവ്യാപാരങ്ങളിൽ നിപുണനായിത്തീർന്നു. തങ്ങളുടെ ചെറുസംഘത്തിലേക്കു ലഭിച്ച സംഭാവനകളെ ഉപയോഗിക്കുവാൻ അയാൾക്കു സാധിച്ചു. നിയമനംകൊണ്ടല്ല, മററുള്ളവരുടെ ഔദാസീന്യംകൊണ്ടു്, യൂദാസ് അചിരേണ ആ ചെറുസംഘത്തിൻെറ ഖജാൻജിയും ധനകാര്യദർശിയുമായി.

ഭക്ഷണാനന്തരം ഉച്ഛിഷ്ടങ്ങൾ മാററി. കൈ കഴുകുന്നതോടുകൂടി ഈശോ കൃതജ്ഞതാപരമായി പ്രാർത്ഥിച്ചു. അനന്തരം അവിടുന്നു ശാലവിട്ടു പോകുവാൻ ഭാവിക്കുന്നതുപോലെ തോന്നി. ഗുരുവിൻെറ സാന്നിദ്ധ്യം ദീർഘിച്ചുകാണുവാൻ എല്ലാവർക്കും ആഗ്രഹമുണ്ടായിരുന്നതിനാൽ അരിമത്ത്യൻ ജോസഫ് ഈശോയോടായി സംസാരിച്ചു: "ഗുരോ, അങ്ങു് ആ ബറാബാസുമായി സുദീർഘം സംഭാഷണം ചെയ്തുവല്ലോ. അയാളുടെ ഉദ്ദിഷ്ടം സാധിച്ചില്ലെന്നാണു് അയാളുടെ പിന്നീടുള്ള വർത്തനത്തിൽനിന്നു മനസ്സിലാക്കേണ്ടതു്."

"ജോസഫ് പറഞ്ഞതു ശരിതന്നെ. എനിക്കു് സ്വീകരിക്കുവാൻ പാടില്ലാത്ത ദുരുപദിഷ്ടമായ മാർഗ്ഗമാണു് അയാളുടേതു്."

ശാലയിൽ സ്വല്പസമയം നിശ്ശബ്ദത വ്യാപിച്ചു. യൂദാസ്സുറിയോത്ത ജ്വലിക്കുന്ന ദൃഷ്ടികൾ ഈശോയുടെനേർക്കു തിരിച്ചു: "പക്ഷേ, അയാളുടെ ലക്ഷ്യം വളരെ മഹത്താണു്. അയാൾക്കു ധാരാളം അനുയായികളുണ്ടു്" അയാൾ പറഞ്ഞു.

"ഹിംസയിൽ ആശ്രയിക്കുന്നവരുടെ ദിഷ്ടം ഹിംസമൂലം നിശ്ശേഷമാകുകയാണു്. പ്രതാപം കാംക്ഷിക്കുന്ന ദുർമ്മോഹികൾ ആയുധപാണികളായി സദാചാരനിഷ്ഠയുടേയും സ്നേഹത്തിൻെറയും രാജ്യം സ്ഥാപിക്കുന്നതിനുപകരം ഹിംസയുടെ രാജ്യം സ്ഥാപിക്കുകയെന്നതല്ല പിതാവു് അബ്രാഹവുമായി ഉറപ്പിച്ച വ്യവസ്ഥയുടെ സാരം."

യൂദാസ് വികാരഭരിതനായി സംസാരിച്ചു: "നിൻെറ ശത്രുക്കളെ ഞാൻ നിൻെറ പാദപീഠമാക്കുമെന്നു് വിശുദ്ധ ലിഖിതങ്ങൾ പറയുന്നില്ലേ?"

ഈശോ മന്ദഹാസംചെയ്തു: "ഈ വാക്യംതന്നെ ബറാബാസും ഉദ്ധരിച്ചു. എന്നാൽ ശിമയോൻെറ പുത്രനായ യൂദാസേ, ഞാൻ നിന്നോടു പറയുന്നു, നാം ആഗ്രഹിക്കുന്ന അർത്ഥം കല്പിച്ചു് വിശുദ്ധ ലിഖിതങ്ങളെ വ്യാഖ്യാനിക്കുക നന്നല്ല."

"ഏതായാലും ബറാബാസ് ഉദ്ദേശിക്കുന്നതു് തീർത്തും അസാദ്ധ്യമാണു്. വിപ്ലവത്തിനുള്ള സാരമായ ഏതെങ്കിലും പരിശ്രമത്തെ റോമൻസേനാസംഘം രക്തത്തിൽ മുക്കിക്കൊല്ലുകതന്നെ ചെയ്യും" അരിമത്ത്യൻ ജോസഫ് അഭിപ്രായപ്പെട്ടു

യൂദാസു് ജോസഫിൻെറനേരെ തിരിഞ്ഞു സംസാരിച്ചു: "നശിച്ചുവശായ ഒരു സാമ്രാജ്യത്തിൻെറ വെറും വൈതനികർ സൈന്യത്തിൻെറ പരമാർത്ഥിവരെ അനുധാവിതരായ ഒരു ജനസമുദായത്തിൻെറ വീര്യം, അജയ്യധൈര്യം ഇവയ്ക്കെതിരായി എന്തു ചെയ്യുവാനാണു്. ഇസ്രായേൽ ദീർഘകാലമായി അനുഭവിക്കുന്ന ലജ്ജാകരമായ അവസാദാവസ്ഥയിൽ, അതിനെ ഉദ്ധരിക്കുവാൻ നിയുക്തൻ ഈ ബറാബാസാണെന്നു ഞാനും വിശ്വസിക്കുന്നില്ല. ഏതായാലും വാഗ്ദാനം പൂർത്തിയാക്കുവാൻ ആരെങ്കിലും ഒരാൾ മുമ്പോട്ടു വരേണ്ടിയിരിക്കുന്നു."

(തുടരും)


## രോഗങ്ങളും പ്രതിവിധികളും

മലം വളരെ വരണ്ടും, താമസത്തോടും, രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായും‌പോവുന്നതു "മലബന്ധ"ത്തിൻെറയും, പല പ്രാവശ്യമായും. നേർമ്മയായും (നാടപോലെ കനം കുറഞ്ഞും), മുറിഞ്ഞുമുറിഞ്ഞും മുക്കലോടും, ശബ്ദത്തോടും, വയർ നോവുക, കുടലെരക്കുക മുതലായ ലക്ഷണങ്ങളോടുംകൂടിപോവുന്നതു് "അർശസ്സി"ൻെറയും (മൂലക്കുരുവിൻെറയും) ലക്ഷണങ്ങളാകുന്നു. ഈ ലക്ഷണങ്ങളനുഭവപ്പെട്ടുതുടങ്ങുന്നതു മുതൽ "വായുസ്തംഭനം" (വായുവിൻെറ കീഴ്പോട്ടുള്ള ഗതിക്കു തടസ്സം) സംഭവിക്കുകയും, ദേഹത്തിലെ "ചൂടു്" വർദ്ധിക്കുകയും, ഈ നാലു കാരണങ്ങളിൽനിന്നു് നീർവീഴ്ച, ചുമ, തലവേദന, ക്ഷയം, പ്രമേഹം, ഏങ്ങൽ മുതലായ രോഗങ്ങളുത്ഭവിക്കുകയും ചെയ്യുന്നു. ഇങ്ങനെയുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ തുടങ്ങിയ രോഗങ്ങൾ അസാദ്ധ്യാവസ്ഥയിലെത്തിത്തീർന്നിട്ടില്ലാത്തപക്ഷം മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങളെ ശമിപ്പിക്കുന്നതിനുള്ളതായ "കാളൻ'സ് ദ്രാക്ഷാഘൃതം" ഉപയോഗിക്കുന്നതു് ഏററവും ഫലപ്രദമാണെന്നു് അനുഭവസ്ഥന്മാർതന്നെ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു പരമാർത്ഥമാണു്. ഈ ഔഷധം ഉപയോഗിപ്പാൻ പത്ഥ്യം കാക്കണമെന്നു് നിർബന്ധമില്ല

അരഅരക്കാൽ റാത്തൽ കുപ്പി ഒന്നുക്കു് ക. 4—0—0

ദ്രാക്ഷാഘൃതം പോസ്റ്റൽമാർഗ്ഗം രജിസ്റ്റേർഡ് പാർസലായി അയച്ചുകിട്ടുവാൻ ആവശ്യപ്പെടുന്നവർ 5ക. മുൻകൂർ അയക്കേണ്ടതാണു്.

N. B ഈ ഔഷധവും, "കാളൻ'സ് നിംബാസവം, ശാരിബാദതൈലം" എന്നീ ഔഷധങ്ങളും കണ്ണൂർ, തലശ്ശേരി, കോഴിക്കോടു്, കോയമ്പത്തൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻസ് സെയിൽസ് ഡിപ്പോകൾവഴിയായും, സേലം, കൊല്ലം മുതലായ സ്ഥലങ്ങളിലുള്ള 130-ൽപരം ഏജൻസികൾവഴിയായും വിതരണം ചെയ്തുവരുന്നു.

കാളൻ, നെല്ലായി


## വിനോദവീഥി

ഒരു റഷ്യൻ പട്ടാളമേധാവി തടങ്കൽ പാളയം സന്ദർശിച്ചുകൊണ്ടിരുന്നപ്പോൾ ഒരു തടവുകാരനോടു വളരെ കാരുണ്യം തോന്നിയതുകൊണ്ടു പറഞ്ഞു:-


"നിങ്ങൾക്കു ഞാനൊരു ദയവു ചെയ്യാം. എൻെറ ഏതു കണ്ണാണു് കൃത്രിമമായി വച്ചിട്ടുള്ളതെന്നു പറയാമോ? എന്നാൽ നിങ്ങളെ സ്വതന്ത്രനായി വിട്ടയക്കാം."

തടവുകാരൻ.- "അങ്ങെ ഇടത്തേക്കണ്ണു്."

ഉദ്യോഗസ്ഥൻ:- "ശരി. എന്നാൽ നിങ്ങളിത്രവേഗം അതെങ്ങനെ മനസ്സിലാക്കി?"


തടവുകാ: "അങ്ങെന്നെ നോക്കുമ്പോഴെല്ലാം വലതുകണ്ണിനേക്കാൾ ദയാഭാവം ഇടതുകണ്ണിനുണ്ടായിരുന്നു."

x x x



"നമ്മുക്കു് സിലോണിലേക്കു 200000 വരുന്ന ഒരു പ്രകടനജാഥ നാളെ പുറപ്പെടണം. അവിടെ കുടിയും ചൂതുകളിയും നിരോധിച്ചിരിക്കുന്നെന്നു്!"


### കമലവിലാസ് വാസനസാമാനപ്പെട്ടി– 1.




ഇതിൽ ദിനംപ്രതി ഉപയോഗത്തിനാവശ്യമായ: 1. വാസനചാന്തു് 1 കുപ്പി 4ണ. 2. കമലവിലാസ് കണ്ണെഴുത്തുമഷി 1 പെട്ടി 6 ണ. 3. ടോയ്‌ലറ്റ് പൌഡർ 1 ടിൻ (ചെറിയതു്), 5 ണ. 4. നമന്മ്മ നഖപാളീഷ് 1 കുപ്പി 10 ണ. 5. കമലാ സെൻറു 1 കുപ്പി 8ണ. 6. കുസുമവിലാസം പരിമള കുന്തൽതൈലം ഉണ്ടാക്കുവാനുള്ളതു് 1 കുപ്പി ക. 2. വില. ഈ 6 സാമാനങ്ങളുള്ള നമ്പ്ര് 1 വാസനസാമാനപെട്ടി 1ന്നു് 4ക. അയപ്പാൻ ചിലവു് ക. 1 പുറമെ. ഒരേസമയം രണ്ടു പെട്ടി അയക്കുന്നതിനു് ചിലവു് ക. 1-8-0 മതിയാകും. വിലയും അയപ്പാനുള്ള ചിലവും ചേർത്തു മണിയാർഡറായി അയച്ചുതന്നാൽ തപാൽവഴി റജിസ്റ്റർ പാർസലായി അയച്ചുകൊടുക്കുന്നതാകുന്നു.

P. A. Aiyar, Kamalavilas Perfumery Works, Trichur, (S. I.)

# "എനിക്കു കഴിയുമോ?"

(ടി. മഞ്ഞക്കുന്നേൽ, അറക്കുളം)

നൂററാണ്ടുകൾക്കുമുമ്പ്, പീലാത്തോസിൻെറ ന്യായാസനത്തിനുമമ്പിൽ ക്രിസ്തുവിനേയും ബറാബാസിനേയും ബന്ധിതരായി നിറുത്തിക്കൊണ്ട് ജനക്കൂട്ടത്തോട് ചോദിച്ചു: "നിങ്ങൾക്കാരെ വേണം, ക്രിസ്തുവിനേയോ, ബറാബാസിനേയോ?" എന്ന്. പീലാത്തോസിൻെറ ആ ചോദ്യത്തിനുത്തരമായി "അവനെ കുരിശിൽ തറയ്ക്കുക. ബറാബാസിനെ വിട്ടുതരിക" എന്ന് ജനക്കൂട്ടം മുഴുവൻ നിലവിളിച്ചുപറഞ്ഞു. ബറാബാസ് വിമോചിതനായി. ക്രിസ്തു ക്രൂശിക്കപ്പെട്ടു. ഇന്നത്തെ ജനങ്ങളും മടിക്കുന്നില്ല അതേതററുപാടുവാൻ. ക്രിസ്തുവിനെ വേണമെന്നും, ബറാബാസിനെവേണ്ടെന്നും പ്രഖ്യാപിക്കുവാൻ മടിക്കുയോ? ഇപ്പോഴത്തെ പുരോഗമനത്തിലൂടെയങ്ങു പോയാൽ—ക്രിസ്തുവിനെ മറന്നു മുന്നേറിയാൽ — കാലത്തിൻെറ ഗതിയിൽ തന്നെ ഏററുപറയുവാൻ ആളില്ലാതെ വന്നേക്കാം. കാരണം, തന്നെ പരിത്യജിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന ജനവിഭാഗം വർദ്ധിക്കയാണിന്ന്. സത്യമതത്തെയും മതവിശ്വാസത്തെയും നശിപ്പിക്കുന്ന നിരീശ്വരവാദികൾ എവിടെയും മുന്നേറുകയാണ്. അനേകം ക്രിസ്ത്യാനികളെപ്പോലും അക്കൂട്ടർ പാട്ടിലാക്കിക്കഴിഞ്ഞു. അതേ! ലോകപരിത്രാതാവായ ക്രിസ്തുവിനെ ഉപേക്ഷിച്ചിട്ട് ബറാബാസിനെ സ്വീകരിക്കുന്നു. ക്രിസ്തുവിനെ ഉപേക്ഷിച്ചവരേയും അതിനു ശ്രമിക്കുന്ന ശക്തികളേയും നേരിടുവാൻ നാം ഉണരേണ്ട കാലം കഴിഞ്ഞിരിക്കുന്നു. അതിനാൽ "ക്രിസ്തുവിനെ വേണം" മെന്നു ധീരതയോടെ പ്രഖ്യാപിക്കുവാൻ തന്റേടമുള്ള നേതാക്കന്മാരും, അവരോടുകൂടി അവിടുത്തെ ഏററുപറയുവാൻ ധൈര്യമുള്ള സഹകാരികളും ഇന്നത്തെ ഒരാവശ്യമാണ്.

പുരോഗമനത്തിൻെറ പരകോടിപ്പാച്ചിലിൽപ്പെട്ട ആധുനികജനത ധാർമ്മികമൂല്യങ്ങളെ അവഗണിച്ചിരിക്കയാണ്. അതോടുകൂടി അസംതൃപ്തിയും അസമാധാനവും വർദ്ധിച്ചുവരുന്നു. വിവിധ മതവിശ്വാസികളുടെ മദ്ധ്യേ വസിക്കുന്ന ക്രിസ്ത്യാനികളുടെ ജീവിതത്തിൽ പ്രത്യേകിച്ചും ഒരു നവീകരണം ആവശ്യമായിരിക്കുന്നു. ഓരോ വ്യക്തിയും ശ്രമിക്കുന്നപക്ഷം ഇതിനു പരിഹാരമാർഗ്ഗം ഉണ്ടാകാതിരിക്കയില്ല. ക്രിസ്തുമതതത്വങ്ങളിൽ അടിയുറച്ച വിശ്വാസം, ജീവിതവിജയത്തിനുള്ള ശ്രമം. സ്നേഹത്തിലും ഐക്യത്തിലുമുള്ള ജീവിതം, സഭാനിയമങ്ങളുടെ പാലനത്തിലുള്ള നിഷ്ഠ, അധികാരികളോടുള്ള ബഹുമാനം, മരണാനന്തരജീവിതത്തെപ്പററിയുള്ള ചിന്ത ഇവയെല്ലാം നമ്മുടെ ജീവിതവിശുദ്ധീകരണത്തിനു സഹായിക്കും. ഓരോ ക്രിസ്ത്യാനിയും ജീവിതത്തിലെ കടമകൾ നിർവ്വഹിച്ചുകൊണ്ട് ജീവിതം നവീകരിക്കട്ടെ! അന്യൻെറ തെററിനെമാത്രം ചൂണ്ടിക്കാണിക്കാതെ ഓരോരുത്തനും സ്വയം ഒന്നു ചിന്തിക്കട്ടെ!

അബദ്ധങ്ങളായ വിപ്ലവാശയങ്ങളെ പ്രചരിപ്പിക്കുവാൻ വിദ്യാലയങ്ങളും പ്രസിദ്ധീകരണങ്ങളും മററും ഇന്നു പിന്നണിയിലല്ല. ഇന്നത്തെ തലമുറയെ അബദ്ധമാർഗ്ഗത്തിലൂടെ ചരിപ്പിക്കുവാൻ ഒരുകൂട്ടർ വെമ്പൽകൊള്ളുകയാണ്. അവരിൽനിന്ന് ജനങ്ങളെ മാററിനിർത്താനും, സന്മാർഗ്ഗനിഷ്ഠയിലും ഈശ്വരവിശ്വാസത്തിലും അടിയുറപ്പിക്കുവാനും നാം ശ്രമിക്കണം. സത്യത്തിലും നന്മയിലും വിശ്വസിച്ച് പരിപാവനമായ ദിവ്യസന്ദേശത്തെ നാടുകൾതോറും പ്രകാശിപ്പിക്കുവാൻ ക്രിസ്തുവിൻെറ യോദ്ധാക്കളായി ജനമദ്ധ്യത്തിലിറങ്ങുക. സഭയിലും, സമുദായത്തിലും, രാഷ്ട്രത്തിലും ക്രിസ്തുവിനെ എത്തിക്കുവാൻ ക്രിസ്തുവാഹികളാണാവശ്യം. വിപ്ലവപാർട്ടികളുടെ ആശയാദർശങ്ങൾ ഇന്നാട്ടിൽ വ്യാപിപ്പിക്കുവാൻ രാപകലില്ലാതെ അക്കൂട്ടർ ശ്രമിക്കുന്നെങ്കിൽ, ക്രിസ്തുവിൻെറ ദിവ്യസന്ദേശം വഹിക്കുവാൻ നാം പിന്മാറുകയോ?


സാമ്രാജ്യീകരണം താറുമാറാകുന്നുവെന്നു പച്ചരും പരാതിപ്പെടുന്നതു കേട്ടിട്ടുണ്ട്. ആധുനികജനതയുടെ പരിഷ്കൃതമുറകളിലൂടെയുള്ള ജീവിതം, അശ്ലീലഗ്രന്ഥങ്ങൾ, സിനിമകൾ ഇവയെല്ലാമാണല്ലോ അതിനു പ്രചോദനം നൽകുന്നത്. നമ്മുടെ യുവജനങ്ങൾ ഇവയ്ക്കെതിരായി ശബ്ദമുയർത്തിയിട്ടുണ്ടോ? മാതാപിതാക്കന്മാർ മക്കളെ ഇതിൽനിന്നും വ്യതിചലിപ്പിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ, ആധുനികലോകം അധഃപതിക്കുന്നതിൽ എന്താണത്ഭുതം. ഇന്നത്തെ ജനങ്ങൾതന്നെയല്ലേ അതിനു കാരണം. പരാതി പറയുന്നതിനും, വിമർശിക്കുന്നതിനും, അനാവശ്യകേസ്സുകൾ നടത്തുന്നതിനും ചിലവഴിക്കുന്ന സമയം നല്ല കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും, സ്വവിശുദ്ധീകരണത്തിനും കുടുംബങ്ങളുടേയും മററുള്ളവരുടേയും വിജയത്തിനുമായി ശ്രമിച്ചിരുന്നെങ്കിൽ! അവനവൻെറ കഴിവുകളുപയോഗിച്ച് കുടുംബാംഗങ്ങൾക്കും അയൽവാസികൾക്കും സ്നേഹിതർക്കും നല്ല മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് തിന്മയിൽനിന്നും നന്മയിലേക്ക് അവരെ നയിക്കുക. എല്ലാത്തിലും ഉപരിയായി ദൈവത്തെ സ്നേഹിക്കുക.

(11-ാംപേജ് തുടർച്ച)

ൽ പ്രസ്തുതസഭയെ ഭരിച്ചുപോരുന്ന മേൽപട്ടക്കാരുടെ ഊരും പേരും ഭരണകാലവും ഒന്ന് പ്രസിദ്ധപ്പെടുത്തുവാൻ ദയവുണ്ടാകുമോ? ഇവിടത്തെ ഓർത്തഡോക്സ്കാരുടെ സിംഹാസനം മാർത്തോമ്മാശ്ലീഹായുടെ സിംഹാസനമാണെന്നു പറയുന്നു. ഇതിനു വളരെ മുൻപുതന്നെ മാർത്തോമ്മാ മെത്രാപ്പോലീത്താ അതിൽ ഇരുന്നുവരുന്നതായി അവർ പറയുന്നു. എന്നാൽ ശ്ലീഹന്മാരുടെ തലവനായ പത്രോസിനല്ലാതെ മററാരു ശ്ലീഹായ്ക്കും സിംഹാസനമുള്ളതായി ഞങ്ങൾ കേട്ടിട്ടില്ല പൗലോസിൻെറ സിംഹാസനമെന്നോ യോഹന്നാൻെറ സിംഹാസനമെന്നോ ആരും പറഞ്ഞിട്ടുമില്ല. മാർത്തോമ്മാശ്ലീഹായ്ക്കു ഒരു സിംഹാസനമുള്ളതായി തെളിയിക്കുന്ന വല്ല പഴയ രേഖയും ഉദ്ധരിക്കുവാൻ ഇവർക്കു കഴിയുമോ? കഴിയുമെങ്കിൽ അതൊന്നു കാൺമാൻ ആഗ്രഹിക്കുന്നു.


ഫാദർ ജേക്കബ്
ഞായല്ലൂർ


## നയനങ്ങൾ
### അവ വിലയേറിയവയാണു
പാദങ്ങൾ വേണ്ടവിധത്തിൽ സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ
കണ്ണുകൾ നഷ്ടപ്പെട്ടേക്കാം.
വിദഗ്ദ്ധരായ ജോലിക്കാർ നവീനോപകരണങ്ങൾ
ഉപയോഗിച്ചു നിർമ്മിക്കുന്ന പാദരക്ഷകൾക്ക്
അന്വേഷിക്കുക:





## കൃതജ്ഞത




സിസ്റ്റർ അൽഫോൻസായുടെ സഹായത്താലും, തിരുക്കുടുംബത്തിൻേറയും, വി. കൊച്ചുത്രേസ്യായുടേയും, വി. യൂദാസിൻെറയും മാദ്ധ്യസ്ഥതാലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

By Kunjamma Varkey

തന്നെപ്പോലെ തൻെറ അയൽക്കാരനേയും. അതേ! സ്നേഹത്തിലും ഐക്യത്തിലും സ്ഥിരപ്പെട്ട് മാതൃകയായി, ക്രിസ്തീയചൈതന്യനിർഭരമായ കുടുംബങ്ങളായി തങ്ങളുടെ കുടുംബങ്ങളെയുമുയർത്തി സ്നേഹത്തിലും സേവനത്തിലും ജീവിക്കുക.

അമേരിക്കൻ ജനതയെ ക്രൈസ്തവധർമ്മനിരതരാക്കുന്നതിനും കമ്മ്യൂണിസ്റ്റ് വിപത്തിൽനിന്നും ലോകത്തെ രക്ഷിക്കുവാനും സേവനംചെയ്യുന്ന ഒരു സംഘടനയുണ്ട് അമേരിക്കയിൽ— "ക്രിസ്റ്റോഫർ പ്രസ്ഥാനം" 1945-ൽ മേരിനോ മിഷനറിസമൂഹത്തിൽപ്പെട്ട ഫാദർ ജയിംസ് കെല്ലർ ആണിതിൻെറ സ്ഥാപകനും ജീവനാഡിയും. വളരെ അത്ഭുതാവഹമായ ഒരു പ്രവർത്തനചരിത്രം അതിനുണ്ട്. നാലു ലക്ഷത്തോളം അംഗങ്ങളുണ്ടു ഈ പ്രസ്ഥാനത്തിൽ. ന്യൂയോർക്കിലുള്ള കേന്ദ്ര ആഫീസിൽനിന്നും പ്രത്യേകം പ്രചരിപ്പിക്കുന്ന അനേകം പ്രസിദ്ധീകരണങ്ങളും, ഫിലിമുകളും, തൊഴിലാളിസംഘടനകൾ, സഭായോഗങ്ങൾ, സാഹിത്യസമിതികൾ, വിദ്യാലയങ്ങൾ, കുടുംബസംഘങ്ങൾ ഇവ വഴി പൊതുനന്മയ്ക്കുവേണ്ടി പല വൻകാര്യങ്ങളും ക്രിസ്റ്റോഫർമാർ നടത്തുന്നുണ്ട്. അഭ്യുദയകാംക്ഷികൾ ഈ പ്രസ്ഥാനത്തെ സഹായിക്കുന്നു. നാലുലക്ഷത്തോളം ഡോളർ ചിലവാക്കുന്നുണ്ട്. ലോകവ്യാപകമായവിധത്തിൽ ഈ പ്രസ്ഥാനം പ്രചരിക്കട്ടെ കേരളത്തിലേക്കും. അതിനു് കേരളത്തിലെ ക്രിസ്റ്റോഫർമാരും ഉണരണം. ഓരോ ക്രിസ്ത്യാനിയും ക്രിസ്റ്റോഫർ ആണ്. ക്രൈസ്തവാദർശങ്ങൾക്കുവേണ്ടി ജീവിക്കുന്ന ഓരോരുത്തനും ക്രിസ്തുവിലൂടെ ചിന്തിച്ച്, ക്രിസ്തീയതത്വങ്ങൾ പഠിച്ചു അവ അന്യരിലേക്കും വ്യാപിപ്പിക്കുക. ക്രിസ്തീയധർമ്മങ്ങളെ മുറുകെപ്പിടിച്ച് അധർമ്മങ്ങളോടു പൊരുതുകയും "ക്രിസ്തുവിനെ വേണ"മെന്നു ധീരതയോടെ പ്രഖ്യാപിക്കുകയും ചെയ്യുക. "എനിക്കു കഴിയുമോ ഒരു ക്രിസ്റ്റോഫർ ആകുവാൻ—?" ഓരോരുത്തരും ചിന്തിക്കട്ടെ. "ക്രിസ്തുവിനെ വിട്ടുതരിക, ബറാബാസിനെ ശിക്ഷിക്കുക" എന്നു് നമുക്കു ധൈര്യത്തോടെ സ്വരമുയർത്താം.

ആദ്ധ്യാത്മികവീഥി 49

# ധ്യാനക്രമസഖികൾ

ദൈവത്തിൻെറ വത്സലമക്കളേ,

കഴിഞ്ഞ കത്തുകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ ധ്യാനിക്കുന്നതിനു ചിലപ്പോൾ വളരെ വിഷമം തോന്നിയെന്നു വരാൻ പാടുണ്ട്. അപ്പോൾ ഉപയോഗിക്കാവുന്ന ചില മാർഗ്ഗങ്ങൾക്കാണു ധ്യാനക്രമസഖികൾ എന്നു പേരു കൊടുത്തിരിക്കുന്നതു്. അവ "ആ ചെറുഗണ"ത്തിൽ നിന്നുദ്ധരിച്ചു താഴെ ചേർക്കുന്നു. ധ്യാനത്തിനു പതിവുള്ള ഒരുക്കവും പ്രാരംഭപ്രകരണങ്ങളും ഈ മാർഗ്ഗങ്ങൾക്കും ആവശ്യമാണ്.

1 "ഭക്തിജനകമായ ഏതെങ്കിലും പുസ്തകം ഭക്തിപൂർവ്വം വായിക്കുക. കുറച്ചു വായിച്ചശേഷം വായിച്ചതിനെക്കുറിച്ചു അല്പനേരം ചിന്തിക്കുക. ആ വിഷയത്തിനു യോജിച്ച ചില സുകൃതജപങ്ങൾ ചൊല്ലുകയും ചെയ്യുക. അനന്തരം വായന തുടരുക. കുറച്ചു വായിച്ചശേഷം വായന നിറുത്തി മുമ്പേപ്പോലെ സ്വല്പനേരം ചിന്തിക്കുക. ചിന്തയ്ക്കു യോജിക്കുന്ന പ്രകരണങ്ങൾ ചൊല്ലുകയുംചെയ്യുക. ഇങ്ങനെ ധ്യാനസമയം അവസാനിക്കുന്നതുവരെ ചെയ്യുക. ഇതു ധ്യാനിക്കുവാൻ പഠിക്കുന്നതിനു ഏററവും പററിയ മാർഗ്ഗമാണ്. തന്മൂലം ഇതു ആരംഭക്കാർക്കു വളരെ ഉപകാരപ്രദമാണ്.

2 "ഏററവും ഭക്തിജനകമായ എന്തെങ്കിലും വാചാപ്രാർത്ഥന, ഉദാ: "ആകാശങ്ങളിലിരിക്കുന്ന" നമസ്കാരം നിറുത്തിനിറുത്തിയും അർത്ഥംഓർത്തും ചൊല്ലുക. ഏതെങ്കിലുംഭാഗം ഹൃദയത്തിൽ പതിയുന്നുവെങ്കിൽ ആ ഭാഗം ആവർത്തിച്ചു ചൊല്ലുകയോ അതിനു യോജിക്കുന്ന ചില പ്രകരണങ്ങൾ ചൊല്ലുകയോ ചെയ്യാം. അങ്ങിനെ തോന്നിയ ഭക്തിയേയും സ്നേഹത്തേയും വർദ്ധിപ്പിക്കുക. എത്രമാത്രം വർദ്ധിപ്പിക്കുവാൻ സാധിക്കുമോ അത്രയും വർദ്ധിപ്പിച്ചുകൊള്ളുക. എത്ര സമയമെങ്കിലും അതിനായി ചെലവഴിക്കാം. അനന്തരം ആ ഭാഗംതൊട്ടു മുന്നോട്ടു ചൊല്ലുക; ഏതെങ്കിലുംഭാഗം വീണ്ടും ഹൃദയത്തെ സ്പർശിക്കുന്നതായി തോന്നുന്നുവെങ്കിൽ മുൻപോലെ ആ ഭാഗം ആവർത്തിച്ചും അതിനു യോജിച്ച പ്രകരണങ്ങൾ ചൊല്ലിയും ഭക്തിയേയും സ്നേഹത്തേയും വർദ്ധിപ്പിക്കണം. അനന്തരം വീണ്ടും തുടരുക. ഇങ്ങനെ ധ്യാനസമയം കഴിയുന്നതുവരെ ചെയ്യുക. ഭക്തിജനകമായ ഏതെങ്കിലും സുകൃതജപവും ഈ രീതിയിൽ ചൊല്ലി ധ്യാനിക്കാവുന്നതാണ്.' (തുടരും)

(സാധാരണ ധ്യാനിക്കുന്നവർക്ക് ഉപകാരപ്രദമായി "ശാശ്വതഫലമുണ്ടാകുവാൻ" എന്ന പേരിൽ ഒരു ലഘുലേഖ തേവരലിററിൽ ഫ്ളവർ പ്രസ്സിൽ അടിച്ചു സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. തപാൽ കൂലിക്കുള്ള ഒരണ സ്റ്റാമ്പു സഹിതം അപേക്ഷിച്ചാൽ അതു് അവിടെ നിന്നു ലഭിക്കുന്നതായിരിക്കും.)

എന്നു്
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.

—ഠ—

# പുസ്തകാഭിപ്രായം

## കാട്ടുമല്ലികൾ

(കവിത. ടി. ജെ. കണയംപ്ലാവൻ. Pp. 26. വില 10 അണ)

മഞ്ജരിയും കേകയും കാകളിയും സ്വച്ഛന്ദമായങ്ങനെ തത്തിക്കളിക്കുകയാണീ യുവകവിയിൽ. ആത്മഗീതം, സൗന്ദര്യഗീതം, പുഞ്ചിരി, രാക്കുയിൽ, രക്തചിത്രം ഇങ്ങനെ പത്തു ചെറുകവിതകളാണ് കാട്ടുമല്ലികളുടെ ഉള്ളടക്കം.

ഒരു യുവകവിയുടെ ഭാവനാചിത്രങ്ങളെന്ന നിലയ്ക്കു കവിത നന്നായിട്ടുണ്ടെന്നു തീർത്തു പറയാവുന്നതാണ്.

14 വരികളിൽ ഒരു സിംബോളിക്ചിത്രവും ശ്രീ കണയംപ്ലാവൻ വരച്ചിട്ടുണ്ട്.

ഭൗതികവാദികളുടെ മുന്നേററത്തെ പ്രതിരോധിക്കുവാൻ ഈ ദേശകവിതകൾ സഹായിക്കേണ്ടതാണ്. "കാട്ടുമല്ലികൾ" ഇന്നത്തെ വഴിപിഴച്ച കവികളുടെ ചൊല്ലിയാട്ടങ്ങൾപോലെയല്ലെന്നു കാണുന്നതു ആസ്തികൃവാദികൾക്ക് ഒരാശ്വാസം തന്നെയാണ്. ഈ യുവകവി ഇനിയും നല്ല നല്ല കവിതകൾ രചിക്കുവാൻ സന്നദ്ധനാകേണ്ടതാണ്. തഴക്കവും പഴക്കവും സിദ്ധിക്കുമ്പോൾ കൂടുതൽ ഈടേറിയ കവിതകൾ നിർമ്മിക്കുവാൻ നിഷ്പ്രയാസം അദ്ദേഹത്തിനു സാധിക്കുന്നതാണ്.

(സി. കെ. എം.)


## മെഡിക്കൽ സിസ്റ്റേഴ്സ്
### അർത്ഥിനികളെ ക്ഷണിക്കുന്നു
സന്യാസജീവിതം നയിച്ചു ആതുരശുശ്രൂഷ ചെയ്യാനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ, ഇൻറർ, ബി എസ്‌സി. മുതലായ ഏതെങ്കിലും പരീക്ഷായോഗ്യതയുള്ള യുവതികളെ ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്കു എഴുതുക:

ധർമ്മഗിരി,
കോതമംഗലം

സിസ്റ്റർ സുപ്പീരിയർ

(2-ാം പേജ് തുടർച്ച)

ളിൽ സമ്മേളിച്ച ആറാംസാർവ്വത്രികസൂനഹദോസ് ഈ പാഷണ്ഡതയെ ശപിക്കുകയുംചെയ്തു. അതോടുകൂടി അതു് ക്ഷയോന്മുഖമായിത്തീൎന്നു. ലബാനോണിലെ (Lebanon) മാറോണൈററു് (Maronites) വൎഗ്ഗക്കാരുടെ ഇടയ്ക്കുമാത്രമാണു് അതു കുറേക്കാലം കൂടി നിലനിന്നതു്. കുരിശുയുദ്ധങ്ങളുടെ കാലത്തു് അവരും റോമാസിംഹാസനത്തിനു കീഴടങ്ങി. അതോടുകൂടി ഏകേച്ഛാവാദത്തിൽ അധിഷ്ഠിതമായ പാഷണ്ഡതയും അവസാനിച്ചു.

ആറാം സാർവ്വത്രികസൂനഹദോസ് ഒണോറിയസ് മാർപ്പാപ്പ ഒരു പാഷണ്ഡനാണെന്നു വിധി പ്രസ്താവിക്കയുണ്ടായി. അപ്രമാദിത്വം അവകാശപ്പെടുന്ന മാർപ്പാപ്പാസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇതു ഗൗരവമായ ഒരു ആരോപണമാണു്. ഒരു സാർവ്വത്രികസൂനഹദോസ് ഒരു മാർപ്പാപ്പായെ പാഷണ്ഡനായി ശപിക്കുമ്പോൾ മാർപ്പാപ്പാസ്ഥാനത്തിനു് വിശ്വാസസംബന്ധമായ കാൎയ്യങ്ങളിൽ പ്രമാദം പററിയെന്നുള്ള അനുമാനത്തിനു വകതരുന്നില്ലേ എന്ന പ്രശ്നം ഉദിക്കുന്നു. ഒണോറിയസ് മാർപ്പാപ്പായുടെ കാൎയ്യത്തിൽ ചില പ്രത്യേകസാഹചൎയ്യങ്ങൾ പരിഗണിക്കേണ്ടതുണ്ടു്. ഒന്നാമതായി ഒരു സാർവ്വത്രികസൂനഹദോസിനു് അപ്രമാദിത്വമുണ്ടെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. വിശ്വാസത്തേയും സന്മാൎഗ്ഗത്തേയും സംബന്ധിക്കുന്ന ഏതെങ്കിലും കാൎയ്യത്തിൽ സൂനഹദോസ് ചെയ്യുന്ന തീരുമാനത്തെ മാർപ്പാപ്പ അംഗീകരിച്ചു സ്ഥിരീകരിക്കാത്തിടത്തോളംകാലം അതു പ്രമാദരഹിതമായിരിക്കണമെന്നില്ല. ആറാം സാർവ്വത്രികസൂനഹദോസിന്റെ ഡിക്രികളെ സ്ഥിരീകരിച്ചുകൊണ്ടു് രണ്ടാം ലിയോ മാർപ്പാപ്പ (Leo II) ചെയ്യുന്ന പ്രസ്താവന പ്രത്യേകം ശ്രദ്ധേയമാണു്. അദ്ദേഹം ഇപ്രകാരം പറയുന്നു: "സെർജിയൂസ്സിന്റെ വഞ്ചനയ്ക്കു് സ്വയം ഇരയായി ഭവിച്ചതുകൊണ്ടും തന്റെ ഉപേക്ഷമൂലം പാഷണ്ഡതയുടെ പ്രചാരത്തിനു് ഇടയാക്കിയതുകൊണ്ടും ഒണോറിയസ് പാഷണ്ഡതയെ സംബന്ധിച്ചു കുററക്കാരനാണു്." ഇതിൽ ഒണോറിയസ് മാർപ്പാപ്പ തെററായ വിശ്വാസത്തെ അംഗീകരിച്ചുവെന്നുള്ള ഒരു സൂചനപോലുമില്ല. ഒണോറിയസ് സെർജിയൂസിന്റെ പേക്കയച്ച രണ്ടു ലേഖനങ്ങളെ നിഷ്പക്ഷമായി പരിശോധിച്ചാൽ അദ്ദേഹം ഏകേച്ഛാവാദത്തെ ഒരിക്കലും സ്വീകരിച്ചിരുന്നില്ലെന്നു സ്പഷ്ടമാകുന്നതാണു്. ഈ രണ്ടു ലേഖനങ്ങളിൽ ഒന്നു് പൂൎണ്ണമായും മറേറതു് ഭാഗികമായും ഇന്നു അവശേഷിക്കുന്നുണ്ടു്. ലേഖനങ്ങളിലെ ചില പദങ്ങൾ അവയെ പ്രയോഗിച്ചിരിക്കുന്ന സ്ഥാനങ്ങളിൽനിന്നും വേർപെടുത്തിവച്ചു നോക്കുമ്പോൾ പാഷണ്ഡതയ്ക്കു് അനുകൂലമായ തരത്തിൽ ദുർവ്യാഖ്യാനം ചെയ്യപ്പെടാവുന്നവയാണെന്നിരുന്നാലും ലേഖനങ്ങളെ മുഴുവനായി പരിശോധിക്കുന്നപക്ഷം മാർപ്പാപ്പ പാഷണ്ഡതയെ അനുകൂലിച്ചിരുന്നില്ലെന്നു ബോദ്ധ്യമാകും. കൂടാതെ ഈ ലേഖനങ്ങൾ മാർപ്പാപ്പാസ്ഥാനത്തുനിന്നും പുറപ്പെടുവിച്ച ഔദ്യോഗികമായ വിശ്വാസപ്രഖ്യാപനങ്ങളായിരുന്നില്ല. വിശ്വാസികൾ തന്റെ തീരുമാനത്തെ സ്വീകരിക്കാത്തപക്ഷം തിരുസ്സഭയിൽനിന്നു പുറംതള്ളപ്പെടുമെന്നുള്ള ഒരു പ്രസ്താവനയും ഈ ലേഖനങ്ങളിലില്ല. ഈ കാരണങ്ങളാൽ ഒണോറിയസ്, "മാർപ്പാപ്പായുടെ അപ്രമാദിത്വം" എന്ന വിശ്വാസസത്യത്തെ ലംഘിച്ചു എന്നുള്ള അനുമാനം ശരിയായിരിക്കയില്ല.

വിമർശനവീഥി

# കാതോലിക്കാ ബാവായുടെ ഒരു കല്പന

(സത്യസഭാകാഹളം)

(തുടർച്ച)

മുടക്കിലിരുന്നുകൊണ്ടു് വി. കുർബാനയർപ്പിക്കുന്നതാണു് എല്ലാററിനേയുംകാൾ കടുത്ത പാപം. മുന്നമേ അതിനു് പരിഹാരമുണ്ടാക്കുവാനവർ ശ്രമിക്കട്ടെ. അങ്ങനെ ചെയ്യാത്തിടത്തോളം കാലം ഇവരുടെ കുർബാനയിൽ സംബന്ധിക്കുന്നതുപോലും തെററായിരിക്കും.

ജനങ്ങൾക്കു് വി. കുർബാന കൊടുക്കുന്നതിനുള്ള അപ്പം മുൻകൂട്ടി മുറിച്ചു് തയ്യാറാക്കി വെക്കണമെന്നുള്ള ഹൂദായകാനോനിലെ ശാസനം ഇന്നും ഞങ്ങൾ പാലിക്കുന്നുണ്ടു്. വി. കുർബാന ചൊല്ലുമ്പോൾ പുരോഹിതൻ കൂദാശവചനം ചൊല്ലി അതുംകൂടെ വാഴ്ത്തുകയും അതു നമ്മുടെ കർത്താവിന്റെ തിരുശരീരമായി തീരുകയും ചെയ്യുന്നു. വി. കുർബാന ചൊല്ലി വാഴ്ത്തി തിരുശരീരമാക്കാതെ വെറും അപ്പം (ബാവാ പറയുന്ന ഓസ്തി) വി. കുർബാനയാണെന്നു പറഞ്ഞു് ജനങ്ങൾക്കു കൊടുക്കുന്ന പതിവു് കത്തോലിക്കാസഭയിൽ ഒരിടത്തുമില്ല. അങ്ങനെ ചെയ്താൽ തിരുസഭയുടെ കാനോൻപ്രകാരം ശിക്ഷിക്കപ്പെടുകയും ചെയ്യും.

വി. കുർബാന ചൊല്ലിയശേഷം പുരോഹിതൻ ഇരുകരങ്ങളും ഉപയോഗിച്ചു് ഇവിടത്തെ യാക്കോബായക്കാർ ചെയ്യുന്നതുപോലെ നഖംകൊണ്ടു് തിരുശരീരം നുള്ളിമുറിച്ചു ജനങ്ങൾക്കു കൊടുക്കുന്നതായാൽ പട്ടക്കാരന്റെ സൂക്ഷ്മക്കുറവുനിമിത്തം അദ്ദേഹത്തിന്റെ കൈയിലെ വിയൎപ്പും നഖത്തിന്റെ ഇടയിൽ ഇരിക്കാവുന്ന അഴുക്കും വി. കുർബാനയിൽ പുരളാവുന്നതും തന്മൂലം സാംക്രമികരോഗങ്ങൾക്കു് ഇടയാകാവുന്നതുമാണു്. അതുപോലെതന്നെ നഖംകൊണ്ടു് നുള്ളിമുറിച്ചതും നനഞ്ഞിരിക്കുന്നതുമായ ചെറിയ അപ്പക്കഷണങ്ങൾ ജനങ്ങൾക്കു കൊടുക്കുമ്പോൾ അതു് പട്ടക്കാരന്റെവിരലിൽ പററിയിരിക്കാവുന്നതും അതു കൊടുക്കുന്നതിനായി അനുഭവിക്കുന്ന ആളിന്റെ പല്ലിലോ നാവിലോ തൊടേണ്ടതായി വരുന്നതും ആ വിരലുകൊണ്ടുതന്നെ വേറെയാൾക്കു വി. കുർബാന കൊടുക്കേണ്ടതായി വരുന്നതും ആകയാൽ വായ്ക്കു് ദീനവും മററുമുള്ളവരുടെ സുഖക്കേടുകൾ അന്യർക്കുകൂടെ പകരുവാൻ ഇടയാക്കുന്നതുമാകുന്നു. തന്നെയല്ല ഇങ്ങനെ ഒരാൾ നുള്ളിമുറിച്ചു കൊടുക്കുന്ന അപ്പം വാങ്ങി ഭക്ഷിപ്പാൻ ഇഷ്ടപ്പെടാത്തവരും പലർ കാണും. ഇതുകൊണ്ടാക്കെയായിരിക്കണം യാക്കോബായ സഭയിലും മററും കുർബാന അനുഭവിക്കുന്നവരുടെ സംഖ്യ കുറഞ്ഞുകാണുന്നതു്. ഈവിധ ദോഷങ്ങൾ ഒന്നും വരാതിരിക്കുന്നതിനു ജനങ്ങൾക്കു കൊടുക്കുവാനുള്ള കുർബാനയപ്പംകൂടേയും ജനപ്പെരുപ്പമനുസരിച്ചു് മുൻകൂട്ടിത്തന്നെ തയ്യാറാക്കിവെക്കണമെന്നു് ഹൂദായകാനോൻ അനുശാസിക്കുന്നു "ഏട്ടിലെ അപ്പടി പയററിലേ ഇപ്പടി" എന്ന മട്ടിലാണു യാക്കോബായസഭയുടെ പ്രവൎത്തനം ഇരിക്കുന്നതു്. അതിനാൽ ഇവരുടെ ഈ ആരോപണം അവർ ശീശ്മക്കാരായതിനാൽ നടത്തുന്നതാണെന്നു ഗ്രഹിക്കാവുന്നതാണു്.

ഒന്നു ചോദിച്ചുകൊള്ളട്ടെ. കത്തോലിക്കാസഭയിലുള്ള ലത്തീൻ റീത്തുകാരുടെ കുർബാനതക്സാ ഉപയോഗിച്ചും അവരുടെ പത്തീറാ അപ്പം ഉപയോഗിച്ചുമാണല്ലോ ബ്രഹ്മവാർ, തൃശ്ശിനാപ്പള്ളി മുതലായ ഓർത്തഡോക്സ് പള്ളികളിൽ വി കുർബാന അനുഷ്ഠിപ്പാൻ കാതോലിക്കാബാവാ അനുവദിച്ചിരിക്കുന്നതു്? ബാവാ ഇവിടെ കുററം പറയുന്ന ഈ സംഗതികൾ അവിടെ നടത്തിക്കൊള്ളുവാൻ അനുവാദം കൊടുത്തിരിക്കുന്നതു് ശരിയാണോ? ആ കുർബാന യഥാൎത്ഥമായിരിക്കുമോ? ഇതിനു ബാവാ എന്തു മറുപടി പറയുന്നുവെന്നു് അറിവാൻ പലരും വാഞ്ഛിക്കുന്നു. സുറിയാനിയിലുള്ള കുർബാനാനുഷ്ഠാനക്രമമോ പുളിപ്പുള്ള കുർബാനയപ്പമോ അവിടെ കൊണ്ടുചെന്നാൽ അവിടത്തെ സഭ അതോടുകൂടെ ഇല്ലാതായിപ്പോകുമെന്നു കണ്ടിട്ടല്ലേ ഈ ലത്തീൻ കുർബാന, ചില സ്ഥലത്തു കമ്മ്യൂണിസ്റ്റുകാർ മതാനുഷ്ഠാനം അനുവദിക്കുന്നതുപോലെ ബാവാ അനുവദിച്ചിരിക്കുന്നതു്. സഭാപഞ്ചാംഗ കാൎയ്യത്തിൽ യാക്കോബായസഭ കത്തോലിക്കാസഭയെ അനുകരിച്ചതുപോലെ വി. കുർബാനയുടെ ഈ കാൎയ്യത്തിലും അവർ യാക്കോബായ നടപടിവിട്ടു് കത്തോലിക്കാസഭയെ അനുകരിക്കേണ്ടതാണു്. വി. കുർബാന തിരുശരീരരക്തങ്ങളാകുന്നതു് ബാഹ്യമായി കാണാവുന്ന വിധത്തിലല്ല. കർത്താവു് വി. കുർബാന സ്ഥാപിച്ചപ്പോഴത്തെപ്പോലെതന്നെ അദൃശ്യമായ വിധത്തിലാണു് അവ തിരുശരീരരക്തങ്ങളാകുന്നതു്. അതിനാൽ വി. കുർബാന എന്താണെന്നു ഒരുവനു ഗ്രഹിക്കണമെങ്കിൽ അവൻ തിരുസഭയുടെ വിശ്വാസവും ഉപദേശവും എന്താണെന്നു പഠിക്കേണ്ടതാണു്. അതുപോലെതന്നെ മററു കൂദാശകളും എന്താണെന്നു ഗ്രഹിക്കുന്നതു് വേദോപദേശത്തിന്റെ പഠനത്തിൽനിന്നാണു്. അതിനാൽ കത്തോലിക്കാസഭയുടെ ഉപദേശവും വിശ്വാസവും എന്താണെന്നു പഠിക്കാതെ നടത്തിയിരിക്കുന്ന ഈ വിമൎശനം തിരുസഭയോടുള്ള അവരുടെ അനുസരണക്കുറവിനേയും അവരുടെ സ്വാൎത്ഥതയേയും കാണിക്കുന്നതിനു് ഉപകരിക്കുന്നുണ്ടെന്നേയുള്ളു.

8. "പണംകൊടുത്തു് കർത്താവും ശിഷ്യന്മാരും ആരെയും സഭയിൽ ചേർത്തിട്ടില്ല. എന്നാൽ റോമാക്കാരാകട്ടെ പണംകൊടുത്തു് ആളുകളെ വശീകരിക്കുന്നു. 16-ാംനൂററാണ്ടിൽ റോമാമെത്രാനായിരുന്ന മെനേസീസ് കൊഴുക്കട്ടയ്ക്കകത്തു് തങ്കക്കാശുകൊടുത്തു പലരേയും ചേർത്തു. ഇപ്പോൾ അവർ വെള്ളിരൂപായും കറൻസിനോട്ടുകളും കൊടുത്തു് ചേർക്കുന്നു. ഇതെന്തൊരു മതമെന്നു് നാം അറിയുന്നില്ല." എന്നാണു് ഇവർ പിന്നീടു പറയുന്നതു്.

ജാതികളെ ക്രിസ്ത്യാനികളാക്കുമ്പോൾ ഹിന്ദുക്കൾ ക്രിസ്ത്യാനികളുടെമേൽ ആരോപിക്കുന്ന കുററമാണു് ബാവായും കണ്ടുപിടിച്ചു പറയുന്നതു്. പണംകൊടുത്തു് കത്തോലിക്കാസഭ ആരെയും ചേർക്കാറില്ല. തിരുസഭയുടെ മുടക്കിൽനിന്നും ഒഴിയണമെന്നാഗ്രഹിക്കുന്നവരാണു് യാക്കോബായ മുതലായ ശീശ്മസഭയിൽനിന്നും കത്തോലിക്കാസഭയിൽ ചേരുന്നതു്. അതിനു് അവർ സഭയുടെ തലവനെ അനുസരിക്കാമെന്നും കത്തോലിക്കാസഭയുടെ വിശ്വാസം അനുസരിച്ചു് നടന്നുകൊള്ളാമെന്നും സത്യപ്രതിജ്ഞ ചെയ്യുകയും വേണം. അങ്ങനെ പ്രതിജ്ഞ ചെയ്യാത്ത ആളിനെ സ്വീകരിക്കുകയില്ല. ഉടുപ്പാൻ വസ്ത്രമോ കഴിപ്പാൻ ഭക്ഷണമോ ഇല്ലാത്തവരെ കത്തോലിക്കാസഭ സഹായിക്കുന്നുണ്ടു്. അതു് ആരംഭം മുതലുള്ളതാണു്. അതൊരു പാപമല്ല, പുണ്യമാണു്. മതപരിഗണന അതിലില്ലതാനും.

ഏതെങ്കിലും ഒരു കാൎയ്യത്തിനു് സമ്മാനമോ പ്രതിഫലമോ കൊടുക്കുന്നവൻ അതു് പരസ്യമായി കൊടുക്കുന്നു. അതുകണ്ടു് മററുള്ളവരും അനുകരിപ്പാൻവേണ്ടി അങ്ങനെ ചെയ്യേ മതിയാവുതാനും. കൊഴുക്കട്ടയ്ക്കകത്തുവെച്ചു് തങ്കക്കാശു കൊടുത്താൽ അതു് മററുള്ളവർ അറിയുന്നതെങ്ങിനെ? കൊഴുക്കട്ട ഒരു പോർട്ടുഗീസ് പലഹാരമല്ല. വെറും നാടനാണു്. വിദേശികൾക്കു് ഇതു് ഇഷ്ടമില്ലാത്തതുമാണു്. അവർക്കു് അതു ഉണ്ടാക്കാനറിഞ്ഞുകൂടാ. അതിനാൽ അങ്ങനെയുള്ള ഒരു പലഹാരത്തിനകത്തു് തങ്കക്കാശുവച്ചു നാട്ടുകാരെക്കൊണ്ടു് പുഴുങ്ങിച്ചു പോർട്ടുഗീസുകാർ കൊടുത്തതായി പറയുന്ന സംഭവം നടന്നിരിപ്പാൻ ഇടയില്ല. കൊഴുക്കട്ടക്കൊതിയരായ വല്ല ഭോഷന്മാരും പറഞ്ഞുണ്ടാക്കുന്ന കള്ളക്കഥകൾ എടുത്തു് അതു് കല്പനയാക്കി എഴുതുന്നതുമൂലം ആ കല്പനയുടെ മതിപ്പു് കുറയുകയേയുള്ളു. ഈ കൊഴുക്കട്ടക്കാൎയ്യത്തിൽ വിശ്വാസ്യമായ വല്ല രേഖയും ഉദ്ധരിപ്പാനുണ്ടോ? ഉണ്ടെങ്കിൽ അതു് ഒന്നറിവാൻ ആഗ്രഹമുണ്ടു്.

"ഇതെന്തു മതമാണെന്നു് നാമറിയുന്നില്ല," എന്നുകൂടി പറയുന്നു. കത്തോലിക്കാസഭയിലുള്ള അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പക്കൽനിന്നു് സുറിയാനി നമസ്കാരക്രമങ്ങൾ, മററു പള്ളിക്രമങ്ങൾ എന്നിവ എല്ലാം വരുത്തി പലനാൾ പരിശോധിക്കുകയും ഉപയോഗിക്കുകയും അവരുമായി യോജിക്കുന്നതു് നല്ലതാണെന്നു സമ്മതിക്കുകയും വാകത്താനത്തെ ബാവാ അങ്ങനെ സമ്മതിച്ചിട്ടുണ്ടെന്നും മററും എഴുതി അയക്കുകയും ചെയ്തിട്ടും ഇതെന്തു മതമാണെന്നറിഞ്ഞില്ലപോലും! ഇതു കുറെ കഷ്ടംതന്നെ.

9 കല്പന തുടരുന്നു, "റീത്തുകാരുടെ പ്രചരണം നമ്മുടെ ഇടയിൽ മാത്രമാണു്. ഈ രാജ്യത്തു് അക്രൈസ്തവരും ഇതരക്രൈസ്തവസഭകളുമുണ്ടു്. അവരെ ആരെയും മാനസാന്തരപ്പെടുത്തുന്നതിനല്ലാ പൂർവ്വികസുറിയാനിക്കാരെ മനസ്സുതിരിപ്പിക്കുന്നതിനാണു് ഇവർ ശ്രമിക്കുന്നതു്. ക്രിസ്തുവിനെ അറിയാത്തവരുടെ ഇടയിൽ വേല ചെയ്യാനുള്ളപ്പോൾ സത്യവിശ്വാസികളെ പാപ്പായ്ക്കു കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്നതു ക്രിസ്തീയമാണോ" എന്നതിൽ ചോദിച്ചിരിക്കുന്നു.

ഇവർ ശീശ്മയിൽ തടഞ്ഞുനിൽക്കുന്നവരെ മനസ്സുതിരിപ്പിക്കുന്നതു് ഇവൎക്കിഷ്ടമില്ലെന്നു് ഞങ്ങൾക്കറിയാം. എന്നാൽ അതു് ദൈവത്തിനിഷ്ടമുള്ളതാണു്. അവർ കത്തോലിക്കാസഭയുടെ സന്താനങ്ങളാണു്. ശീശ്മക്കാരുടെ ദുരുപദേശംകേട്ടു് അവർ സ്വഭവനത്തിൽ കയറാതെയും സ്വപിതാവിനെ അനുസരിക്കാതെയും നടക്കുന്നു എന്നേയുള്ളു. അവരെ സത്യസഭയിലേക്കും അവരുടെ ആത്മീയപിതാവിന്റെ പക്കലേക്കും കൊണ്ടുവരേണ്ടതു് അവരുടെ സഹോദരന്മാരായ ഞങ്ങളുടെ കടമയാണു്. അതിനാൽ അസത്യത്തെ കൂട്ടുപിടിച്ചു് സത്യത്തെ മറയ്ക്കുവാൻ ശ്രമിക്കരുതു്. സത്യവിശ്വാസികളെന്നോ പൂൎവ്വികസുറിയാനിക്കാരെന്നോ ഉള്ള പേരു് സഭയ്ക്കിട്ടതുകൊണ്ടു് അതിലെ അംഗങ്ങളെല്ലാം സത്യവിശ്വാസികളാകുമെന്നു് വിചാരിക്കുന്നതു് തെററാണു്.

ഞങ്ങൾ ജാതികളുടെ ഇടയിലും ഇതര ക്രൈസ്തവവിഭാഗങ്ങളുടെ ഇടയിലും വേല ചെയ്യുന്നുണ്ടു്. അൻപതിൽപ്പരം പള്ളികൾ അവരുടെ ഇടയിൽ വച്ചിട്ടുണ്ടു്. അവരുടെ കുട്ടികളെ സെമ്മിനാരിയിൽ ചേർത്തു് പട്ടത്തിനു് പഠിപ്പിക്കുന്നുണ്ടു്. പട്ടക്കാരായവരുമുണ്ടു്. ഏതെങ്കിലും ഒരു കൂട്ടരുടെ ഇടയിൽ സുവിശേഷവേല ചെയ്യരുതെന്നു് വിലക്കുന്നതു് ശരിയല്ല.

10. "ക്രിസ്ത്വാബ്ദം 52-ൽ ഇവിടെ നിലവിലിരുന്നതും മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായതുമായ നമ്മുടെ സഭയെ ഈ നാട്ടിൽ ഇല്ലായ്മ ചെയ്യണമെന്നുള്ള ദുരുദ്ദേശത്തോടുകൂടിയാണു് ഇവർ പ്രവൎത്തിക്കുന്നതു്" എന്നാണു് പിന്നീടു പറയുന്നതു്.

മലങ്കര ഓർത്തഡോക്സ്സഭ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ചതാണോ? ആണെങ്കിൽ 52 മുത

(ശേഷം പത്താംപേജിൽ)



Reg. M. No. 2293

# Sathya Deepam

Vol. 28 Ernakulam, May 18 1955 No. 38



## ബാലരംഗം

### 22 ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

സംഖ്യ = 54.

### പ്രശ്നം നമ്പ്ര് 23

(എം. എ. തോമസ്, ചിറക്കടവ്. വയസ്സ് 15)

എന്നെ എല്ലാവർക്കും വലിയ പഥ്യമാണ്. എന്റെ പേരിനു മൂന്നക്ഷരമുണ്ട്. ഒന്നും രണ്ടും അക്ഷരങ്ങൾ ചേർന്നാൽ ഞാനൊരു വലിയ മൃഗമാകും; ഒന്നും മൂന്നും അക്ഷരങ്ങൾ ചേർന്നാൽ ഞാൻ മരത്തിന്മേൽ ഇരിപ്പാകും. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

നിങ്ങൾ അയക്കുന്ന പ്രശ്നങ്ങളും കണക്കുകളുംകൊണ്ട് വല്യേട്ടന്റെ മേശ ഓരോ ആഴ്ചയും നിറയുകയാണ്. അതിൽനിന്നു ഒരെണ്ണം മാത്രമല്ലേ പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുന്നുള്ളു എന്നുള്ള വിഷാദമുണ്ട് വല്യേട്ടനു്. എന്താ ചെയ്യുക! പ്രശ്നങ്ങൾ മാത്രമയക്കാതെ നല്ല രസകരമായ ചെറുകഥകൾ നോട്ടുബുക്കു കടലാസിൽ രണ്ടു വശത്തിൽക്കൂടാത്ത വിധത്തിൽ എഴുതി അയക്കുവാൻ വാസനയുള്ളവർ ശ്രമിക്കുക. വല്യേട്ടൻ അതു പ്രസിദ്ധീകരണാർഹമാണെങ്കിൽ പ്രസിദ്ധീകരിക്കാം. നിങ്ങളുടെ സാഹിത്യവാസനയെ അല്പാല്പം പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ മാർഗ്ഗം. അതിനു വല്ലിടത്തും കണ്ടകഥ അതേപടി പകത്തിഅയക്കരുതു്. അതു മോഷണമാകും. അറിയാതെപരസ്യപ്പെടുത്തിപ്പോയാൽ കഥാകാരനാക്ഷേപം, വല്യേട്ടനും ചീത്തപ്പേരു്. അങ്ങിനെചെയ്യരുതു്. പ്രശ്നത്തെ സംബന്ധിച്ചു ചില പരാതികൾകിട്ടിയതുകൊണ്ടാണിതുപറയുന്നതു്. ഏതെങ്കിലും രസകരമായ ഒരു സംഭവം കണ്ടുപിടിച്ചു നിങ്ങളുടെ ഭാവന ഉപയോഗിച്ചു അതിനു ഒരു ചരിത്രരൂപം കൊടുത്തു് എഴുതിനോക്കുക. ചിലർക്കെങ്കിലും നല്ല ചെറുകഥകൾ എഴുതാൻ കഴിയും. അയക്കുന്നതിനുമുമ്പു അറിവുള്ളവരാരെയെങ്കിലും കാണിച്ചു പരിശോധിപ്പിക്കുന്നതു ഉത്തമമായിരിക്കും. ബാലരംഗത്തിൽ 16 വയസ്സുവരെയുള്ളവരെയാണ് ഉൾപ്പെടുത്തുന്നതെന്നറിയാമല്ലോ. പ്രശ്നങ്ങളിലും കഥകളിലും പേരും വീട്ടുപേരും നാടും വയസ്സും കാണിച്ചിരിക്കണം.

ചില കുഞ്ഞനുജന്മാരുടെ എഴുത്തുകൾ വല്യേട്ടനു വളരെ പ്രോത്സാഹജനകമാണെന്നു പറഞ്ഞുകൊള്ളട്ടെ. അവയെ എല്ലാം വല്യേട്ടൻ വളരെ വിലമതിക്കുന്നുണ്ടു്. മറുപടി ഓരോരുത്തർക്കും എഴുതാൻ സാദ്ധ്യമല്ലെന്നറിയാമല്ലോ. അതുകൊണ്ടു, നിങ്ങളയക്കുന്ന പ്രശ്നങ്ങളെല്ലാം ഇവിടെ കിട്ടുന്നുണ്ടു്; എഴുത്തുകളും കുറിപ്പുകളും കൃതജ്ഞതാപൂർവ്വം കൈപ്പറ്റുന്നുണ്ടു്. അവയിൽനിന്നു വളരെ കുറച്ചുമാത്രമേ തിരഞ്ഞെടുത്തു പ്രസിദ്ധീകരിക്കാൻ സാധിക്കുന്നുള്ളൂ. ആരും നിരാശപ്പെടുകയോ തെററിദ്ധരിക്കുകയോ ചെയ്യരുതേ. വല്യേട്ടൻ.

## വീട്ടപകടങ്ങൾ

(ശിവറാം)

ഒട്ടുവളരെ അപകടങ്ങൾ കൺമുൻപിൽ ഉണ്ടായിക്കൊണ്ടിരുന്നിട്ടും അതു തടയുന്നതിനു് ആരും ഒന്നും ചെയ്തു കാണാത്തതെന്താണെന്നു് ഒരു കാരണവരോടു ചോദിച്ചപ്പോൾ— "മനുഷ്യർ ഒട്ടുവളരെയുണ്ടല്ലോ. എല്ലാവരും സുഖക്കേടുവന്നും വയസ്സായും ഒക്കെ മരിക്കുക അത്ര എളുപ്പമല്ല. അതുകൊണ്ടു കഴിയുന്നിടത്തോളം പേരു് അപകടം പററിയെങ്കിലും മരിച്ചോട്ടെ. അവരുണ്ണാനുള്ള ചോറുംകൂടി മററുള്ളവർക്കു് കിട്ടുമല്ലോ" എന്നാണുത്തരം കിട്ടിയതു്.


ഈ അഭിപ്രായത്തോടു യോജിക്കാൻ ആ കാരണവരെപ്പോലെ മനുഷ്യസ്നേഹമില്ലാത്ത അപൂർവ്വം ചില കാരണവന്മാരെ മാത്രമേ കാണുകയുള്ളൂ. ഏതു ജീവികൾക്കും അതിന്റെ ജീവൻ വിലയേറിയതാണ്. ജീവനെ രക്ഷിക്കാൻ എന്തു ത്യാഗവും ഏതു പ്രാണികളും ചെയ്യുന്നതു കാണാം. മനുഷ്യർ അവരുടെ ജീവിതത്തെ കൂടുതൽ വിലമതിക്കുന്നുണ്ട്. അതു് ഹ്രസ്വമാകാൻ ആരും ഇഷ്ടപ്പെടുന്നില്ല.

പ്ലെയിൻ തകർന്നു, ബസ്സുകൾ കൂട്ടിയടിച്ചു, ട്രയിൻ പാളം തെററി, കപ്പൽ മുങ്ങി, വണ്ടി മറിഞ്ഞു, ചക്കയിടാൻ കേറിയ കുഞ്ഞുകുഞ്ഞു പ്ലാവിൽനിന്നു വീണു് തൽക്ഷണം മൃതിയടഞ്ഞു, കാപ്പി ഉണ്ടാക്കിക്കൊണ്ടിരുന്ന കുഞ്ഞമ്മയുടെ ഉടുപ്പിനു തീപിടിച്ചു പൊള്ളലേററു മരിച്ചു, സൈക്കിളോടിച്ചുപോയ രാമു കാനയിലേക്കു് എടുത്തെറിയപ്പെട്ടു, ഇങ്ങനെ അടിക്കടി അപകടം അതിന്റെ ജോലികൾ മുറയ്ക്കു നിർവ്വഹിക്കുന്നതായി നമുക്കറിയാൻ കഴിയുന്നു. ഓരോ അപകടത്തിൽനിന്നുമുണ്ടാകുന്ന വേദന—കണ്ണുനീർ—സാധനനഷ്ടം—ആൾനാശം— പണനഷ്ടം ഇതൊക്കെ എത്രയാണെന്നുനിമിഷനേരമെങ്കിലും ചിന്തിക്കാൻ ആരെങ്കിലും ശ്രമിക്കാറുണ്ടോ എന്നതു് സംശയമാണ്. അപകടത്തിൽ പ്രിയപ്പെട്ട ആരെങ്കിലും മരണമടഞ്ഞാൽ കുറെ അനുശോചനങ്ങളോ കൂട്ടക്കരച്ചിലോ അയച്ചുകൊടുക്കാൻ ചുരുക്കം ചിലർ മിനക്കെടാറുണ്ടു്. എന്നാൽ ആവക അനുശോചനങ്ങളും കരച്ചിൽപിഴിച്ചിലുകളും കൂടുതൽ സങ്കടമേ തല്ക്കാലം ഉണ്ടാക്കുകയുള്ളൂ. ഒരപകടമരണത്തോടു ചേർന്നു് അത്തരം അപകടമുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾക്കു് നടപടി എടുക്കുകയും ആ അപകടം മററനേകം പേർക്കു ഒരു പാഠമാക്കിത്തീർക്കാൻ ശ്രമിക്കയും ചെയ്യുയാണെങ്കിൽ അതൊരു മനുഷ്യസേവനമായിരിക്കും.

അടുത്തൊരു ദിക്കിൽ കഴിഞ്ഞ ഒരു ദിവസം രണ്ടു വയസ്സായ ഒരാൺകുട്ടിക്കു് ചക്കപ്പഴം തിന്നാൻ കൊടുത്തു. കുട്ടി കുറെ അധികം അകത്താക്കുന്നതിൽനിന്നു് ആരും അതിനെ തടഞ്ഞില്ല.

അങ്ങിനെ ഒരു കുപ്പിക്കുവേണ്ടി കരഞ്ഞ കുട്ടി കുപ്പിയുമായി കളിക്കയും അടുത്ത നിമിഷത്തിൽ കുപ്പിതകർക്കയും മുറിവുപററുകയും ആശുപത്രിയിലേക്കു കൊണ്ടുപോകാനിടവരുകയും ചെയ്ത ഒരു സംഭവം അടുത്തൊരുവീട്ടിൽ നടന്നു. അതുകൊണ്ടു് കുപ്പിപ്പാത്രങ്ങൾ കുഞ്ഞുങ്ങൾക്കു കളിക്കാൻ കൊടുക്കുന്നതു് ആപല്ക്കരമാണെന്നു് ഓർമ്മിക്കേണ്ടതാണ്.

കൊച്ചായിരിക്കുമ്പോഴെ സ്വയരക്ഷയെ സംബന്ധിച്ച പ്രഥമ പാഠങ്ങൾ കുട്ടികളെ ഗ്രഹിപ്പിക്കേണ്ടതാണ്. വീട്ടിലുള്ള മററു് അംഗങ്ങളുടേയും എല്ലാ പ്രവൃത്തികളും സുരക്ഷിതങ്ങളായിരിക്കണം. ഏതു പ്രവൃത്തിയും ആരംഭിക്കുന്നതിനുമുമ്പ് അതു് സുരക്ഷിതമാണോ എന്നു് ദൃഢപ്പെടുത്തുക. അപകടം ഒന്നുംകൂടാതെ ശ്രദ്ധയോടെ അതു ചെയ്തുതീർക്കുക. ഇങ്ങനെ എല്ലാവരും ചെയ്യുന്നപക്ഷം അപകടംനിമിത്തം ആർക്കും സങ്കടം അനുഭവിക്കേണ്ടതായി വരികയില്ല.



കുപ്പിപ്പാത്രങ്ങൾ കുഞ്ഞുങ്ങൾക്കു് കളിക്കാൻ കൊടുക്കുന്നതു് ആപല്ക്കരമാണ്.

അന്നു രാത്രി മുതൽ കുട്ടിക്കു അസുഖം തുടങ്ങി. ദഹനക്കുറവായി. കാര്യമായൊന്നും ചെയ്യാൻ കുഞ്ഞിന്റെ അമ്മ ശ്രദ്ധിച്ചില്ല. പിറേറന്നും അസുഖം തുടന്നു. കുട്ടി ആഹാരം കഴിക്കുന്നില്ല. വയററിൽനിന്നും ശക്തിയായി പുറത്തേക്കു് പോകാനും തുടങ്ങി. രണ്ടു ദിവസം കഴിഞ്ഞാണ് ജോലിക്കു പോയിരുന്ന കുട്ടിയുടെ അച്ഛൻ വിവരം അറിയുന്നതു്. പിന്നീടു് ഡോക്ടറെ കൊണ്ടുവന്നു. അപ്പോഴേക്കും കുട്ടി വളരെയധികം ക്ഷീണിച്ചിരുന്നു. മരുന്നു ശരീരത്തിൽ പിടിക്കാൻ കഴിയാത്തവിധം കുട്ടി പരവശതയുടെ അങ്ങേയററം എത്തിക്കഴിഞ്ഞിരുന്നു. ഡോക്ടർ വളരെ പണിപ്പെട്ടെങ്കിലും, മാതാപിതാക്കൾ വളരെ കരഞ്ഞെങ്കിലും ആ കുട്ടി ഇഹലോകവാസം വെടിഞ്ഞു. ഇതൊരു വീട്ടപകടമാണ്. കുട്ടിക്കു് ധാരാളം ചക്ക കൊടുക്കുന്നതു് അപകടമെന്നല്ല പറയുന്നതു്. കുട്ടിക്കു് പിടിക്കാത്ത വസ്തുക്കൾ അമിതമായി കൊടുക്കയും അസുഖമുണ്ടായാൽ ഉടൻ വേണ്ടതു ചെയ്യാതിരിക്കയും അപകടം വരുത്തിവയ്ക്കുലാകുമെന്നാണ് മനസ്സിലാക്കേണ്ടതു്.

കുട്ടികൾക്കു് ഗ്ലാസുപാത്രങ്ങളോടു് വലിയ ഭ്രമമാണ്. അതു് കളിപ്പാട്ടങ്ങളെപ്പോലെ തിളക്കമുള്ളതായതിനാൽ ചിമ്മിനിയോ ഗ്ലാസോ കുപ്പിയോ ഫ്ളാസ്ക്കോ കണ്ടാലുടൻ അതിനുവേണ്ടി കൊച്ചുകുട്ടികൾ കരയാൻതുടങ്ങും. കുട്ടിയുടെ കരച്ചിൽ ശമിപ്പിക്കാൻ വാത്സല്യമേറിയ മാതാപിതാക്കൾ അതവർക്കു കൊടുത്തെന്നും അതുകൊണ്ടു് അവരെ കളിക്കാൻ അനുവദിച്ചെന്നും വരാം.

ജീവചരിത്രം

## വി. ഇഗ്നേഷ്യസ് "ക്രിസ്തുവിനെ ധരിക്കുന്നവൻ"

വി. പത്രോസിന്റെ രണ്ടാമത്തെ പിൻഗാമിയായി അന്ത്യോക്യായിൽ ഭരണംനടത്തിയ വി. ഇഗ്നേഷ്യസ് അപ്പസ്തോലികപിതാക്കന്മാരിൽ പലതുകൊണ്ടും പ്രമുഖനായിരുന്നു. വി. യോഹന്നാൻ ഏവൻഗേലിസ്തായുടെ ഉററശിഷ്യനായി ഈ വന്ദ്യൻ അറിയപ്പെടുന്നു. ട്രാജൻചക്രവത്തിയുടെ മുമ്പാകെ വിശുദ്ധൻ ഹാജരാക്കപ്പെട്ടു. "എന്റെ കല്പനകളെ ലംഘിക്കയും, അന്യരും അപ്രകാരംചെയ്തു മരണം കൈവരിക്കുന്നതിനു പ്രേരിപ്പിക്കയും ചെയ്യുന്ന നീ ആരാണു പിശാചേ!" എന്നായിരുന്നു ചക്രവത്തിയുടെ ചോദ്യം. "ക്രിസ്തുവിനെ ധരിക്കുന്നവനായ എന്നെ പിശാചെന്നു സംബോധനം ചെയ്യുന്നതു ഒരിക്കലും വിഹിതമല്ല" എന്നു വിശുദ്ധൻ ധൈര്യസമേതം പ്രതിവചിച്ചു. ഏതാനും നേരത്തെ ചോദ്യോത്തരങ്ങളുടെശേഷം ക്ഷുഭിതനായ ചക്രവത്തിവിശുദ്ധനെ ബന്ധിച്ചു് റോമിൽ കൊണ്ടുചെന്നു് വിനോദരംഗത്തുവച്ചു് ക്രൂരമൃഗങ്ങൾക്കു എറിഞ്ഞുകൊടുപ്പാൻ വിധികല്പിക്കയാണു ചെയ്തതു്. ഒരു ക്രിസ്ത്യാനി ക്രിസ്തുവിനെ ധരിക്കുന്നവനാണെന്നും, ആ നാമത്തിൽ അവൻ അഭിമാനംകൊള്ളണമെന്നും, മരണം വരിപ്പാനും സന്നദ്ധനായിരിക്കണമെന്നും വിശുദ്ധൻ തന്റെ മാതൃകയാൽ കാണിച്ചുതരികയത്രെ ചെയ്തതു്.

റോമിലേക്കുള്ള വഴിമദ്ധ്യേ വി. ഇഗ്നേഷ്യസ്മെത്രാൻ പല സ്ഥലങ്ങളിലുള്ള വിശ്വാസികൾക്കായി ഏതാനും ലേഖനങ്ങൾ എഴുതിയിട്ടുണ്ടു്. മിശിഹായ്ക്കുവേണ്ടി വീരമരണം പ്രാപിക്കുന്നതിനു് അദ്ദേഹത്തിനുണ്ടായിരുന്ന അതിയായ ദാഹം പ്രസ്തുത കത്തുകളിലെല്ലാം പ്രകടമാക്കിയിരിക്കുന്നു. റോമിലെ സഭയ്ക്കുള്ള എഴുത്തിൽ പറയുന്നു: "ലോകമാസകലം ഭരണം നടത്തുന്നതിനേക്കാൾ ഈശോമിശിഹായ്ക്കുവേണ്ടി മരണംവരിപ്പാൻ ഞാനാഗ്രഹിക്കുന്നു. നമുക്കുവേണ്ടി മൃത്യുവടഞ്ഞ ആ കർത്താവിനെ ഞാൻ തേടുന്നു; നമുക്കുവേണ്ടി പുനരുത്ഥാനംചെയ്ത അവിടുത്തെ മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു. എന്റെ ലക്ഷ്യമായ അവിടുത്തെ ഞാൻ പ്രാപിക്കാറായിരിക്കുന്നു. സഹോദരങ്ങളേ! ആ ജീവനെ ഞാൻ പ്രാപിക്കുന്നതിനു നിങ്ങൾ പ്രതിബന്ധമായേക്കരുതേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു......."

## വിശുദ്ധപത്താം പീയൂസിന്റെ

അതിമനോഹരമായ ത്രിവർണ്ണചിത്രം

സൈസ് 13½ ഇഞ്ച് × 9 ഇഞ്ച്

—നല്ല ആർട്ട്പേപ്പർ—

ഒന്നിനു് 4 അണ.

10-ൽ കൂടുതൽ ¼ കമ്മീഷൻ.

മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം-1

റോമയിലെ സുപ്രസിദ്ധ വിനോദപ്രകടനങ്ങളുടെ അവസാനദിവസമാണ് വി. ഇഗ്നേഷ്യസ് അവിടെയെത്തിയതു്. ജനങ്ങളുടെ ഹർഷാരവമദ്ധ്യേ അദ്ദേഹം രണ്ടു ഘോരസിംഹങ്ങൾക്കു എറിഞ്ഞുകൊടുക്കപ്പെട്ടു. തദവസരത്തിൽ വിശുദ്ധൻ പ്രസ്താവിച്ചു: "ഞാൻ കർത്താവിന്റെ ഗോതമ്പാണ്. മിശിഹായുടെ പരിശുദ്ധ അപ്പമായിത്തീരുന്നതിനു ഈ മൃഗങ്ങളുടെ പല്ലുകളാൽ ഞാൻ പൊടിക്കപ്പെടേണ്ടിയിരിക്കുന്നു." ആ ദുഷ്ടമൃഗങ്ങൾ തൽക്ഷണം അദ്ദേഹത്തെ കടിച്ചുകീറി മാംസം മുഴുവൻ ഭക്ഷിച്ചു. അസ്ഥികൾമാത്രം അവശേഷിച്ചു. പ്രസ്തുത പൂജ്യാവശിഷ്ടങ്ങൾ ക്രിസ്ത്യാനികൾ ശേഖരിച്ചു് അന്ത്യോക്യായിലേക്കു കൊണ്ടുപോയി. അതുകൾ വഴിയായി അവിടെ നടന്ന നിരവധി അത്ഭുതങ്ങളെപ്പററി വി. ക്രിസോസ്തോം സവിസ്തരം എഴുതിയിട്ടുണ്ടു്.

### സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കുപുറമെ " 8—12—0

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1